
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

MALANKARASABHA

നവംബർ 2005




## പ. പരുമല തിരുമേനിയുടെ 103-ാം ഓർമ്മ പെരുനാൾ വിശേഷാൽ പതിപ്പ്

*Seventh Death Anniversary*

*November 14, 2005*

*In Everloving Memory of*

## MRS. MARY ZACHARIAH

June 26, 1906



Nov. 14, 1998

*" I have fought the good fight, I have finished the race,*
*I have kept the faith, Now there is in store*
*for me the crown of righteousness, which the Lord*
*will award to me on that day"' 2 Timo 4:7,8*

BABOO/BABY, CHARLIE/SARO, ALEX/PREMA

GRANDCHILDREN & GREAT GRAND CHILDREN

**MannilZach Bhavan**
**Thekkemala**
**Kozhencherry**


# മലങ്കരസഭ

ലക്കം 11, പുസ്തകം 61
നവംബർ 2005





## പത്രാധിപസമിതി

**പ്രസിഡന്റ്**
ഫീലിപ്പോസ് മാർ യൗസേബിയോസ്
Phone: (Off)0468 - 2222243, (Res)2325942

**വൈസ് പ്രസിഡന്റ്**
ഡോ. യൂഹാനോൻ മാർ മിലിത്തോസ്
ഫോൺ: 0487 - 2371039, 2371748 (Fax)

**ചീഫ് എഡിറ്റർ**
ഫാ.ഡോ. ജോൺ പണിക്കർ
ഫോൺ: 0481 - 2568083, 2566526

**അംഗങ്ങൾ**
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. കെ.എം. ജോർജ്ജ്
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫാ.ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
ഡോ. അലക്സാണ്ടർ കാരയ്ക്കൽ
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

**മാനേജിംഗ് എഡിറ്റർ**
ഫാ.റ്റി.എ. ഇടയാടി
ഫോൺ: 0468 - 3951387 (Res.)
Mob:-9447300908

**സബ് എഡിറ്റർ**
ഫാ. തോമസ് പി. മുകളിൽ
ഫോൺ: 0474 - 2651790 (Res.)
Mob:-9447421948

**ഓഫീസ് മാനേജർ**
ഫാ. അലക്സി മാത്യൂസ്
ഫോൺ: 0481 - 2471910 (Res.)


### വരിസംഖ്യ

| | | |
|---|---|---|
| **ഇന്ത്യയിൽ** | | |
| ഒറ്റപ്രതി | : | 7 രൂപ |
| ഒരു വർഷം | : | 75 രൂപ |
| 4 വർഷം | : | 300 രൂപ |
| 10 വർഷം | : | 750 രൂപ |
| **വിദേശത്തേക്ക്** | | |
| ഒരു വർഷം | : | 600 രൂപ |


*Cover Design & Type Setting:-*
**M.S. Graphics, Devalokam.**


# ഉൾത്തുടിപ്പുകൾ

CONTENTS


**എഡിറ്റോറിയൽ**

4 മലങ്കര റോമൻ റീത്തിന്റെ ചിന്തയ്ക്ക്
- ഫാ. ഡോ. ജോൺ പണിക്കർ

6 **മഹാപുരോഹിത സന്ദേശം**

**ലേഖനങ്ങൾ**

7 പ. പരുമല തിരുമേനിയുടെ ഉപദേശശതകം
- ഫാ. ഡോ. ജേക്കബ് കുര്യൻ

11 ഭക്ത വചനം
- എം. രാമവർമ്മ തമ്പാൻ

13 മരണാനന്തര ജീവിതം വിശ്വാസികളുടെ കാഴ്ചപ്പാടിൽ
- കെ. കെ. ഐസക്, ബാംഗ്ലൂർ

17 An Experience of a Historical Event....
- Fr. Bijesh Philip

21 The Divinity of Jesus Christ
- Mathews Barnabas Metropolitan

**യാത്രാവിവരണം**

23 ലാർണാക്കായുടെ കടൽകാറ്റിലുറങ്ങുന്ന കൂട്ടുകാരാ!
- റമ്പാൻ ലാസ്സറസ് ഒ.ഐ.സി. കോർ എപ്പിസ്ക്കോപ്പാ

ആരാധനാ പാരമ്പര്യം,
ധ്യാനപംക്തി, വിശ്വാസപാഠം,
ബൈബിൾ പദപ്രശ്നം, ബാലസഭ,
വായനക്കാരുടെ കത്തുകൾ
വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ



ദേവലോകം, കോട്ടയം - 686 038. ഫോൺ: 0481 - 2573234
Fax : +91 481 2573234

എഡിറ്റോറിയൽ

# മലങ്കര റോമൻ റീത്തിന്റെ ചിന്തയ്ക്ക്

"സ്വന്തം മൂഢത മനസ്സിലാക്കാൻ ഒരു മൂഢന് കഴിയുന്നെങ്കിൽ ആ ഒരു കാര്യത്തിലെങ്കിലും അവന് വിവേകമുണ്ടെന്ന് പറയാം. എന്നാൽ താൻ വിവേകിയാണെന്ന് സ്വയം കരുതുന്നവനാണ് യഥാർത്ഥ മൂഢൻ" - പഴമൊഴി.

ഒരു വിഡ്ഢിയോട് വാദിക്കുന്നത് അതിലുമേറെ വിഡ്ഢിത്തമാണെന്ന ബോദ്ധ്യമുള്ളതുകൊണ്ട് ഇതൊരു വാദമല്ല; മറിച്ച്, ഒരു തവണയെങ്കിലും ചിന്തിച്ചതിനുശേഷം വാക്കുകൾ പറയുന്നതിന് പ്രേരകമാകട്ടെ എന്ന ആശയോടാണിതെഴുതുന്നത്. മലങ്കര കത്തോലിക്കാ റീത്ത് പ്രസിദ്ധീകരണങ്ങളിൽ അടുത്തിടെയായി പ്രത്യക്ഷപ്പെടുന്ന ചില 'ആവേശ'ങ്ങളിലും 'അജ്ഞിനിവേശ'ങ്ങളിലും സഹതപിക്കുന്നു. ചങ്ങലയിൽ കിടന്നുകൊണ്ട് സ്വാതന്ത്ര്യത്തെക്കുറിച്ചും സ്വന്തമേൽവിലാസത്തിന്റെ തനിമയെക്കുറിച്ചും പുലമ്പുന്നവരോട് നല്ലതുപോലെ ചിന്തിച്ച ശേഷം പുലമ്പണമെന്ന് പറയുന്നത് അവിവേകമാണെങ്കിലും പൊറുക്കുക. ചില കാര്യങ്ങൾ ശ്രദ്ധയ്ക്കു വേണ്ടി കുറിക്കട്ടെ:

1. വെളുത്ത തൊലിയുള്ളവന്റേത് ദൈവമെന്നും അവൻ പറയുന്നതാണ് ദൈവശാസ്ത്രം എന്നുമുള്ള ഡോക്ടറെറ്റു വിചാരം അവസാനിപ്പിക്കാനുള്ള ആർജ്ജവത്വം ഉണ്ടാകേണ്ടിയിരിക്കുന്നു.

2. യൂറോപ്പിലും അമേരിക്കയിലും വീശിയടിച്ചു കൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി ഇപ്പോൾ നിങ്ങൾ എഴുതിക്കൂട്ടുന്ന പാശ്ചാത്യ ദൈവശാസ്ത്രത്തിൽ നിന്ന് പിൻമാറുവാൻ ഭാവിയിൽ കാരണമാകരുത്.

3. പൗരസ്ത്യ സഭകൾ സഭാശാസ്ത്രം പറയേണ്ടത് റോമിന്റേതായിരിക്കരുത്; പ്രത്യുത, വി. വേദപുസ്തകാടിസ്ഥാനത്തിൽ അവിഭജിത സഭയിലെ പിതാക്കന്മാരും സുന്നഹദോസുകളും പകർന്നു നൽകിയിരിക്കുന്ന രേഖകളുടെ പിൻബലത്തിലായിരിക്കണം.

4. ഉദ്ധരണികൾ എഴുതുന്നതും സംഭവങ്ങൾ വിവരിക്കുന്നതും അവയുടെ പശ്ചാത്തലത്തിന് പുറത്തുനിന്നുകൊണ്ടാകരുത്. അത് പെന്തക്കോസ്തുകാരുടെ സ്വഭാവമാണ്.

5. സഭാ തലവന്മാരുടെ സ്ഥാനാരോഹണങ്ങൾ, സഭകളിൽ രൂപപ്പെട്ടുവരുന്ന പ്രധാന വിശ്വാസ വിഷയങ്ങൾ തുടങ്ങി പലതും കൂട്ടായ്മയിലുള്ള എല്ലാ സഭകളെയും അറിയിച്ചിരിക്കണമെന്നത് പുരാതന സഭയുടെ പൊതു നിയമമാണ്. റോമിനെ മാത്രം അറിയിക്കണമെന്നത് ഏതു പാരമ്പര്യമാണ്?

6. പാത്രിയർക്കീസ്, കാതോലിക്കാ സ്ഥാനനാമങ്ങളുടെ രൂപീകരണ പശ്ചാത്തലം വായിക്കുവാൻ സമയം കിട്ടുമെങ്കിൽ ഒന്നു പഠിച്ചു പറയുന്നതു നല്ലതായിരിക്കും. റോമാ സാമ്രാജ്യത്തിലെ പ്രധാന പട്ടണങ്ങളിലെ (റോം, അലക്സാന്ത്രിയ, കുസ്തന്തീനോപ്പോലീസ്, അന്ത്യോഖ്യാ, യെരുശലേം etc.) ബിഷപ്പുമാരെ കാതോലിക്കോസ് എന്നു വിളിച്ചിരുന്നു. ഇവയെല്ലാം ഒരേസമയം സാർവ്വത്രികവും പ്രാദേശികവുമായിരുന്നു. ഒന്നിന് മറ്റൊന്നിനോട് ഭരണപരമായോ മറ്റേതെങ്കിലും വിധത്തിലോ വിധേയത്വമുണ്ടായിരുന്നതായി ഒരു രേഖയിലും കാണുന്നില്ല. കാതോലിക്കാ, പാത്രിയർക്കീസ്, പോപ്പ് എന്നീ നാമങ്ങൾ പൊതു സഭാ ചരിത്രത്തിൽ തുല്യ സ്ഥാനികളല്ല എന്ന് ഏതെങ്കിലും കാനോനോ സഭാ പിതാവോ പറയുന്നുണ്ടോ? (റോമാക്കാർ പിന്നീട് പൗരസ്ത്യമെന്നും പാശ്ചാത്യമെന്നും കൈയ്യുമുള്ള പേരുകളിൽ രൂപപ്പെടുത്തിയിരിക്കുന്ന കാനോനുകൾ ഉദ്ധരിച്ചായിരിക്കരുത്. പഴയ കാല കാനോനുകൾ വികലമാക്കുകയുമരുത്!). സ്ഥാന നാമങ്ങളിൽ വലിപ്പ ചെറുപ്പം വന്നു തുടങ്ങിയത് റോമാ ബിഷപ്പിന്റെ അധീശത്വ മനോഭാവം കൊണ്ടും മറ്റ് രാഷ്ട്രീയ-ഭൂമിശാസ്ത്ര കാരണങ്ങൾകൊണ്ടുമാണ്.

7. മഫ്രിയാനാ-കാതോലിക്കാ നാമങ്ങളിലെ അർത്ഥ വ്യത്യാസം ഓർത്തഡോക്സ് സഭയ്ക്കു നല്ലതുപോലെ അറിയാം. 1912-ൽ ഭാരതത്തിൽ സ്ഥാപിതമായ കാതോലിക്കേറ്റ് സുറിയാനിക്കാർ മനസ്സിലാക്കുന്ന മഫ്രിയാനയുടെ അർത്ഥത്തിലോ അല്ലാതെയോ ആയിരിക്കാം. എന്നാൽ, 1934-ൽ രൂപം കൊണ്ടതും ഭാരതത്തിന്റെ പരമോന്നത നീതിപീഠം അംഗീകരിച്ചതുമായ ഭരണഘടനയുടെ അടിസ്ഥാനത്തിൽ ഭാരത ഓർത്തഡോക്സ് സഭയുടെ കാതോലിക്കേറ്റ് സ്വയശീർഷകത്വമുള്ളതും സ്വയം ഭരണമുള്ളതുമാണ്. ഈ പ്രധാന തത്വത്തിനു തുരങ്കം വയ്ക്കാനെന്ന രീതിയിൽ ഇപ്പോൾ രൂപം കൊണ്ടിരിക്കുന്ന "കാതോലിക്കാ" തന്ത്രങ്ങളെ എതിർക്കേണ്ടതല്ലയോ?


8. എക്യുമെനിസം എന്നത് എല്ലാവരും റോമാ പാപ്പായുടെ കീഴിലാവുക എന്നല്ല, ക്രിസ്തുവിൽ ഒന്നാവുക എന്നാണ് (യോഹ. 17:21). മാർപാപ്പാ ക്രിസ്തുവല്ല എന്നത് മറക്കരുത്. പത്രോസിനോ തോമായ്ക്കോ അല്ല കർത്താവിൽ നിന്നു വരുന്ന ശ്ലൈഹികതയ്ക്കാണ് പ്രാധാന്യം എന്നത് ഉൾക്കൊള്ളുവാനുള്ള വിവേകം കാട്ടണം. ചരിത്രത്തിൽ വ്യത്യസ്ത വ്യക്തികളിലൂടെ വ്യത്യസ്ത ദേശങ്ങളിൽ ദൈവകരുണയാൽ ലഭ്യമായതാണ് ശ്ലൈഹികത. അത് റോമിൽ മാത്രമേയുള്ളൂ എന്നു പറയുന്ന സിദ്ധാന്തം വേദവിപരീതമാണ്. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്റെ അർത്ഥം മാർത്തോമിക മെന്നല്ല, ശ്ലൈഹികം എന്നു തന്നെയാണെന്നാണ് ഓർത്തഡോക്സ് സഭയുടെ ബോധ്യം.

9. ഓർത്തഡോക്സ് സഭയുടെ പൊട്ടക്കിണറ്റിലെ വിദ്യാഭ്യാസത്തിൽ നിന്ന് ഇനിയും ധാരാളം ബോധ്യപ്പെടുത്തുവാനുണ്ട്. പക്ഷേ ഈ പൊട്ടക്കിണറ്റിൽ നിന്നും പുറത്തു ചാടി നീർക്കോലിയുടെ വായിൽ കയറിയിരുന്ന് സ്വാതന്ത്ര്യത്തിന്റെ വാമൊഴിയടിക്കുന്ന പണി ഇനിയും നിർത്താത്ത റീത്തുകാരോട് എന്തു പറയാനാണ്?

10. എന്തുകൊണ്ട് ഓർത്തഡോക്സ് സഭ മാത്രം റീത്തുകാരുടെ പ്രവർത്തനങ്ങളെ എതിർത്തു പറയുന്നു എന്നാൽ വഴിപിഴച്ചുപോയ മക്കളെക്കുറിച്ച് വേദനയുള്ള അമ്മയായതുകൊണ്ട് അതിനുള്ള അവകാശം ഈ അമ്മയ്ക്കു മാത്രമേയുള്ളൂ എന്നു ചിന്തിച്ചാൽ മതി.

'ഇസം' ഭക്തിയുടെ തോട്ടിപ്പണിക്കപ്പുറം നേരിനെ നേർക്ക് നേർ കാണുവാൻ കരളുറപ്പ് കാണിക്കുക. അല്ലാതെ സാതന്ത്ര്യത്തിന്റെ തീവെട്ടത്തിൽ തെളിയുന്ന സ്വന്തം നഗ്നത കണ്ട് അത് മറയ്ക്കാൻ വീൺ വാക്കുകളുടെ ആടകളണിയുന്നത് ആർക്കും ഭൂഷണമല്ല. വെറും പരീശനാകാതിരിക്കുക.

**- ജോൺ പണിക്കരച്ചൻ**



**നൈഷ്ഠിക ജീവിതത്തിലൂടെ മലങ്കരയുടെ മാതൃകയായിത്തീർന്ന ശ്രേഷ്ഠാചാര്യന് മംഗളാശംസകൾ. പ. പിതാക്കന്മാരിൽ നിന്നും നേരിട്ടറിഞ്ഞ വിശ്വാസക്കനലുകളെ ചൂരും, ചൂടും മങ്ങാതെ കാക്കുന്ന അങ്ങയുടെ വലിയ ഇടയത്വത്തിൽ ഞങ്ങൾ ആഹ്ലാദിക്കുന്നു. സ്വച്ഛതയുള്ള ജലം നൽകുന്ന ശീതളിമയിൽ സ്വസ്ഥരായ ആട്ടിൻ പറ്റത്തിന്റെ സ്നേഹങ്ങൾക്കൊപ്പം മലങ്കരസഭാ മാസികയുടെ പിറന്നാളാശംസകൾ**

**(2005 ഒക്ടോ. 29. 85-ാം പിറന്നാൾ)**



വാത്സല്യമക്കളേ,

വാർദ്ധക്യത്തിലും ശാരീരിക ക്ഷീണത്തിലും ആയിരിക്കുന്ന ബലഹീനനായ നാം നമുക്കുവേണ്ടിയും നമ്മുടെ സഭയ്ക്കു വേണ്ടിയും നിങ്ങളുടെ പ്രാർത്ഥന ആവശ്യപ്പെട്ടുകൊണ്ട് ചില കാര്യങ്ങൾ അറിയിക്കട്ടെ.

പരിശുദ്ധ സഭയുടെ ആരാധനാ വർഷം ആരംഭിച്ചിരിക്കുകയാണല്ലോ. സഭയുടെ ശുദ്ധീകരണത്തിന്റെയും പുനഃപ്രതിഷ്ഠയുടെയും അനുഭവത്തിലൂടെ വചനമാം ദൈവത്തിന്റെ മനുഷ്യാവതാരപ്പെരുന്നാളിനുവേണ്ടി നാം ഒരുങ്ങുകയാണ്. സഭ ദൈവത്തിന്റേതാണെന്നും ദൈവത്തിന്റെ സഭയെ പണിതുയർത്തേണ്ട കാര്യവിചാരകൻമാരാണ് നാമെന്നും ഈ അവസരത്തിൽ ഏവരും ചിന്തിക്കണം. പ്രതിസന്ധികളിലൂടെയും വ്യവഹാരങ്ങളിലൂടെയും കടന്നു പോകുന്ന സഭയ്ക്ക് അനുരഞ്ജനം വഴിയുള്ള ശുദ്ധീകരണത്തിനും പുനഃപ്രതിഷ്ഠക്കും വേണ്ടി നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ശ്രമിക്കുകയും ചെയ്യാം.

മഹാപുരോഹിത സന്ദേശം

ദൈവസ്നേഹത്തിൽ വസിക്കുക എന്നതാണ് നമ്മുടെ ഇന്നത്തെ ആവശ്യം. പിതൃ പുത്ര പരിശുദ്ധ റൂഹായാം ത്രീയേക ദൈവത്തിന്റെ കല്പനകൾ പ്രമാണിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നവർക്ക് ആത്മീയാനന്ദവും സന്തോഷവും ഉണ്ടാകും. സ്നേഹിതന്മാർക്ക് വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികം സ്നേഹമില്ല എന്ന് നമ്മുടെ കർത്താവ് കൽപ്പിച്ചിരിക്കുന്നത് പ്രാവർത്തികമാക്കുവാൻ സഭയുടെ ആരാധനാവർഷാരംഭം നമ്മെ സഹായിക്കട്ടെ എന്ന് ബലഹീനനായ നാം പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

വീണ്ടും വാത്സല്യ മക്കളേ,

നവംബർ മാസം നമുക്ക് തീർത്ഥാടന മാസമാണ്. നൂറു വർഷങ്ങൾക്കു മുമ്പ് 'സാക്ഷികളുടെ സമൂഹ'ത്തിലേക്ക് പ്രവേശിക്കുകയും ജാതിമത ഭേദമെന്യേ അനേകരുടെ മദ്ധ്യസ്ഥനായി പരിലസിക്കുകയും ചെയ്യുന്ന മലങ്കരയുടെ പരിശുദ്ധ പരുമല തിരുമേനിയുടെ വിശ്രമ കേന്ദ്രത്തിൽ നിന്ന് പ്രവഹിക്കുന്ന ദിവ്യ പരിമളത്തിന്റെ അംശം പ്രാപ്യമാക്കിക്കൊണ്ട് കർത്താവിലേക്കു വളരുവാൻ നമ്മെ ഒരുക്കുന്ന തീർത്ഥാടനം. മലങ്കരസഭയുടെ വിശുദ്ധൻ എന്ന നിലയിൽ സകല സ്വർഗ്ഗീയ ഗണത്തോടും ചേർന്നു നിന്നുകൊണ്ട് ഏക മദ്ധ്യസ്ഥനും സർവ്വലോക രക്ഷിതാവുമായ കർത്താവിന്റെ സന്നിധിയിൽ നമുക്കേവർക്കും വേണ്ടി അദ്ദേഹം പ്രാർത്ഥിക്കുന്നു. നീതിമാന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു (യാക്കോ. 5:10). വിശുദ്ധരുടെ മദ്ധ്യസ്ഥത പ്രാർത്ഥനാ മദ്ധ്യസ്ഥതയാണ്. ശരീരത്തോടിരുന്നാലും ശരീരം വിട്ടാലും ക്രിസ്തുവിനെ പ്രസാദിപ്പിച്ചുകൊണ്ട് (2 കൊരി. 5:8) സജീവരായി കഴിയുന്ന വിശുദ്ധർക്ക് പ്രാർത്ഥിക്കുക എന്ന ദൗത്യം മാത്രമാണുള്ളത്. ആകയാൽ കർത്താവിന്റെ സഭയിലെ അംഗങ്ങളെന്ന നിലയിൽ വിശുദ്ധനോടു ചേർന്ന് നമുക്ക് ദൈവത്തെ സ്തുതിക്കാം.

നമ്മുടെ കർത്താവിന്റെ ശിഷ്യന്മാരായ ഫിലിപ്പോസ്, അന്ത്രയോസ് എന്നീ അപ്പോസ്തോലന്മാരെയും സത്യ വിശ്വാസ സംരക്ഷകനായ സ്വർണനാവുകാരൻ മാർ ഈവാനിയോസ്, മാർ യാക്കോബ് ബുർദ്ദാന എന്നിവരെയും ബലഹീനനായ നമ്മുടെ മുൻഗാമിയും ധീരനുമായിരുന്ന പ. മാത്യൂസ് പ്രഥമൻ ബാവാ തിരുമേനിയെയും പഴയസെമിനാരി സ്ഥാപകനായ പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് പിതാവിനെയും വൈദിക സെമിനാരി പ്രിൻസിപ്പാളായിരുന്ന പൗലോസ് മാർ ഗ്രീഗോറിയോസ് പിതാവിനെയും കടവിൽ മാർ അത്താനാസ്യോസ് പിതാവിനെയും ഒക്കെ പ്രത്യേകമായി ഓർക്കുന്ന നാളുകളാണ് നവംബർ മാസത്തിലുള്ളത്. നമ്മുടെ പിതാക്കന്മാർ തെളിച്ചുതന്ന വിശ്വാസ ദീപം അണയാതെ കാത്തു സൂക്ഷിക്കുവാൻ നാം ഓരോരുത്തരും ഒരുങ്ങണം. ത്രീയേക ദൈവം നിങ്ങളെ ഏവരെയും അനുഗ്രഹിക്കട്ടെ!.



ലേഖനം

# പ. പരുമല തിരുമേനിയുടെ ഉപദേശശതകം

*ഫാ. ഡോ. ജേക്കബ് കുര്യൻ തയ്യാറാക്കി 'പരുമല സമൃതി'യിൽ പ്രസിദ്ധം ചെയ്തത് വായനക്കാരുടെ താല്പര്യ പ്രകാരം പുനഃപ്രസിദ്ധീകരിക്കുന്നു.*

ഫാ. ഡോ. ജേക്കബ് കുര്യൻ



**1. വൈദികർക്ക് പ്രബോധനം ആവശ്യം**

"…. ദൈവത്തിന്റെ ശുശ്രൂഷക്കാരായ പട്ടക്കാർ എല്ലാവരും അവർക്കുള്ള ആത്മീയ വിളിയുടെ താല്പര്യം ഗ്രഹിച്ച് ഏകരീതിയിൽ ഒരുമ്പെട്ടു കർത്താവിന്റെ വേലയെ വെടിപ്പായി നടത്തുന്നവരാകുവാൻ ഉപദേശിക്കപ്പെടണം." (കല്പന: 1892 കുംഭം 29)

**2. 'പഠിത്വ'ത്തിന്റെ പ്രാധാന്യം**

"... ദൈവികത്വത്തിലും ലൗകികത്തിലും പ്രകാശവും ജീവനുമായിട്ടുള്ളത് പഠിത്വമെന്നല്ലാതെ അതിനു ശരിയായി വേറൊന്നുമില്ലെന്ന് ഏവരും സമ്മതിക്കുന്നതാകുന്നു നമ്മുടെ പിതാവായ മശിഹാതമ്പുരാൻ തന്റെ സകല കൃപകളിലും ഒന്നാമതായി നടത്തിയതും തന്റെ ശിഷ്യന്മാരെ പ്രത്യേകം ഭരമേല്പിച്ചതും പഠിത്വമാകുന്നു" (കല്പന 1892 കുംഭം 29).

**3. വൈദികർ സൂക്ഷ്മത ഉള്ളവരാകണം**

"നമുക്ക് ഏൽപിക്കപ്പെട്ടിരിക്കുന്ന കട്ടിവിരാകന്റെ കണക്കെടുത്തു വിളിക്കുമ്പോൾ നാം എന്തുത്തരം പറയേണ്ടുയെന്നു വച്ചു ഭ്രമിപ്പിൻ. മടിയനായ ദാസനെ കൈയുംകാലും കെട്ടി എവിടേക്കു തള്ളിയിറക്കിയെന്നും ഓർത്തു വ്യസനിപ്പിൻ." (കല്പന 1892 കുംഭം 29)

**4. സാത്താൻ**

"നമ്മുടെ ശത്രുവായ സാത്താൻ ഒരിക്കലും ഉറങ്ങുന്നില്ല. അവൻ നമ്മെ ദുർമോഹം, മദ്യപാനം മുതലായവകളാൽ രസിപ്പിച്ച് ഉറക്കുവാനും അവന്റെ സൈന്യത്തെ കവർച്ചയിൽ സന്തോഷവും ആശയും കൊടുത്തു ഉണർത്തുവാനും അത്രെ രാവും പകലും ഉള്ള അവന്റെ ശ്രമം" (കല്പന 1892. കർക്കടകം 23)

**5. സഭാംഗങ്ങളുടെ പാപം മൂലം സഭയ്ക്കുണ്ടാകുന്ന നഷ്ടം**

"… തിരുസഭയുടെ മക്കളാകുന്ന നമ്മുടെ പാപം നിമിത്തം വളരെക്കാലം ശത്രുക്കളുടെ കൈയിൽ നമ്മെ ഏല്പിക്കുകയും അവർ മേല്പറഞ്ഞ നമ്മുടെ ആലയത്തിന്റെ കോട്ടകളും പൂട്ടുകളും കുറ്റികളും ഭിത്തികളും തകർക്കുകയും അതിൽനിന്നു റൂഹായ്ക്കടുത്ത ആട്ടിൻകൂട്ടങ്ങളിൽ ചിലതിനെ ചീന്തുകയും ചിലതിനെ ചിതറിക്കുകയും ചിലതിനെ പിടിച്ചുകൊണ്ടു പോകയും ശേഷമുള്ളവ ഭയന്ന് ഓടിയൊളിക്കുകയും ചെയ്തിരിക്കുന്നു" (കല്പന 1892 കർക്കടകം 23)

**6. ക്രിസ്തീയ കാര്യവിചാരകത്വം**

"… കൃമികളായ നാം മഹോന്നതനായിരിക്കുന്ന തനിക്കു സ്വല്പമായി ചെയ്യുന്ന ദാനത്തിന് അളവില്ലാത്ത പ്രതിഫലം നല്കുമെന്നുള്ള ആ തന്റെ വാഗ്ദത്ത എത്ര കരുണയേറിയതെന്നു വിചാരിപ്പിൻ" (കല്പന 1892 കർക്കടകം 23)

**7. സൂക്ഷിക്കേണ്ട ദുരുപദേശങ്ങൾ**

"പ്രസംഗം കേട്ടു രക്ഷിക്കപ്പെടാൻ കൈപൊക്കണമെന്നും അങ്ങിനെയുള്ളവനു പിന്നെ പാപം

# ശുശ്രൂഷകനെ ആവശ്യമുണ്ട്

ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് ഇടവക പള്ളിയിലെ ശുശ്രൂഷക്കാരൻ/സൂക്ഷിപ്പുകാരൻ എന്ന തസ്തികയിലേക്ക് താല്പര്യമുള്ള വ്യക്തികളിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

അപേക്ഷകൻ മലങ്കര ഓർത്തഡോക്സ് സഭാംഗവും 25-നും 40-നും ഇടയിൽ പ്രായം ഉള്ള ആളും, ഹയർ സെക്കൻണ്ടറി വിദ്യാഭ്യാസം ഉള്ള ആളും ആയിരിക്കണം.

അപേക്ഷകൻ പള്ളി ശുശ്രൂഷകളിൽ പരിചയ സമ്പന്നനും നല്ല താല്പര്യമുള്ളവനും സൽസ്വഭാവിയും കാലാവധിയുള്ള ഇൻഡ്യൻ പാസ്പോർട്ട് ഉള്ള ആളും യാതൊരുവിധ നിയമ നടപടികളിൽ ഉൾപ്പെട്ട് ശിക്ഷ അനുഭവിച്ചിട്ടില്ലാത്ത വ്യക്തിയും ആയിരിക്കണം.

അപേക്ഷകനെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയ അപേക്ഷ ഇപ്പോഴത്തെ ഫോട്ടോ സഹിതം ഇടവക വികാരിയുടെ സാക്ഷ്യപ്പെടുത്തലോടു കൂടി നവംബർ 20-ാം തീയതിക്ക് മുമ്പ് ലഭിക്കത്തക്കവണ്ണം താഴെ പറയുന്ന മേൽവിലാസത്തിൽ അയയ്ക്കുക.

**The Vicar**
**St. Thomas Orthdox Church**
**P.O. Box No. 2563**
**Dubai, U.A.E.**

Note:- 1. ആരുടെയും ശുപാർശകൾ സ്വീകാര്യമല്ല.
2. ഫാമിലിക്ക് താമസിക്കുവാനുള്ള സൗകര്യം ലഭ്യമല്ലായിരിക്കും.




മലങ്കര സഭാ മാസിക
ചരിത്ര ലേഖനങ്ങൾ.....
പുസ്തകം 32, 1977, ലക്കം 1

## പാഠം – അഞ്ച്

# ഭക്ത വചനം

സ്ക്കൂൾ സിലബസിൽ ഉൾപ്പെടുത്തി പാഠപുസ്തകത്തിൽ ചേർത്തിരുന്ന പ്രഭാഷണം

**– എം. രാമവർമ്മ തമ്പാൻ ബി.ഏ.എൽ.റ്റി.**

**നിതാന്ത വന്ദ്യ ദിവ്യ ശ്രീ മോറാൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകൾ ജെറുശലേം എന്ന പുണ്യസ്ഥലം സന്ദർശിച്ചു തിരിച്ചു വന്ന സമയം പരുമല പള്ളിയിൽ കൂടിയിരുന്നവരോട് കല്പിച്ചത്.**

സഹോദരങ്ങളെ,

നമുക്ക് ഏറ്റവും പുണ്യസ്ഥലമായ ഊർശ്ലേം സന്ദർശിച്ച് ഇതാ ദൈവത്തിന്റെ അനുഗ്രഹത്താൽ നാം ഇന്ന് തിരിയെ വന്നിരിക്കുന്നു. ഇനിയും ദൈവത്തിന്റെ കല്പന നടത്താനാണ് അദ്ദേഹം നമ്മോട് ആജ്ഞാപിച്ചിരിക്കുന്നത്. അതു തന്നെ നാം ചെയ്യുന്നു. കണ്ണിന് ചെവിയേക്കാൾ അധികം ഗ്രഹണശക്തിയുണ്ടെന്നുള്ളത് സർവ്വസമ്മതമാകുന്നു. കേട്ടു വിശ്വസിക്കുന്നതിനേക്കാൾ കണ്ടു വിശ്വസിക്കുന്നതിൽ അധികമുറപ്പുണ്ടല്ലോ. നമ്മുടെ രക്ഷകന്റെ കഷ്ടാനുഭവങ്ങളെയും ഉപദേശങ്ങളെയും നിര്യാണത്തെയും പറ്റി വേദപുസ്തകത്തിൽ നിന്നു കിട്ടിയിരിക്കുന്ന അറിവ് ആ സംഭവങ്ങൾ നടന്ന സ്ഥലങ്ങളേയും അവിടെ ഇപ്പോഴും നിലനിൽക്കുന്ന അടയാളങ്ങളേയും കാണുമ്പോൾ മനസ്സിൽ ഇത്രത്തോളം ഉറയ്ക്കുമെന്ന് അനുഭവിച്ചെങ്കിലേ അറിയൂ. സാക്ഷാൽ ദൈവത്തെ വന്ദിക്കുന്നത് 'ഈ മലയിലല്ല, ഊർശ്ലേമിലുമല്ല; ആത്മാവിലും സത്യത്തിലുമാണ്.' ആകയാൽ ക്രിസ്ത്യാനികൾക്ക് ദൈവത്തെ എവിടെയിരുന്നും സേവിക്കാം. നാം അല്പവിശ്വാസികളും പാപികളും ആകയാൽ ചെവികൊണ്ട് ഗ്രഹിക്കാവുന്നതിലധികം കണ്ണുകൊണ്ടു ഗ്രഹിക്കുമ്പോൾ ഉണ്ടാകുന്ന വിശ്വാസസ്ഥിരതയും മനസ്സിന്റെ ഭക്തിയും ഊർശ്ലേം യാത്രയിൽ നിന്ന് ഉണ്ടാകുമെന്ന് നാം അനുഭവിച്ചറിഞ്ഞിരിക്കുന്നു. അവിടെ ഓരോ പുണ്യസ്ഥലത്തും ഞങ്ങൾ പ്രാർത്ഥിച്ചപ്പോൾ ഞങ്ങൾക്കുണ്ടായ മനസ്സിളക്കവും പാപ വിചാരവും അനുതാപവും ഭക്തിയും ഞങ്ങളുടെ ആയുസ്സിൽ ഒരിക്കലും അനുഭവിച്ചിട്ടില്ലാത്തമാതിരിയിലായിരുന്നു. ഞങ്ങളുടെ മനസ്സ് ദൈവത്തിൽ ലയിച്ചതുപോലെ തോന്നി. അവിടെ നിന്ന് എഴുന്നേൽക്കാതെ സദാ പ്രാർത്ഥിച്ചുകൊണ്ടു കിടന്നാലോ എന്നു തോന്നി ഞങ്ങളുടെ മനസ്സുരുകി.

അയ്യായിരമല്ല അൻപതിനായിരം രൂപാ ചെലവിട്ടാലും ഇത്ര അഗാധമായും സ്ഥിരമായും ഉള്ള ഒരു വിശ്വാസവും അനുതാപവും പാപബോധവും ഉണ്ടാകുമോ എന്നു സംശയമാണ്. ആത്മാവിന്റേയും സത്യത്തിന്റേയും പൂർണ്ണത പ്രാപിക്കുവാൻ ഈ കാഴ്ച ഏറ്റവും ഉപയോഗമുള്ളതാകകൊണ്ട് നമ്മുടെ ജനങ്ങളിൽ കഴിവുള്ളവരെല്ലാം ഈ പുണ്യസ്ഥലങ്ങൾ സന്ദർശിക്കേണ്ടതാണെന്ന് നിങ്ങളോട് ഉപദേശിച്ചുകൊള്ളുന്നു.

ക്രിസ്ത്യാനികളായ നാം ചെയ്യേണ്ടത് എന്തെല്ലാമാണെന്ന് ആലോചിക്കാം. ഈ നാട്ടിൽ അജ്ഞാനികളായി ദാരിദ്ര്യത്തിൽ മുഴുകി പാപം ചെയ്തും കഷ്ടപ്പെട്ടും വസിക്കുന്ന അനവധി ആളുകളുണ്ട്, താഴ്ന്ന ജാതിക്കാരെന്നു പറഞ്ഞുവരുന്ന പുലയർ മുതലായവർക്ക് രാജപാതയിൽ സഞ്ചാരമോ സമസൃഷ്ടങ്ങളോടുള്ള അടുപ്പമോ സാദ്ധ്യമല്ലാതെയാണ് ഇരിക്കുന്നത്. ഈ സാധുക്കൾക്ക് സത്യമായ ദൈവവിശ്വാസം ഉണ്ടാകേണ്ടതും അവരുടെ കഷ്ടപ്പാടുകൾ തീർക്കേണ്ടതും അവർക്ക് അറിവുണ്ടാക്കിക്കൊടുത്ത് അവരെ പാപങ്ങളിൽ നിന്നും കുറ്റങ്ങളിൽ നിന്നും രക്ഷിക്കേണ്ടതും നമ്മുടെ മുഖ്യമായ കർത്തവ്യമാകുന്നു. ഇവരെ ക്രിസ്തുമതത്തിൽ ചേർത്ത് ഇവർക്ക് പ്രത്യേകം പള്ളികൾ തൽക്കാലം ഉണ്ടാക്കി കൊടുക്കണം. ഇവരുടെ ഇപ്പോഴത്തെ താഴ്ന്ന സ്ഥിതിയിൽ നിന്ന് ഇവർ ഉയർന്നു വരുന്നതോടുകൂടി ഇവരെയും നമ്മുടെ പള്ളികളിൽ പ്രവേശിപ്പിച്ചുകൊള്ളാം. പള്ളിക്കൂടങ്ങളും ഇപ്രകാരം ആദ്യം പ്രത്യേകമായും പിന്നീട് സാധാരണമായും കൊടുക്കണം. ഈ വിഷയത്തിൽ നാം ചെയ്തിട്ടുള്ള ശ്രമം വളരെ വളരെ വർദ്ധിപ്പിക്കാനുണ്ട്. ഇവരുടെ ഇടയിൽ സുവിശേഷ പ്രസംഗങ്ങൾ നടത്തണം.

ഈ നാട്ടിൽ ക്രിസ്ത്യാനികളുടെ ഇടയിൽ മാത്രമല്ല മറ്റു മതക്കാരുടെ ഇടയിലും ഇംഗ്ലീഷ് സ്ക്കൂളുകൾ സ്ഥാപിക്കേണ്ടത് സുവിശേഷ പ്രചാരത്തിന് ഉത്തമമായ മാർഗ്ഗമാണ്. ദൈവാനു

ഗ്രഹം സിദ്ധിച്ചിട്ടുള്ള മഹാന്മാർ ഇംഗ്ലീഷിൽ എഴുതിയ പുസ്തകങ്ങളായിരിക്കുമല്ലോ വിദ്യാർത്ഥികൾ ഈ സ്ക്കൂളുകളിൽ പഠിക്കുന്നത്. ആ മഹാന്മാർ ക്രിസ്ത്യാനികളാണല്ലൊ. അവരുടെ പുസ്തകങ്ങൾ പഠിക്കുമ്പോൾ യഥാർത്ഥമായ ക്രിസ്തീയ തത്വങ്ങൾ വിദ്യാർത്ഥികളിൽ വേരൂന്നാതിരിക്കുന്നതെങ്ങനെ? പിന്നെ ഈ വിദ്യാർത്ഥികൾ കേവലം വേഷം കൊണ്ട് തൃപ്തിപ്പെട്ടു വരുന്നു എന്ന് ഒരു വിശ്വാസം പരന്നു കാണുന്നതിൽ നാം വ്യസനിക്കുന്നു. ഇവർ മതം, സാന്മാർഗ്ഗിക നിഷ്ഠ ഇവയ്ക്കു വിപരീതമായ ഒരു നില അവലംബിക്കുന്നു എന്നു കേൾക്കുന്നുണ്ടെങ്കിലും അതും നാം തീരെ വിശ്വസിക്കുന്നില്ല. അങ്ങനെ വരികയാണെങ്കിൽ ഈ അഭ്യസനം കൂടിയേ തീരൂ എന്നില്ല. ഈ വക പുസ്തകങ്ങൾ പഠിച്ച അനവധി ഇംഗ്ലീഷുകാർ ഇങ്ങനെ തീർന്നില്ലല്ലൊ. ഇവിടെ ഈ പുസ്തകങ്ങളും ഈ അഭ്യസനവും ദോഷകരമായിത്തീരുമോ? ഒരിക്കലുമില്ല. അതിനാൽ ഇംഗ്ലീഷ് സ്ക്കൂളുകൾ പലയിടങ്ങളിലും ഇനിയും സ്ഥാപിക്കണം.

ജനങ്ങളുടെ ഇടയിൽ സത്യം, സന്മാർഗ്ഗാചരണം, വിശ്വാസം, ഭക്തി, പരസ്പര ബഹുമാനം ഇവ വളർത്താൻ വിദ്യാഭ്യാസത്തെ സഹായിക്കുന്നതത്രെ പ്രാർത്ഥന, നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നൻ ഒരിക്കലും അസത്യവാനോ, ദുർമ്മാർഗ്ഗിയോ അവിശ്വാസിയോ, ഭക്തി ഹീനനോ, ജനദോഷിയോ, സ്വാമിദ്രോഹിയോ, ആയിത്തീരുന്നില്ല. പ്രാർത്ഥന എന്നത് ശൈശവത്തിലെ ഉത്സാഹവും, യൗവ്വനത്തിലെ ആശ്രയവും, വാർദ്ധക്യത്തിലെ സമാധാനവുമാകുന്നു. ഹൃദയം നിറഞ്ഞ ഭക്തിയോടെ ചെയ്യുന്ന പ്രാർത്ഥന ദൈവം കൈക്കൊൾകയും ഒരനുഗ്രഹരൂപമായി അതു നമുക്കു തിരിയെ ലഭിക്കുകയും ചെയ്യും. സമസൃഷ്ടങ്ങളെ ആര് നല്ലവണ്ണം സ്നേഹിക്കുന്നുവോ അവനത്രെ യഥാർത്ഥ ദൈവഭക്തൻ. വസ്തുക്കളുടെ വലിപ്പച്ചെറുപ്പം വകവയ്ക്കാതെ ഒരുപോലെ ആര് ഉൾക്കൊണ്ട് അവയെ സ്നേഹിക്കുന്നുവോ അവനത്രെ ഉത്തമനായ ദൈവഭക്തൻ. എന്തെന്നാൽ ദൈവം സൃഷ്ടിക്കുന്നതെല്ലാം നമുക്ക് സ്നേഹിക്കാനാണ്, നമുക്ക് സ്വപ്നത്തിൽ പോലും വിചാരിക്കാൻ കഴിയുന്നതിലധികം കാര്യങ്ങൾ പ്രാർത്ഥനയാൽ സാദ്ധ്യമാണ്. ദൈവത്തെ അറിഞ്ഞിട്ടും കൈ മലർത്തി തങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കയില്ലെങ്കിൽ എങ്ങനെയാണ് മനുഷ്യനെ ഭാവിലേശം പോലും അറിയാതെ ജീവിക്കുന്ന ബുദ്ധിഹീനങ്ങളായ ജന്തുക്കളേക്കാൾ ശ്രേഷ്ഠനാണെന്നു പറയുന്നത്. ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പലവിധത്തിലും ദൈവത്തിന്റെ പാദാരവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ. അതിനാൽ രാപ്പകൽ ഭക്തിയോടുകൂടി ഉച്ചത്തിൽ ദൈവത്തെ പ്രാർത്ഥിപ്പീൻ. ഈ പ്രാർത്ഥന നമ്മിലുള്ള ഇരുളു നീങ്ങാനും തളർച്ച തീരാനും വേണ്ട കാര്യങ്ങൾ സാധിക്കുന്നതിനും നമുക്ക് പരമമായ രക്ഷയും മോക്ഷവും ലഭിക്കാനും ഏറ്റവും ഉത്തമമായ മാർഗ്ഗമാകുന്നു. വിശ്വസിച്ചു പ്രാർത്ഥിച്ചു ദൈവത്തെ ഭജിച്ചാൽ സഹോദരങ്ങളേ, ദൈവം നിങ്ങളിൽ പ്രസാദിക്കും.

പിതാവായ ദൈവത്തിന്റെ സ്നേഹവും രക്ഷിതാവായ പുത്രന്റെ കൃപയും സമാധാനം നൽകുന്ന പരിശുദ്ധാത്മാവിന്റെ നിറവും നിങ്ങളിൽ സദാ വർദ്ധിക്കുമാറാകട്ടെ.

*(ഹൈന്ദവഗദ്യപ്രമുഖരിൽ ഒരുവനായ ശ്രീ. എം. രാമവർമ്മ തമ്പാൻ ബി.ഏ.എൽ.റ്റി. 'പ്രഭാഷണങ്ങൾ' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും ഗവർമെന്റംഗീകാരത്തോടുകൂടി ഇംഗ്ലീഷ് മലയാളം പാഠപുസ്തകമാക്കിയിട്ടുള്ളതുമായ ഗ്രന്ഥത്തിൽ നിന്നും)*

❖

## പരിശുദ്ധന്റെ ദൃക്സാക്ഷി

**പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ**

"നമ്മുടെ സഭ സ്വീകരിച്ചിട്ടുള്ള പരിശുദ്ധന്മാരെ നിങ്ങൾ നിങ്ങളുടെ ജീവിതത്തിൽ മാതൃകയായി സ്വീകരിക്കണം. പരിശുദ്ധന്മാരും പുണ്യവാന്മാരും നിറഞ്ഞ സഭയാണ് നമ്മുടേത്. നമ്മുടെ കാലത്തു തന്നെ ജീവിച്ചിരുന്ന ഒരു മഹാപരിശുദ്ധനാണല്ലോ പരുമല തിരുമേനി. അദ്ദേഹം ജീവനോടിരുന്നപ്പോൾ തന്നെ അനേകം മഹാത്ഭുതങ്ങൾ ചെയ്തിട്ടുണ്ട്. അദ്ദേഹം മരിച്ച ഒരു ശിശുവിനെ ജീവിപ്പിക്കുകകൂടി ചെയ്തിട്ടുണ്ട് എന്ന വസ്തുത നിങ്ങളിൽ അധികം പേരും അറിഞ്ഞിട്ടില്ലായിരിക്കാം. ഒരിക്കൽ തിരുമേനി കുന്നംകുളത്ത് എഴുന്നള്ളിയിരിക്കുമ്പോൾ അദ്ദേഹത്തിന്റെ മുമ്പിൽ ഒരു ശിശുവിനെ അതിന്റെ മാതാപിതാക്കൾ കിടത്തിയിട്ടു പോയി. അതു മരിച്ചു പോയിരുന്നു. തിരുമേനി ആ ശിശുവിന്റെ സമീപം ചെന്നിരുന്നു. സ്ലീബാ അതിന്റെ മീതെ വെച്ച് വളരെ നേരം ഹൃദയം നൊന്ത് പ്രാർത്ഥിച്ചു. അത്ഭുതം! ആ കുട്ടി ഒന്നു രണ്ടു തുമ്മി, കണ്ണുതുറന്നു, ശ്വാസോച്ഛ്വാസം ചെയ്തു തുടങ്ങി. അങ്ങനെ ജീവൻ വീണ്ടും പ്രാപിച്ച് പൂർണ്ണ സുഖമുള്ളതായിത്തീർന്നു. നാം ഇതു പറഞ്ഞത് ഇക്കാലത്ത് നമ്മുടെ ചിലയാളുകൾ അന്യസഭകളിലെ പരിശുദ്ധന്മാരെ അവരുടെ പ്രസംഗങ്ങളിൽ ചൂണ്ടിക്കാണിക്കാൻ ശ്രമിക്കുന്നതുകൊണ്ടാണ്. അവർ പരിശുദ്ധരല്ലയെന്നു നാം പറയുന്നില്ല. പക്ഷെ നമ്മുടെ സഭ അവരെ അംഗീകരിക്കുന്നില്ല. നമ്മുടെ പരിശുദ്ധന്മാരെ വേണം എപ്പോഴും നാം മാതൃകയായി സ്വീകരിക്കുവാനും മറ്റുള്ളവർക്കു ചൂണ്ടിക്കാണിച്ചു കൊടുക്കുവാനും".

*(1954 ഫെബ്രുവരി 28-ാം തീയതി ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി വാർഷിക സമ്മേളനത്തിൽ ചെയ്ത പ്രസംഗം. സമ്പാദകൻ- ഡോ. സാമുവൽ ചന്ദനപ്പള്ളി).*





# മരണാനന്തര ജീവിതം: വിശ്വാസികളുടെ കാഴ്ചപ്പാടിൽ

**കെ. കെ. ഐസക്, ബാംഗ്ലൂർ**

നമ്മുടെ കർത്താവേശുമിശിഹാ ഉപമകളിൽ പറഞ്ഞു തന്നിട്ടുള്ളവയും തന്റെ ശ്ലീഹന്മാർ പരിശുദ്ധാത്മ പ്രേരിതരായി എഴുതിയിട്ടുള്ള ലേഖനങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളവയുമായിരിക്കണം മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള വിശ്വാസ യോഗ്യമായ വസ്തുതകൾ. ബെസ്പുർക്കാന എന്ന ഒരു പദം വി. വേദപുസ്തകത്തിൽ എവിടെയുമില്ല. എന്നാൽ മരണാനന്തര ജീവിതത്തിൽ പാതാളത്തിലാകുന്ന ചിലർക്ക് അനുഭവവേദ്യമാകാവുന്ന ദണ്ഡനത്തെപ്പറ്റി ധനവാന്റെയും ലാസറിന്റെയും ഉപമയിൽ കർത്താവ് പറയുന്നത് (വി. ലൂക്കോ. 16:23,24) കാണുക. ധനവാൻ പാതാളത്തിൽ യാതന അനുഭവിക്കുന്നു. എന്നാൽ അത് നരകമോ അന്ത്യ ശിക്ഷാവിധിയോ അല്ല.



മനുഷ്യർ മരിക്കുമ്പോൾ ആർക്കും സ്വർഗ്ഗത്തിലേക്കു പോകുവാൻ സാദ്ധ്യമല്ല. അതിന് വേണ്ട സൽഗുണ പൂർണ്ണത (വി. മത്താ. 5:48) യാതൊരുത്തർക്കും ഉണ്ടായിരിക്കുകയില്ല. ആരും അപ്പോൾ നരകത്തിലേക്കും തള്ളപ്പെടുകയുമില്ല. തന്റെ സ്വർഗ്ഗാരോഹണത്തിന് മുമ്പ് മശിഹാ തമ്പുരാൻ ശിഷ്യരോട് വാഗ്ദത്തം ചെയ്തപ്രകാരം (വി. യോഹ. 14:2-3) തന്റെ വ്രതന്മാർക്കായി പിതാവിന്റെ ഭവനത്തിൽ പ്രത്യേകം സ്ഥലം ഒരുക്കിയിട്ട് അവരെ അവിടെ ചേർത്തു കൊള്ളുവാനായിട്ടുള്ള രണ്ടാമത്തെ വരവും, മരിച്ചുപോയവരുടെ പുനരുത്ഥാനവും അന്ത്യ ന്യായവിധിയും കഴിഞ്ഞേ സ്വർഗ്ഗത്തിലേക്കോ നരകത്തിലേക്കോ എന്നുള്ള വേർ തിരിച്ചയക്കൽ ഉണ്ടാകയുള്ളൂ. അതുവരെ വാങ്ങിപ്പോയവരുടെ ആത്മാക്കൾ എല്ലാം കാത്തിരിപ്പിന്റെ സഭയിലായിരിക്കും-പറുദീസയിലോ പാതാളത്തിലോ, അവരവരുടെ ഭൗമ ജീവിതത്തിലെ ജീവിതത്തിന്റെ ഗുണനിലവാരമനുസരിച്ച്.

> ...അതുവരെ വാങ്ങിപ്പോയവരുടെ ആത്മാക്കൾ എല്ലാം കാത്തിരിപ്പിന്റെ സഭയിലായിരിക്കും-പറുദീസയിലോ പാതാളത്തിലോ, അവരവരുടെ ഭൗമ ജീവിതത്തിലെ ജീവിതത്തിന്റെ ഗുണനിലവാരമനുസരിച്ച്.

സുകൃത ജീവിത പരിസമാപ്തിക്കുശേഷം പറുദീസായിൽ ക്രിസ്തുവിൽ മറഞ്ഞിരിക്കുന്ന (കൊലോസി 3:3) ആത്മാക്കൾ, ദിവ്യ സന്തോഷത്തിലായിരിക്കും. അവർ എപ്പോഴും ദൈവത്തെ ആരാധിച്ചും, ആത്മ പരിശോധനയിലും അനുതാപത്തിലും കൂടെ വിശ്വാസത്താലുള്ള നീതീകരണ കൃപ പ്രാപിച്ച് അവ

രുടെ കടങ്ങൾക്ക് പരിഹാരമുണ്ടായിട്ട്, സ്വർഗ്ഗ പ്രവേശനത്തിനുള്ള സൽഗുണ പൂർണ്ണതയിലേക്ക് വളർന്നു കൊണ്ടിരിക്കുന്നു. എന്നാൽ പാതാളത്തിലേക്ക് പോകേണ്ടി വരുന്നവർ അവിടെ സാത്താന്റെ അടിമയിൽ പാപത്തിന്റെ ശമ്പളമായ ദണ്ഡനങ്ങൾക്ക് വിധേയരാകുന്നു. ദൈവഹിതാനുസരണമല്ലാത്ത കർമ്മവിലോപനങ്ങൾക്ക് ലഭിക്കുന്ന ശിക്ഷകളെ സംബന്ധിച്ച് കർത്താവ് പറഞ്ഞ ഒരുപമയിൽ (വി. ലൂക്കോ. 12:45–48) ഇപ്രകാരം കാണാം. "യജമാനന്റെ ഇഷ്ടം അറിഞ്ഞിട്ട് ഒരുങ്ങാതെയും അവന്റെ ഇഷ്ടം ചെയ്യാതെയുമിരിക്കുന്ന ദാസൻ വളരെ അടികൊള്ളും, അറിയാതെകണ്ട് അടിക്കു യോഗ്യമായത് ചെയ്തവനോ കുറയെ അടി കൊള്ളും." കുറ്റത്തിനൊത്ത താല്ക്കാലിക ദണ്ഡന ശിക്ഷയാണ് പാതാളത്തിൽ ലഭിക്കുന്നത്. നന്നാകുവാനുള്ള ശിക്ഷണം, കുറ്റ വിമുക്തിക്കുമുള്ളത്. നിത്യ നരകമാണെങ്കിൽ ശിക്ഷയ്ക്ക് ഏറ്റക്കുറച്ചിൽ വരുകയില്ല. "നാം മനഃപൂർവ്വം പാപം ചെയ്താൽ പാപങ്ങൾക്കു വേണ്ടി ഇനി ഒരു യാഗവും ശേഷിക്കാതെ ന്യായവിധിക്കായി ഭയങ്കരമായൊരു പ്രതീക്ഷയും എതിരികളെ ദഹിപ്പിപ്പാനുമുള്ള ക്രോധാഗ്നിയുമേയുള്ളു." (എബ്രാ. 10:26–27). അതാണ് നരകത്തിലേക്കുള്ള ശിക്ഷാവിധി- അന്ത്യ ന്യായവിധി.

ദൈവം നീതിമാനായിരിക്കുന്നതുപോലെ തന്നെ സ്നേഹവാനുമായതിനാലാണ് കല്പന ലംഘനത്താൽ പാപിയായി തീർന്ന ആദാമിനേ നരകത്തിലിടാതെ പാതാളത്തിലേക്കയച്ചത്. അതുപോലെ തന്നെ പാപികളായ ആദാമ്യ സന്തതികളെയും ദൈവകരുണയാൽ നിയമിച്ചതും ശിക്ഷണത്തിൽകൂടെ കുറ്റവിമുക്തിയിലേക്കും പവിത്രീകരണത്തിലേക്കും നയിക്കുന്നതിനുതകുന്നതുമായ ഒരു ഇടത്താവളം. പാതാളത്തിൽ സാത്താന്റെ അടിമത്വത്തിൽ വ്യസനിച്ചിരുന്ന ആദാമും സന്തതികളും അവിടെ അനുഭവിച്ച പീഡനങ്ങളിൽ നിന്ന് വിടുതലിനായി അനുതപിച്ച് കാത്തിരുന്നു. ക്രൂശിലെ തന്റെ ബലി മുഖാന്തിരം സർവ്വ ലോകത്തിന്റെയും പാപക്കടം വീട്ടിയ മശിഹാ തമ്പുരാൻ കബറിൽ നിന്നുയർത്തെഴുന്നേറ്റ് പാതാളത്തിലേക്കു ഇറങ്ങിചെന്ന് അവിടെ തടവിലായിരുന്ന ആത്മാക്കളോട് വീണ്ടെടുപ്പിന്റെ സുവിശേഷം അറിയിച്ച് അവരെ പറുദീസയിലേക്കു ആനയിച്ചു. (1 പത്രോ. 3:18–19 & 4:6). പാതാളത്തിലെ താല്ക്കാലിക ശിക്ഷണ യാതനമൂലം അനുതപിച്ച് പാപം ഏറ്റു പറഞ്ഞ് മനഃസാക്ഷിയേ പവിത്രീകരിച്ച് മോചന കൃപയ്ക്കായി ദൈവാരാധനയിലേക്ക് തിരിയുന്നവർക്ക് ആദാമിന് ലഭിച്ചതുപോലെ വീണ്ടെടുപ്പിന്റെ കൃപയും പറുദീസാ പ്രവേശനവും ലഭിക്കുന്നു. ആ രക്ഷണ്യ പ്രക്രിയ ഇപ്പോഴും നടന്നു കൊണ്ടിരിക്കയാണ്. "മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട് (വെളി. 1:18) എന്ന് ഉൽഘോഷിച്ച ക്രിസ്തു എന്ന നല്ലിടയൻ രക്ഷിക്കപ്പെട്ട തൊണ്ണൂറ്റി ഒൻപതിനേയും സുരക്ഷിത പറുദീസായിൽ വിട്ടിട്ട് നഷ്ടപ്പെട്ടുപോയതിനെ തെരഞ്ഞ് പാതാളത്തിലെ അപകട മേഖലകളിൽ എപ്പോഴും തേടിക്കൊണ്ടിരിക്കയാണ്. തന്റെ രക്ഷണ്യ കരങ്ങളിൽ ശരണം പ്രാപിക്കുന്നവരെ മാറോടണച്ച് സുരക്ഷിതത്വത്തിലേക്ക് കൊണ്ടു പോകുന്ന നല്ലിടയൻ ക്രിസ്തു. എന്നാൽ ശിക്ഷണത്തിലും സ്വയ നീതീകരണത്താൽ മനഃസാക്ഷി മരവിച്ച് അനുതാപമില്ലാതെ പരിശുദ്ധാത്മാവിനു വിരോധമായ പാപാവസ്ഥയിൽ തുടരുന്നവർക്ക് അവിടെ നിന്നും രക്ഷ കിട്ടാതെ അന്ത്യ ന്യായവിധിയിൽ നരകാവകാശിയാകുവാനുള്ള ശിക്ഷാവിധിയേ ലഭിക്കയുള്ളു. എന്നാൽ ആശ വെടിയാതെ അവർക്കു വേണ്ടിയും ദിവ്യ സ്നേഹത്തോടും വിശ്വാസത്തോടും കൂടെ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തേണ്ടത് നമ്മുടെ കടമ."

❖


*For Favours Received*





**M. T. LAZZER**

**Mayur Vihar, New Delhi**






# വിശ്വാസപാഠം

*പെന്തക്കോസ്തുകാർ മറുഭാഷാവരത്തിനു പ്രാധാന്യം കൊടുക്കുന്നുണ്ടല്ലോ. ഓർത്തഡോക്സ് സഭയിൽ അതില്ലാത്തതെന്തുകൊണ്ടാണ്?*

*ഷെറിൻ മാത്യു, അടൂർ*

പ്രീയ ഷെറിൻ, പെന്തക്കോസ്തുകാർ അമിത പ്രാധാന്യം കൊടുക്കുന്ന പലതും വി. വേദപുസ്തക വചനങ്ങൾക്കു നിരക്കുന്നതോ മനുഷ്യന്റെ വിശ്വാസവും യുക്തിയും തമ്മിൽ സമന്വയിപ്പിക്കുന്നതോ അല്ല എന്ന് ആദ്യം മനസ്സിലാക്കുക. വി, വേദപുസ്തകപ്രകാരം പരിശുദ്ധാത്മ വരങ്ങൾ ധാരാളമുണ്ട് (റോമർ 12:5–9; 1 കൊരി. 12–14 എന്നിവ പ്രത്യേകം വായിക്കുക). പരിശുദ്ധാത്മാവിന്റെ ഫല വരദാനങ്ങളിൽ ഒന്നാണ് ഭാഷാവരം. സ്നേഹമെന്നത് പരിശുദ്ധാത്മ വരവും ഫലവുമാണ്. സ്നേഹമില്ലെങ്കിൽ മറ്റൊന്നിനും അർത്ഥമില്ല എന്നു പ്രത്യേകം മനസ്സിലാക്കുക 1 കൊരി. 13:1–2). മറ്റൊരു വരദാനത്തിലും അമിതമായ ആശയും പ്രത്യാശയും വക്കരുത് എന്നുതന്നെയാണ് പൗലോസ് ശ്ലീഹായുടെ പ്രത്യേക ആഹ്വാനം. താളം തെറ്റരുത് എന്നർത്ഥം.

പുതിയ നിയമ സഭയിൽ ഭാഷാവരം പ്രകടമായത് പ്രധാനമായും മൂന്നു സന്ദർഭങ്ങളിലാണ് 1) പെന്തിക്കോസ്തി പെരുന്നാളിൽ (അപ്പോ. പ്രവൃ. 2:6) മുഴക്കം ഉണ്ടായപ്പോൾ പുരുഷാരം വന്നുകൂടി, ഓരോരുത്തൻ താന്താന്റെ ഭാഷയിൽ അവർ (ശ്ലീഹന്മാർ) സംസാരിക്കുന്നത് കേട്ട് അമ്പരന്നുപോയി. ഗലീലക്കാരായ ശ്ലീഹന്മാർ ലോകത്തിന്റെ പലകോണുകളിൽ നിന്നു വന്ന ആളുകൾ മനസ്സിലാകത്തക്കവണ്ണം അവരുടെ ഭാഷകളിൽ സംസാരിച്ചു എന്നാണിവിടെ അർത്ഥം. അവർ സംസാരിച്ചത് ലോകത്തിലില്ലാത്ത ഭാഷയല്ല - പിന്നെയോ മറ്റുള്ളവരുടെ ഭാഷയാണ്. 2) പത്രോസിന്റെ വചനം കേട്ട എല്ലാ ജാതികളിലും പരിശുദ്ധാത്മാവു വന്നു. അവർ അന്യഭാഷകളിൽ സംസാരിച്ചു (അപ്പോ. പ്രവൃത്തി 10:44–46). ഇവിടെ അന്യഭാഷ എന്നത് ലോകത്തിലില്ലാത്ത ഭാഷയല്ല. 3) പൗലൂസ് ശ്ലീഹാ യഹൂദന്മാരുടെ മേൽ കൈവച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെ മേൽ വരുകയും അവർ അന്യഭാഷകളിൽ സംസാരിക്കുകയും ചെയ്തു. (അപ്പോ. പ്ര. 19:6). ഇവിടെ അവർ അന്യഭാഷ സംസാരിക്കുക മാത്രമല്ല, പ്രവചിക്കുകയും ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഇവിടെയൊക്കെ അന്യഭാഷ (മറുഭാഷ) എന്നുള്ളതുകൊണ്ട് വായിൽ വരുന്ന എന്തും വിളിച്ചു പറയുക എന്ന അർത്ഥത്തിലല്ല, പിന്നെയൊ പരിശുദ്ധാത്മ വ്യാപാരത്താൽ മറ്റുള്ളവർക്കു മനസ്സിലാക്കേണ്ടത്. അന്യഭാഷയേക്കാൾ പ്രാധാന്യം പ്രവചനവരത്തിനു നൽകിയിട്ടുണ്ട്. 1 കൊരി 14:4–7 വായിക്കുക. കൂടാതെ, അന്യഭാഷ സംസാരിക്കുന്നതിനേക്കാൾ ബുദ്ധികൊണ്ട് അഞ്ചു വാക്കു പറയുന്നതാണ് ഉത്തമമെന്നും വി. പൗലൂസ് ശ്ലീഹാ അനുശാസിക്കുന്നു (1 കൊരി. 14:19). അന്യഭാഷകളിൽ സംസാരിക്കുന്നവർ സഭയ്ക്ക് ആത്മീയ വർദ്ധന വരുത്തേണ്ടതിന് വ്യാഖ്യാനം നൽകുവാനും തയ്യാറാകണം. (1 കൊരി. 14:5).

ചുരുക്കത്തിൽ, അന്യഭാഷയ്ക്ക് (മറുഭാഷ) വേദപുസ്തകാടിസ്ഥാനം ഉണ്ട്. പക്ഷെ ഇന്ന് പെന്തക്കോസ്തുകാർ നടത്തുന്നത് മറുഭാഷയല്ല, പിന്നെയോ ഹാലിളകുമ്പോൾ പുറത്തുവിടുന്ന അപശബ്ദങ്ങളാണ്. അതിനെ പരിശുദ്ധാത്മവരമെന്നു വിളിക്കാൻ പറ്റുകയില്ല. മദ്യപാനിക്ക് ലഭിക്കുന്ന തുള്ളൽപോലെ സാധാരണ രീതിയിലല്ലാത്ത ശബ്ദം ഉണ്ടാകുമ്പോൾ സംഭവിക്കുന്ന ഹർഷോന്മാദമായി മാത്രമേ അതിനെ കണക്കാക്കാൻ പറ്റുകയുള്ളു. ഓർത്തഡോക്സ് സഭകളും മറ്റു പുരാതന സഭകളും വി. വേദപുസ്തകാടിസ്ഥാനമുള്ള മറുഭാഷാ (അന്യഭാഷാ) വരം മറ്റെല്ലാ വരങ്ങളെയും സ്വീകരിക്കുന്നതുപോലെ സ്വീകരിക്കുന്നുണ്ട്.

ജെ. പി.

❖


**പത്തനംതിട്ട റിങ്ങ്റോഡ് സൈഡിൽ**
**സർവ്വ പണിയും പൂർത്തീകരിച്ച**
(Including Electricity & Water Supply)

**ഫ്ളാറ്റുകൾ വില്പനയ്ക്ക്**

Two Bed Room + Hall with Dining +
Kitchen + Balcony + Two Bath Room
ആവശ്യക്കാർ മാത്രം ബന്ധപ്പെടുക
(Brokers Excuse)

*Contact Imidiately*
**Ph: 0468 2224255, 2328255**
**Mob.: 9847116754**

# *For Favours Received*









താമസിച്ചതിന് ക്ഷമാപണം

**BLESSON EAPEN**
**New York**




# An Experience of a Historical Event in Athens



**Fr. Bijesh Philip**

Around 600 delegates and consultants from almost all churches all over the world met at Athens, the capital city of Greece from 9th to 16th of May, 2005 and exchanged their experiences and deliberated on priorities in mission and future of mission. This Conference on World Mission and Evangelism(CWME) held between the two great feasts of Resurrection of our Lord and Pentecost inspired the participants and indirectly their churches also to deepen their commitment to the mission of God entrusted through Jesus Christ. Missionaries and theologians, lay people and the ordained, women and men, youth and the old from the Orthodox, Catholic, Protestant and Pentecostal churches prayed together, lived together and discussed over the theme: 'Come Holy Spirit, Heal and Reconcile! Called in Christ to be Reconciling and Healing Communities.'

**Missionaries and theologians, lay people and the ordained, women and men, youth and the old from the Orthodox, Catholic, Protestant and Pentecostal churches prayed together, lived together and discussed over the theme: 'Come Holy Spirit, Heal and Reconcile! Called in Christ to be Reconciling and Healing Communities.'**

A boat carrying a huge olive-cross approached the sea shore of the Aghios Andreas Recreational Centre, the venue of the conference in Athens, in the morning of the first day of the conference. The cross was a gift from the churches of Jerusalem, built from the fragments of the trees uprooted when the wall was built that now divides the Palestinian population from Israel and Jewish settlements. The cross which symbolizes the pain of brokenness and also the hope of peace and salvation was received by the delegates and erected at the entrance of the hall of prayer.

Almost all the delegates were present for worship in the morning and evening with much enthusiasm. Worship according to the diverse traditions of the churches prepared a beautiful garden of flowers of prayers. Blessed breads were distributed to all the participants of conference immediately after the Eucharistic Service of Greek Orthodox Church which made a remarkable impression in the conference. Continuous singing of the theme song 'Come Holy Spirit, Heal and Reconcile' created a prayerful atmosphere for the conference. Greek Orthodox setting added to the spiritual ethos of the conference.

One of the impressive progammes for the spiritual transformation of the participants was home groups. Every day after breakfast the delegates gathered in their respective home groups to meditate on the word of God. Each home group, comprised of 10 to 15 members, developed a strong bond of friendship by meeting every day two times. In the morning session of it there were three readings of a particular bible passage followed each time by silence and sharing of the experience and plans of actions based on the passage by all the members of the home groups. Participation of all the members, absence of otherwise boring monologues and more space for the work of the Holy Spirit made those home groups lively and interesting. Participants addressed the day's activities in the home groups followed



# FATHER MATHEWS COLLEGE OF NURSING

APPROVED BY THE GOVT. OF KARNATAKA,
AFFILIATED TO RAJIVGANDHI UNIVERSITY OF HEALTH SCIENCE, BANGALORE

RECOGNIZED KARNATAKA NURSING COUNCIL

## BSc. NURSING

NO. 5/1 H.M.T. MAIN ROAD, BEHIND H.M.T. SPORTS CLUB
JALAHALLI, BANGALORE - 550013

OUR PATRON



H. B. THOMAS MAR THEMOTHIOS
CATHOLICATE DESIGNATE

CHAIRMAN



VERY REV. V. I. MATHEWS
COR-EPISCOPA
TEL.: 08251 - 265045; MOB.: 09448503026
09342239500

SECRETARY
DR. RENJI ISSAC MATHEWS
TEL.: 09341229030

FR. T. A. EDAYADI
TEL.: 9447300908

- ADMISSION FOR GIRLS ONLY
- NO DONATION
- Attached Hostel Available
- 150 bedded Hospital
- Strict Dicipline and Security for the students
- College and Hostel managed and supervised by experienced and highly qualified professionals.
- Provisions are made for students to participate in worship every sunday.

ഫാ. മാത്യൂസ് നേർസിംഗ് കോളേജിൽ ആകെ അനുവദിച്ചു കിട്ടിയ 40 സീറ്റിൽ മാനേജ്മെന്റ് കോട്ട 28 സീറ്റിലേക്ക് വളരെ നേരത്തേ തന്നെ കുട്ടികളെ എടുത്തു. പലരും സീറ്റ് ആവശ്യപ്പെട്ടിരുന്നെങ്കിലും 28 സീറ്റിൽ കൂടുതൽ എടുക്കാൻ നിർവാഹമായി തീരുന്നതിനാൽ എടുക്കാൻ സാധിക്കാത്തതിനാൽ ഖേദമുണ്ട്.

എന്നാൽ ഗവൺമെന്റ് കോട്ടായിൽ ഏതാനും സീറ്റ് ഒഴിവുണ്ട്.


by dinner.

After the Canberra assembley of WCC, the importance of the help of Holy Spirit in our mission to reconcile and renew the world was emphasized again in a global ecumenical meet. The conference affirmed the fact that the Holy Spirit helps us to conquer evil spirits of violence, of oppression, of exclusion, of division, of corruption, of self seeking, of willful ignorance, and of fearful silence in the face of injustice. In the welcome address Archbishop Christodoulos of Athens and all Greece told: "We rejoice that the central focus of the conference is healing and reconciliation. In our ages long Orthodox theology the concept of sin was always perceived as breaking and alteration of relationship and estrangement of the human race from God, from one another and with the whole of creation: never, or rather very seldom, as a legalistic guilt. It was on these grounds that salvation is understood as a process of healing and reconciliation of humanity with God, with one another and with the whole of creation."

Resource persons and delegates from countries like Rwanda, Korea, Ireland, Germany, South Africa, Palestine etc enlightened us with voices of hope. In most of these places churches are repenting for being part of the conflicts and presently playing active role as agents of peace and reconciliation. However it was frustrating to note that this first world mission conference of this century was not willing to condemn strongly the evil of war and state sponsored violence along with terrorism. There was no expression of regret over the re-election of the two political heads of the two countries, predominantly Christian countries which took initiative for recent Afghan and Iraq wars. It seems that Spirit's urge to convey a message of global peace was suppressed by the weight of fear and selfish agendas. However the conference has succeeded in affirming that peace making and ecumenism are not merely steps to but are integral part of our mission. A paradigm change in missiology was visible through out the conference.

Around twenty delegates from various churches from India participated very actively and played significant roles in the conference. Rev. Fr. George Mathew Nalunnakkal, the vice-moderator of the CWME also served as the chairman of the drafting committee of the letter from the conference. Afternoon discussions called Synaxes are chosen according to the interests of the participants. When Rev. Dr. Chandran Paul Martin led a synaxes on 'Healing and reconciliation : views from the underside of communities' exploring the theme from the point of view of the Dalits in India, almost all the delegates from India were present with a good number of participants from other parts of the world. Dr. Mareena (Kolenchery Hospital) and myself represented Indian Orthodox Church.

CWME also prepared a ground for separate meetings of various families of churches. Delegates from the Orthodox churches met one evening and made an evaluation of the conference. Reminding the progress of the dialogue between the oriental orthodox churches and the Byzantine Orthodox family, I requested to consider intercommunion between two families seriously. We appreciated the Greek Orthodox Church's openness to host this conference. A few extremely conservative Greek Orthodox people with their priests (schismatics according to the old calendar) used to stage a disgraceful protest from the beginning till the end of the conference at the entrance of the venue. Christian leaders from all over the world were shocked to see the protester's rigid and narrow vision in their total opposition to ecumenism. The request for a dialogue from the leaders of the conference was rejected by the protesters.

According to most of the delegates from Orthodox churches of Europe and other western countries one of the major threats to the church is the impact of secularism. Greece is already in the European Union and the Greek Orthodox Church is also facing the adverse effect of modernism. Bishop Petroniu of Oradea of the Romanian Orthodox Church, in a personal talk expressed great concern about their new generations especially when the country joins the European Union in 2007. (87% of the total population of Romania belongs to the Romanian Orthodox Church)

The delegates dispersed on the last day to attend the Sunday worship at various churches in Athens. Since two third of the members of the Greek Orthodox church live in Athens there were a large number of beautiful orthodox churches in the city. One of the greatest attractions in Athens city was the Byzantine museum which displays primarily, with the aid of a lot of icons, the development of the Orthodox church down through the centuries. After the sight seeing, the participants gathered at Areopagos, the mountain top where St.Paul the apostle spoke to the Greeks. When we listened to St. Paul's experience as depicted in Acts 17: 16- 34, where he interpreted the writing about "an unknown God" and described Christ's resurrection and attended the sending service we felt as if before St.Paul in the first century. Though only a few responded positively to St. Paul's message, those seeds grew enormously and presently majority of the population of Greece are Christians. The conference as a whole rejuvenated our commitment to participate in God's mission to transform the world and challenges the churches to be committed to the mission of peace making in the midst of divisions and conflicts.

❖

## 5-ാം ചരമവാർഷികം

(04-11-2005) (29-06-2005)



സി.എൻ. ചാണ്ടി ഏലിയാമ്മ ചാണ്ടി

പുത്തൻപറമ്പിൽ, കഞ്ഞ

"ഞാനാകുന്നു പുനരുത്ഥാനവും ജീവനും
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും"

സന്തപ്ത കുടുംബാംഗങ്ങൾ



## കൈക്കാരൻ

COMPLETE SOFTWARE FOR CHURCHES

സമ്പൂർണ്ണ പള്ളിഭരണ സോഫ്റ്റ്വെയർ

കമ്പ്യൂട്ടർ ഇന്ന് ഒരു ആവശ്യ സംവിധാനമാണ്. ജോലിക്കാര്യങ്ങൾ സത്വരം ചെയ്തുതീർക്കുവാൻ കമ്പ്യൂട്ടറിനുള്ള കഴിവ് അതുല്യമാണ്. തിരക്കുപിടിച്ച അനുദിന ജീവിതത്തിനിടയിൽ പള്ളി ഭരണം കൂടി ഏല്ക്കേണ്ടി വരുന്ന ഭരണസമിതി അംഗങ്ങളെ പരമാവധി സഹായിക്കുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയിരിക്കുന്ന അത്യാധുനിക സോഫ്ട്വെയർ പാക്കേജാണ് കൈക്കാരൻ. വളരെ ശ്രമകരമായി മാത്രം ചെയ്തിരുന്ന ജോലികൾ മേലിൽ ഇതിലൂടെ നിമിഷങ്ങൾക്കകം ലഭ്യമാകും. തൻനിമിത്തം ഈ പാക്കേജ് പള്ളികൾക്ക് അത്യാവശ്യ ഘടകമാണ്. പള്ളി ഭരണത്തിലും സോഫ്റ്റ്വെയർ വികസനത്തിലും പ്രാവീണ്യം നേടിയ ഒരു സംഘത്തിന്റെ ദീർഘകാല പ്രയത്നഫലമാണ് ഈ കൈക്കാരൻ.

**കൈക്കാരന്റെ പ്രത്യേകതകൾ:**

> ഇടവക രജിസ്റ്റർ, മാമോദീസാ രജിസ്റ്റർ, വിവാഹ രജിസ്റ്റർ മരണ രജിസ്റ്റർ തുടങ്ങിയവ ലഭ്യമാക്കുന്നു. > പത്തിൽപരം സർട്ടിഫിക്കറ്റുകൾ > ജന്മദിനം, വിവാഹ വാർഷികം, ഇടവക യോഗം, കവർ പിരിവുകൾ തുടങ്ങിയവക്കുള്ള അഡ്രസ്സ് സ്ലിപ്പുകൾ > മാസവരി, ആണ്ടുവരി, കവർ പിരിവുകൾ, ആദ്യഫലം തുടങ്ങിയവയുടെ വിശദമായ രജിസ്റ്ററുകളും, കുടിശ്ശിഖ ലിസ്റ്റുകളും > വരവും ചിലവും ഒരിക്കൽ മാത്രം കൊടുത്താൽ നാൾവഴി (Cash Book / Day Book), ബാങ്ക്ബുക്ക് (Bank Book), പേരേട് (General Ledger) വരവു ചിലവു കണക്ക് (Receipts & Payments), തെരട്ട് (Trial Balance), ബാക്കിപത്രം (Balance Sheet) ബഡ്ജറ്റ് മുതലായവ ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യമാകുന്നു. > വികസന പ്രവർത്തനങ്ങൾ, ആത്മീയ സംഘടനകൾ തുടങ്ങിയവയുടെ കണക്കുകൾ പ്രത്യേകമായും പൊതുവായും ലഭിക്കുന്നു. > എൻഡോവ്മെന്റ് ഫണ്ടുകൾ, ഫിക്സഡ് ഡിപ്പോസിറ്റുകൾ സ്ഥാവരജംഗമവസ്തുക്കൾ, കുർബാനപ്പണം, പാരിഷ്ഹാൾ, സെമിത്തേരി, സൺഡേസ്കൂൾ മാനേജിംഗ് കമ്മിറ്റി തുടങ്ങിയവക്കായി പ്രത്യേക ക്രമീകരണങ്ങൾ. > ഓരോ ഇടവകാംഗത്തിന്റെയും കുടുംബത്തിന്റെയും പ്രത്യേകം രജിസ്റ്ററുകളും വരവുകണക്കുകളും ലഭിക്കുന്നു. > നൂറുവർഷത്തെ സഭാപഞ്ചാംഗം. > മലയാളം ദിനത്തിൽ നിന്നും ഇംഗ്ലീഷ് ദിനം കണ്ടുപിടിക്കുവാനുള്ള സൗകര്യം. > വോട്ടേഴ്സ് ലിസ്റ്റ്, പാരിഷ് ഡയറക്ടറി, ചർച്ച് ഡയറി, വർഷാവസാന റിപ്പോർട്ടുകൾ മുതലായവ ലഭ്യമാകുന്നു. > കൂടാതെ നൂറിൽപരം വിവിധ തരത്തിലുള്ള റിപ്പോർട്ടുകളും, ലിസ്റ്റുകളും, കൈക്കാരന്റെ മാത്രം പ്രത്യേകതയാണ്.

**സവിശേഷതകൾ**

> 60-ൽ പരം പള്ളികളിൽ ഉപയോഗിക്കുന്നു
> ഇംഗ്ലീഷിലും, മലയാളത്തിലും ലഭിക്കുന്നു
> അത്യാവശ്യമാറ്റങ്ങൾ സൗജന്യമായി ചെയ്തുതരുന്നു
> ഒരു വർഷം സൗജന്യ സേവനം

For more details & free demonstration contact:

**Orthodox Book Centre,**
M.D. Commercial Centre,
Kottayam - 1. Ph: 0481 - 2464402

Compsoft
Behind Malayala Manorama, Kottayam-1
Ph: 0481-2303378. Fax: 0481-2302278
Mobile: 98470-55278, 934990-8883
E-mail: compsoftg@satyam.net.in
www.compsoftg.com






Article

# The Divinity of Jesus Christ


**Mathews Barnabas Metropolitan**


**A Biblical Perspective**

All christian Churches believe that Jesus Christ is God and the Savior of the world. We have ample evidence for this in the Holy Bible. But, the Jews, Muslims, and Jehova witnesses don't believe in the divinity of Jesus Christ. Many Hindus consider Him as one of the incarnations of God. Anyway, our faith in the divinity of Jesus Christ is of supreme importance. If Jesus is not God, he cannot be the savior of the world. Let us examine this truth based on the Holy Bible.

**Biblical Passages which prove the divinity of Christ**

***1. The witness of John the Baptist***

John the Baptist said that person who had sent him to batpize with water, had given him a sign. John was told that the person on whom the Spirit would descend, was the person who would baptize with the Holy Spirit. John saw the Spirit descending on Jesus, and thus, he understood that Jesus is the Son of God. Hence, he declared that Jesus is the Lamb of God that takes away the sin of the world. (St. John 1:29-34). Only God can take away sin. So Jesus Christ is God.

> John saw the Spirit decending on Jesus, and thus he understood that Jesus is the Son of God.

***II. The witness of our Lord***

1. Jesus said, "My Father is working still and I am working." (St. Jn. 5:17). See the reaction of the Jews when they heard this. "This was why Jews sought all the more to kill him, because he not only broke the Sabhath, but also called God, His own Father, making himself equal to God." (St. Jn. 5:18).

2. Our Lord said, "I am the bread of life. He who comes to me shall not hunger and he who believes in me, shall never thirst." (St. Jn. 6:35). " I am the living bread which came down form heaven; if anyone eats of this bread, he will live forever; and the bread which I shall give for the life of the world, is my flesh." (St. Jn. 6:51). After this, many of His disciples went back and no longer went about with Him. (St. Jn. 6:60).

3. Again our Lord said, " I am the light of the world. He who follows me will not walk in darkness, but will have the light of life". (St. Jn. 8:12)

4. Our Lord is free from sin. This we can understand from His words, "Which of you convicts me of sin. If I tell the truth, why did you not believe me? (St. Jn. 8:46). " He who sent me is with me, He has not left me alone; for I always do the things pleasing to Him." (St. Jn. 8:29). When we say that a person is sinless,it means not only that he is without any bad thing but also that he is full of virtues. Hence, Christ, who is sinless, is God.

5. Our Lord is eternal "Truly, truly, I say to you; before Abraham was, I am." (St. Jn. 8:58) God only is eternal. No one else has eternity. Jesus Christ is eternal and so He is God.

6. Our Lord said, "I and the Father are one." (St. Jn. 10:30). As a result of this saying, the Jews tookstones to throw at Him. (St. Jn. 10:31). They said, "It is not for a good work that we stone you, but for blasphemy, because you bieng a man, make yourself God." (St. Jn. 10:33). To this, Jesus replied, "If I am not doing the works of my Father, then do not believe me" (St. Jn. 10:37).

7. Our Lord said, "I am the resurrection and the life. He who believes in me, though he die, yet shall he live." (St. Jn. 11:25). Only God can say this.

8. Our Lord said to Philip, " I have been with you so long and yet you do not know me Philip? He who has seen me has seen the Father; how can you say: show us the Fahter? (St. Jn. 14:9) Hence, in every way, Jesus Christ is like the Father.

9. Apart from the Lord, we cannot do anything at all. "I am the vine, you are the branches. He who abides in me and I in him, he it is that bears much fruit, for apart from me you can do nothing." (St. Jn. 15:5). This means that Jesus is God, the source of all power.

10. Our Lord confirmed the declaration of faith made by St. Thomas. He said, "My Lord and my God" (St. Jn. 10:27) to Jesus Christ. In reply to this, our Lord told Thomas, "Have you believed because you have seen me? Blessed are those who have not seen yet believed." (St. Jn. 20:29).

11. When our Lord asked His disciples to baptize, it was in the name of the Father, Son and Holi Spirit (St. Matt. 28:19). He did not say in the names of the Father, Son and Holy Spirit. This shows that the Father, Son and the Holy Spirit, together form one person, the Holy Trinity.

Our Lord said, " Let what you say be simply "Yes" or "no", anything more than this comes from evil." (St. Matt. 5:37). Therefore we have to believe the words of our Lord as hundred percent true. There is not even an atom of exaggeration in His words.

We cannot think of Jesus as one who tried to deceive people , nor can we think of Him as a lunatic.

***III. The witness of the author of the Epistle to the Hebrews.***

1. "Jesus Christ is the same Yesterday, today and forever." (Heb. 13:8). There is no change in Jesus Christ. This is a qualification given only to God. "For I the Lord do not change. Therefore you sons of Jacob are not consumed." (Mal. 3:6) This is the word of God.

2. "And when he brings the first-born into the world, he says: Let all God's angels worship him." (Heb. 1:6) God's command is not to worship any god or idol" "I am the Lord, your God, who brought you out of the land of Egypt, out of the house of bondage; you shall have no other gods before me; you shall not make for yourself a graven image or any likeness of anything, that is in heaven above, or that is in the earth beneath, or that is in the water under the earth. You shall not bow down to them or serve them, for the Lord, your God, am a jealous God." (Exodus 20:1-5). If worshipping the first born is not against the command of God, the first-born must be God. The first-born is the second person of the Holy Trinity.

***IV. The witness of St.John the Apostle***

1. St. John in the beginning of the gospel says, " In the beginning was the Word, and the Word was with God and the Word was God." (St. Jn. 1:1). The word is used to refer to Jesus Christ. hence, Jesus Christ is God.

2. Jesus Christ says, "I am the Alpha and the Omega, the first and the last, the beignning and the end." (Rev. 22:13). The first and last letters of the Greek alphabet are Alpha and Omega. Hence this means beginning and end. This qualification belongs only to God. See Rev. 1:8, "I am the Alpha and Omega says the Lord God; who is, who was and who is to come, the Almighty." Hence, Jesus Christ is God.

***V. The witness of St. Paul***

1. St. Paul speks of Jesus Christ as Lord, "Jesus Christ, our Lord." (Rom. 1:4). The Word Lord is used for God in the Holy Bible. Hence, Jesus Christ is God.

2. St. paul includes the name of Jesus in the benediction. "The grace of the Lord Jesus Christ and the love of God and the fellowship of the Holy Spirit be with you all." (II Cor. 14:13).

3. St. Paul speaks of the divine qualities of Jesus in his epistle to Timothy. "I charge you to keep the commandment unstained and free from reproach, until the appearing of our Lord Jesus Christ and this will be made manifest at the proper time by the blessed and only sovereign, the King of kings, and the Lord of lords, who alone has immortality and dwells in unapproachable light, whom no man has ever seen or can see; to him be honour and eternal dominion." (I Tim. 6:14-16). Hence, Jesus Christ is God.

Contin.....



യാത്രാ വിവരണം

# ലാർണാക്കായുടെ കടൽക്കാറ്റിലുറങ്ങുന്ന കൂട്ടുകാരാ!

"അതേ, മരിച്ച് മൂന്നു ദിവസം കഴിഞ്ഞ് ക്രിസ്തു ഉയർപ്പിച്ച ലാസ്സർ തന്നെ - അദ്ദേഹമാണ് ഈ സൈപ്രസിലെ പ്രഥമ മെത്രാപ്പോലീത്താ" - ഞാൻ വായ് പൊളിച്ചിരുന്നു പോയി...

ഒരു വ്യത്യസ്ഥമായ യാത്രാ വിവരണത്തിന്റെ ഏടുകൾ തുറക്കുന്നു...

റമ്പാൻ ലാസറസ് ഒ.ഐ.സി. കോർഎപ്പിസ്ക്കോപ്പാ

**1980** കളിലേക്ക് ഊളിയിട്ട് ഇറങ്ങുമ്പോൾ എന്റെ മനോമുകുരത്തിൽ തെളിഞ്ഞു വരുന്ന ഒരു വിദേശയാത്രയുടെ ഒളി മങ്ങാത്ത ഓർമ്മകളാണ്.



ദൈവവഴികൾ അജ്ഞാതവും അവർണ്ണനീയവും ആണെന്നു നാം പ്രതീക്ഷിക്കാത്തതും അപ്രതീക്ഷിതവുമായ വാതിലുകൾ നമുക്കായി സ്വർഗ്ഗീയ പിതാവു തുറന്നു തരുമെന്നും ഒരു യാത്രയായിരുന്നു എന്റെ സൈപ്രസ് യാത്ര.

വിശുദ്ധനായ പൗലോസ് ശ്ലീഹാ തന്റെ മിഷ്യനറിയാത്രയിൽ ഏറെനാൾ തങ്ങിയ കുപ്രോസ് ദ്വീപിന്റെ പാവനമണ്ണിൽ, അതേ മണൽത്തരികളിൽ ചവിട്ടി നടക്കാനുള്ള അദമ്യമായ ഒരാവേശമായിരുന്നു എന്റെ ഉള്ളിൽ. വിമാനത്തിനു വേഗം പോരാ എന്ന തോന്നൽ.

വിമാനത്തിനുള്ളിൽ വച്ച് പലരും സംസാരിച്ചപ്പോൾ അവരാരും സൈപ്രസ് എന്ന വാക്കല്ല പറയുന്നതെന്ന് എനിക്ക് മനസ്സിലായി. "കുബ്രസ്, കുബ്രസ്" എന്ന് അവർ ഉച്ചരിക്കുന്നതു കേട്ടപ്പോൾ മലയാളം വേദപുസ്തകത്തിലെ കുപ്രോസ് തന്നെയാണ് അവരുടെ 'കുബ്രസ്' എന്ന് മനസ്സിലായി. വേദശാസ്ത്രപാരംഗതനും, ഗമാലിയേലിന്റെ പാദപീഠത്തിങ്കൽ പഠിച്ച പരീശന്മാരുടെ പരീശനും ആയ ആ മഹാമനുഷ്യനെ ക്രിസ്തീയസഭയിലെ മഹാ പരിശുദ്ധനും പതിമൂന്നാമത്തെ അപ്പോസ്തോലനുമാക്കി മാറ്റി മറിച്ച വിപ്ലവകരമായ മാനസ്സാന്തരകഥയിൽ മനസ്സ് ഇങ്ങനെ ചുറ്റിക്കറങ്ങിക്കൊണ്ടേയിരുന്നു. ദമസ്ക്കാസിന്റെ നേർവീഥിയിൽ അടിയേറ്റു വീണ ആ മഹാത്മാവിനെ വി. മാമോദീസായിലൂടെ വിശുദ്ധ പൊലോസ് ആക്കി മാറ്റി മറിച്ച വിശുദ്ധ അനന്യാസിന്റെ വീട്ടിലെ മുറി ഞാൻ മുമ്പ് സന്ദർശിച്ചിരുന്നു. ഇപ്പോഴിതാ അദ്ദേഹത്തിന്റെ ഒരു മിഷ്യനറി വയൽ സന്ദർശിക്കാൻ പോകുന്നു. ആവേശം ഒട്ടൊന്നുമില്ലായിരുന്നു.

വിമാനമിറങ്ങിയാൽ എയർപോർട്ടിൽതന്നെ ഉള്ള ഏതെങ്കിലുമൊരു ഫൈവ്സ്റ്റാർ കൗണ്ടറിൽ നിന്നും നിക്കോഷ്യയിലെ ഒരു ഹോട്ടലിൽ മൂന്നു ദിവസം തങ്ങി നാടു കണ്ടു മടങ്ങണമെന്ന് മാത്രമായിരുന്നു അപ്പോഴുണ്ടായിരുന്ന ആഗ്രഹം.

Best Compliments From

BHARAT AIR TRAVELS

Pathanamthitta, Kerala-689645
Phone : 0468 2222503, 3954435, 2228838
Mob : 98470 52503, Fax : 0468 2225119
E-mail : batpta@hotmail.com
Br : Kozhencherry. Tel : 0468 3954439




വിമാനം ലാർണക്കായുടെ മണ്ണിനെ സ്പർശിച്ച് കിതച്ചോടി നിന്നു. എന്നെ സ്വീകരിപ്പാനായി ആരുമുണ്ടായിരുന്നതായി അന്നേരം ഞാൻ ആരേയും കണ്ടില്ല. എന്റെ സാധന സാമഗ്രികളുമായി ഞാൻ ഒരു നിക്കോഷ്യൻ ഹോട്ടലിന്റെ കൗണ്ടറിലേക്കു നീങ്ങി. അവിടെ നൂറു ഡോളർ മുൻകൂർ കൊടുത്ത് നിക്കോഷ്യാ ഹോട്ടൽ ബുക്കു ചെയ്തു.

എന്റെ പെട്ടി കാറിന്റെ ഡിക്കിയിൽ എടുത്തുവെച്ചു. ഞാൻ ഒരു കാൽ കാറിലേക്കു വെച്ചപ്പോൾ ഒരു സായ്പ് ഓടിക്കതച്ച് എന്റെ അടുക്കൽ വന്നു ചോദിച്ചു.

"Did you see an Orthodox Priest in yourflight? (നിങ്ങൾ ഒരു ഓർത്തഡോക്സ് പുരോഹിതനെ ഈ വിമാനത്തിൽ കണ്ടോ?)

"ഞാൻ ഒരു ഓർത്തഡോക്സ് പുരോഹിതനാണ്." ഞാൻ പറഞ്ഞു.

"നിങ്ങൾ ഫാദർ ലാസ്സറാണോ? നിങ്ങൾ ഇന്ത്യൻ ഓർത്തഡോക്സ് സഭയിലേതാണോ?" സായ്പ് ജിജ്ഞാസയോടെ ചോദിച്ചു.

"അതെ എന്റെ പേര് അങ്ങനെ തന്നെ. നിങ്ങൾ എന്റെ പേര് എങ്ങിനെ അറിഞ്ഞു?" ഞാൻ കൗതുകത്തോടെ ചോദിച്ചു.

അയാൾ വളരെ ശാന്തനായി പറഞ്ഞു: "ഫാദർ, ഞാൻ അങ്ങയെ ഇതുവരെ നേരിട്ടു കാണുകയോ പരിചയപ്പെടുകയോ ചെയ്തിട്ടില്ലാത്തതുകൊണ്ട് ഞാൻ അന്വേഷിക്കുന്ന ആൾ ഇതു തന്നെയോ എന്ന് തിട്ടപ്പെടുത്തേണ്ടി വന്നു. അതുപോലെ അപരിചിതനായ എന്നിലും അങ്ങേയ്ക്കു സംശയം തോന്നിയിട്ടുണ്ടാവാം എന്ന് സ്വാഭാവികമാണ്. ഇനി ഞാൻ എന്നെ പരിചയപ്പെടുത്തട്ടെ:

ഞാൻ ആഗ്ലിക്കൻ സഭയിലെ ഇവിടുത്തെ പുരോഹിതനാണ്. ഞാൻ സ്ക്കോട്ട്ലാൻഡിൽ നിന്നാണ് ഇവിടുത്തെ ബിഷപ്പിന്റെ ക്ഷണം സ്വീകരിച്ച് ഇവിടേക്ക് വന്നത്. എന്റെ ബിഷപ്പ് ഇന്നലെ വൈകിട്ട് എന്നെ വിളിച്ചു പറഞ്ഞു: ഒരു ഫാദർ ലാസ്സറസ് നാളെ ഇത്ര മണിക്ക് എത്തുന്ന കെയ്റോ ഫ്ളൈറ്റിൽ മൂന്നു ദിവസത്തെ സന്ദർശനത്തിനായി ഇവിടെ എത്തും. അദ്ദേഹത്തെ സ്വീകരിച്ച് അച്ചന്റെ പാഴ്സനേജിൽ തന്നെ താമസിപ്പിക്കയും സൈപ്രസ് പര്യടനത്തിൽ വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുകയും വേണം."

സായ്പു പറഞ്ഞു നിർത്തിയപ്പോഴും എനിക്കു അത്ഭുതകരമായ സംശയം ബാക്കി നിന്നു.

"ഫാദർ നിങ്ങളുടെ ബിഷപ്പ് എങ്ങനെ എന്നെ അറിയും?"

"അത് എനിക്കറിഞ്ഞുകൂടാ. നാളെ നമ്മൾ അദ്ദേഹത്തെ കാണുന്നുണ്ട്. അപ്പോൾ നേരിട്ടു ചോദിക്കാം."

ഞങ്ങൾ കാറിൽ വെച്ച പെട്ടി തിരിച്ചെടുത്ത് ബുക്കു ചെയ്ത ഹോട്ടൽ മുറി ക്യാൻസൽ ചെയ്ത് തൊണ്ണൂറു ഡോളർ തിരികെ വാങ്ങി. സായ്പ് അച്ചന്റെ വീട്ടിലേക്ക് ഞങ്ങൾ യാത്ര ചെയ്തു.

ലാസറിന്റെ രണ്ടാം ജീവിതവും അറിയപ്പെടാത്ത ഒരു കഥയുടെ ചുരുളുകളും വിടരുന്നു.

ഞങ്ങളുടെ കാർ എയർപോർട്ട് വിട്ട് നഗരവീഥികളിലേക്കു പ്രവേശിച്ചു. പ്രധാനപ്പെട്ട സ്ഥലങ്ങൾ, സ്ഥാപനങ്ങൾ ഒക്കെ കടന്നു പോകുമ്പോൾ അദ്ദേഹം എനിക്ക് പരിചയപ്പെടുത്തിക്കൊണ്ടിരുന്നു. ഞങ്ങൾ ബീച്ചുറോഡിലേക്കു പ്രവേശിച്ചു. അപ്പോഴാണ് ഒരു വശത്ത് കുന്നുപോലെ ഉയരങ്ങളിൽ ഉപ്പുകൂനുകൾ കണ്ടത്. അതൊരു ഉപ്പളമാണെന്ന് (Salt pan) അദ്ദേഹം പറഞ്ഞു. ഞാൻ ചോദിച്ചു, "ഇവിടെ നിന്നാണോ സൈപ്രസ് മുഴുവനിലേക്കുമുള്ള ഉപ്പ് ലഭിക്കുന്നത്?"

"അതെ ഫാദർ" അദ്ദേഹം പറഞ്ഞു. പിന്നെപ്പറഞ്ഞ വാചകം എന്നെ അത്ഭുതപ്പെടുത്തി. "ഈ ഉപ്പളം അങ്ങയോടു ബന്ധപ്പെട്ടിരിക്കുന്നു."

"അതെങ്ങിനെ? വീണ്ടും എനിക്ക് അത്ഭുതം. "ഇതിന്റെ പേര് ലാസ്സറസ്സ് സോൾട്ട് പാൻ എന്നാണ്. അങ്ങയുടെ പേരു തന്നെയാണ് ഈ ഉപ്പളത്തിനും"

'ഓ! ഞാൻ അവിടെ എത്തും മുമ്പെ എന്റെ പേരിൽ അവിടെ ഒരു ഉപ്പളമോ എന്ന് ചിന്തിച്ച് ഞാൻ ചോദിച്ചു, "അതെങ്ങനെ ആ പേരു ഇതിനു കിട്ടി?"

"അങ്ങ് ഇവിടെ വരും മുമ്പെ ബഥനിയിലെ ഒരു ലാസ്സർ ഇവിടെ വന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ ഓർമ്മ നില നിർത്താനാണ് ഈ ഉപ്പളത്തിന് അദ്ദേഹത്തിന്റെ പേരു നൽകിയത്."

"എന്ത്! ബഥനിയിലെ ലാസ്സറോ?" ഞാൻ വീണ്ടും അത്ഭുതത്തോടെ ചോദിച്ചു.

"അതേ, മരിച്ച് മൂന്നു ദിവസം കഴിഞ്ഞ് ക്രിസ്തു ഉയർപ്പിച്ച ലാസ്സർ തന്നെ-അദ്ദേഹമാണ് ഈ സൈപ്രസിലെ പ്രഥമ മെത്രാപ്പോലീത്താ"-ഞാൻ വായ് പൊളിച്ചിരുന്നു പോയി. ഞാൻ കേട്ടിട്ടുപോലുമില്ലാതിരുന്നതും, ചരിത്ര ഏടുകളിൽ വായിച്ചറിയാൻ കഴിയാഞ്ഞതും വി. വേദം നിശ്ശബ്ദവുമായ ഒരു ചരിത്ര കഥയുടെ ചെപ്പ് അദ്ദേഹം തുറന്നു. പിറ്റെ ദിവസം ഞാൻ ഒരു ടൂറിസ്റ്റു സെന്ററിൽ നിന്നും വാങ്ങിയ സൈപ്രസിന്റെ ചരിത്ര പുസ്തകത്തിലും ഈ കഥ കാണുകയുണ്ടായി.

യേശുവിന്റെ പ്രിയ സ്നേഹിതനായ ആ പുണ്യ പുരുഷന്റെ നാമം മലങ്കരസഭയിലെ പട്ടക്കാരിൽ ആദ്യമായി ലഭിച്ചത് ബലഹീനനായ എനിക്കായിരുന്നു എന്നു ഞാൻ ഓർത്തു ചിന്ത പിന്നിലേക്കോടി:

"മരിച്ച് അഴുകിയ ശേഷം ഉയിർത്തെഴുന്നേറ്റവനായ ലാസ്സർ ജീവനുള്ള സാക്ഷിയായി കർത്താവിനെ സാക്ഷിക്കുന്നത് അന്നുണ്ടായിരുന്ന യഹൂദന്മാരെ സംബന്ധിച്ചിടത്തോളം ഒരു തലവേദനയായി മാറി. ലാസ്സർ മരിച്ച് അടക്കപ്പെട്ടതും, മൂന്നു ദിവസം കഴിഞ്ഞ് അഴുകിയവൻ ഉയിർത്തെഴുന്നേറ്റതും കണ്ടവർ അനേകരായിരുന്നതുകൊണ്ട് ആ അത്ഭുതം ആർക്കും നിഷേധിക്കാനാവാത്തവിധം ലാസ്സർ വീണ്ടും ചുറ്റി സഞ്ചരിച്ചാൽ യേശുവിനെതിരായി അവർ പറഞ്ഞു പരത്തിയ അപവാദങ്ങൾ അടിസ്ഥാന രഹിതമായി മാറും. അതുകൊണ്ട് ആ ജീവിക്കുന്ന സാക്ഷിയെ ഇനി വെച്ചുകൊണ്ടിരുന്നാൽ അപകടകരം തന്നെ. അതുകൊണ്ട് ലാസ്സറിനെ കൊല്ലുന്നതിന് അന്നത്തെ യഹൂദന്മാർ ഗൂഢാലോചന

# ബാലസഭ

## നടവഴികൾ...

### വീട്ടിലെ കംപ്യൂട്ടർ

സ്ക്കൂൾ സിലബസിൽ കംപ്യൂട്ടർ വന്നതു കാരണം ഇനി അതിനും മെനക്കെട്ടേ ഒക്കൂ!

"അമേരിക്കയിൽ... കുഞ്ഞുങ്ങളെ അക്ഷരം പഠിപ്പിക്കുന്നതു പോലും...." ചാക്കോസാർ ഇന്നു വലിയ ദേഷ്യത്തിലാണ്.

"ഇവിടെ ഈ ഒരു കംപ്യൂട്ടർ കൊണ്ട് എങ്ങനെയാ സാറേ ഞങ്ങൾ 60 പേര് പഠിക്കുന്നത്. സർക്കാർ സ്ക്കൂളിൽ പോലും കുറഞ്ഞത് 6–7 എണ്ണമുണ്ട്. അമേരിക്കയിലെ കാര്യം വിട് കോട്ടയത്തൊക്കെ ആക്രി ക്കടകളിൽ പഴയ കംപ്യൂട്ടർ കൊടുക്കാനുണ്ടെന്ന് കേൾക്കുന്നു സാറ് പോയി ഒന്നു തിരക്കിയാട്ടെ." എനിക്കുറക്കെ ഇങ്ങനെ ചോദിക്കണമെന്നുണ്ടായിരുന്നു സാറ് ചാക്കോയായതിനാലും വടി ചൂരലായതിനാലും ഞാൻ ഒന്നും മിണ്ടിയില്ല.

"നിനക്ക് കുറച്ച് തിയറി അറിയാമല്ലോ. കംപ്യൂട്ടറിന്റെ കുറച്ച് ഐറ്റംസ് എന്റെ വീട്ടിൽ വന്നാൽ കാണിക്കാം.."

ദിനേശന്റെ വാക്കുകൾ എനിക്ക് വിശ്വസിക്കാനായില്ല അപ്പൻ മരിച്ചുപോയ സാധു കുടുംബാംഗമാണിവൻ. വല്യപ്പനാണെങ്കിൽ മുഴുക്കുടിയൻ... അവനും കുന്ത്രാണ്ടം വാങ്ങിച്ചോ? ങ്ഹാ. ഉച്ചയൂണിന്റെ സമയത്ത് അവന്റെ വീട്ടിൽ പോയി നോക്കാം. നമുക്ക് വാങ്ങാനായില്ലെങ്കിലും ഒന്നു കണ്ടിരിക്കാം.

നട്ടുച്ചക്ക് വീട്ടിനുള്ളിലേക്ക് കയറിയപ്പോൾ കൂരിരിട്ട്. "അമ്മേ ഒരു ഗസ്റ്റുണ്ട്... ദിനേശ് ഉറക്കെ വിളിച്ചു അകത്തേക്ക് കയറി."

"ടാ... ഈ തൂക്കിയിട്ടിരിക്കുന്നതാണ് 'കീ ബോർഡ്' ഒരു ബോർഡിൽ കുറെ താക്കോലുകൾ തൂക്കിയിട്ടിരിക്കുന്നു. ഇവനാളു കൊള്ളാമല്ലോ... മനുഷ്യനെ പറ്റിക്കാനുള്ള പുറപ്പാടാ അല്ലേ...

"ഇതു മൗസ് പാഡ്" ഒരു എലി വില്ല് ചൂണ്ടി അവൻ പറഞ്ഞു രാത്രിയിൽ മൗസ് വരും 'അപ്പോൾ ക്ലിക്ക് ചെയ്തു തുടങ്ങും...'

'വെളിയിലേക്ക് ചൂണ്ടി ആ കാണുന്നതാണ് യു.പി.എസ്.... ദേവീ വിലാസം അപ്പർ പ്രൈമറി സ്ക്കൂൾ. താഴെ അതിന്റെ എൽ.പി.എസ്.

അടച്ചിട്ടിരുന്ന തേങ്ങാപുര തുറന്നു തേങ്ങയുടെ മോടങ്ങൾ കാട്ടി.... "ഇത് മോഡം... പുരമുകളിൽ നെറ്റ്". തേങ്ങാപ്പുരയുടെ മുകളിൽ നിറയെ ചിലന്തിവല.

ഇനി കുറച്ച് കൂടി പറയാം.

രാത്രി വല്യപ്പൻ കുടിച്ചിട്ട് വന്ന് കീ ബോർഡ് തപ്പും. വീട്ടിൽ കയറ്റില്ല ഇന്റർനെറ്റും മോഡവുമുള്ള തേങ്ങാപ്പുരയിലാണ് കിടപ്പ്.

മൗസ് ക്ലിക്ക് ചെയ്തു എലിവീണാൽ അതിനെ രാത്രി തന്നെ തേങ്ങാപ്പുരയിൽ ആക്കും. പിന്നെ അവിടെ കിടക്കാൻ ഒക്കില്ലല്ലോ. വല്യപ്പൻ അവിടെ നിന്നെഴുന്നേറ്റ് താഴെ ദേവീ വിലാസം യു.പി.എസ്. ലേക്ക് മാറും. പോകുന്നതിനു മുൻപ് ഒരു ചുമട് പുളിച്ച തെറി അകത്തേക്ക് ഡൗൺലോഡ് ചെയ്തിട്ടാണ് പോകുന്നത്. അത് കേൾക്കുന്ന പാതി വല്യമ്മ എഡിറ്റ് ചെയ്ത് അമ്മയെ വിളിക്കും. പാവം അമ്മ അത് ഡിലീറ്റ് ചെയ്ത് കതകടച്ച് പുര ഷട്ട് ഡൗൺ ചെയ്ത് വന്നു കിടക്കും.... എപ്പടി..?

കൊള്ളാം വേദനയുടെ മേമ്പൊടിയുള്ള നർമ്മം പിഴച്ചു പോകുന്ന മാനേജ്മെന്റ് സ്ക്കൂളുകൾക്ക് ഇതു ധാരാളം... ഞാൻ അഭിമാനത്തോടെ എന്റെ സതീർത്ഥ്യനെ നോക്കി.

ഫാ. തോമസ് പി. മുകളിൽ

## വചനപാത...

"ആത്മാവിൽ നാം ജീവിക്കുന്നു എങ്കിൽ ആത്മാവിനെ അനുസരിച്ച് നടക്കുകയും ചെയ്യുക"

ഗലാത്യർ 5:25

പ്രിയപ്പെട്ട കൂട്ടുകാരേ,

നിങ്ങളേവരുടെയും പഠനം ഭംഗിയായി നടക്കുന്നുവെന്ന് വിശ്വസിക്കുന്നു. നവംബർ മാസത്തിൽ പ. പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാളണല്ലോ. പ. തിരുമേനിയുടെ ജീവിതാനുഭവങ്ങൾ പഠിക്കുവാൻ ഈ മാസം വിനിയോഗിക്കണം. ഈ മാസം തന്നെയാണല്ലോ സൺഡേസ്ക്കൂൾ വാർഷിക പരീക്ഷ. പല കൂട്ടുകാരും സണ്ടേസ്ക്കൂൾ പഠനം ഗൗരവമായി എടുക്കുന്നില്ല. പരീക്ഷ എഴുതുവാൻ വേണ്ടി മാത്രം പുസ്തകം തലേന്നിരുന്ന് വായിച്ചിട്ട് പോകുന്ന പ്രവണത വർധിച്ചുവരുന്നുണ്ട്. എന്നാൽ ഇത് ആരോഗ്യകരമായ പ്രവണതയല്ല. സണ്ടേസ്ക്കൂൾ പഠനത്തിലൂടെയാണ് ഒരാത്മീയ അടിത്തറ കൂട്ടുകാർ ഉണ്ടാക്കിയെടുക്കേണ്ടത്. വി. വേദപുസ്തകം, സഭാചരിത്രം, സഭാ വിശ്വാസം, വി. കൂദാശകൾ, പ്രാർത്ഥനകൾ ഇവയെല്ലാം സണ്ടേസ്ക്കൂളിലൂടെയാണ് അഭ്യസിക്കേണ്ടത്. എന്നാൽ നമ്മുടെ സഭാംഗങ്ങളായ പല കൂട്ടുകാർക്കും ഇവയെ സംബന്ധിച്ച് അടിസ്ഥാന അറിവ് പോലുമില്ല എന്നത് സങ്കടകരമാണ്. ഒരു കൗമ പ്രാർത്ഥിക്കാനറിയാത്ത നിരവധിപേരെ അച്ചൻ കണ്ടിട്ടുണ്ട്. ആത്മീയമായ അടിത്തറ ഒഴിച്ചു നിർത്തിയിട്ടുള്ള ജീവിതം വിജയകരമാകില്ല. അതുകൊണ്ട് സൺഡേസ്ക്കൂൾ പഠനം കൂട്ടുകാർ ഗൗരവമായിട്ടെടുക്കണം. ആഴ്ചയിൽ മൂന്നു മണിക്കൂറെങ്കിലും ആത്മീയ പഠനങ്ങൾക്ക് വിനിയോഗിക്കണം. സണ്ടേസ്ക്കൂൾ വാർഷിക പരീക്ഷ നല്ല രീതിയിൽ പഠിച്ചെഴുതുക. സണ്ടേസ്ക്കൂളിൽ ഇതുവരെ പോയിട്ടില്ലാത്തവർ അടുത്ത അധ്യയന വർഷം മുതൽ ചേർന്ന് പഠിക്കുവാൻ ശ്രദ്ധിക്കുക.

**വേദപുസ്തക കഥാപാത്രങ്ങൾ**

### വി. യോഹന്നാൻ സ്നാപകൻ

സഖര്യാ പുരോഹിതന്റെയും ഏലിസബേത്തിന്റെയും മകനായിട്ടാണ് യോഹന്നാൻ സ്നാപകൻ ജനിച്ചത്. മക്കളില്ലാതിരുന്ന പ്രസ്തുത ദമ്പതികൾക്ക് ദൈവിക അരുളപ്പാട് വഴിയാണ് മകനെ ലഭിച്ചത്. സ്ത്രീകളിൽ ജനിച്ചവരിൽ ഏറ്റവും വലിയവൻ എന്നാണ് വി. വേദപുസ്തകം യോഹന്നാൻ സ്നാപകനെ വിശേഷിപ്പിക്കുന്നത് (വി. മത്തായി 11:11) ഒട്ടക രോമം കൊണ്ടുള്ള ഉടുപ്പും അരയിൽ തോൽവാറുമായിരുന്നു യോഹന്നാൻ സ്നാപകന്റെ വേഷം. അവന്റെ ആഹാരം വെട്ടുക്കിളിയും കാട്ടുതേനുമായിരുന്നു. സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ (വി. മത്തായി 3:2) എന്നതായിരുന്നു യോഹന്നാന്റെ പ്രസംഗത്തിന്റെ രത്നചുരുക്കം. യോർദ്ദാൻ നദിയിൽ വെച്ച് യേശുക്രിസ്തുവിന് സ്നാനം നൽകിയത് യോഹന്നാനായതുകൊണ്ടാണ് സ്നാപക യോഹന്നാൻ എന്ന പേരിൽ അറിയപ്പെടുന്നത്. അനീതിയെ എപ്പോഴും യോഹന്നാൻ ചോദ്യം ചെയ്തിരുന്നു. ഹെരോദാ രാജാവ് തന്റെ സഹോദര ഭാര്യയെ സ്വന്തമാക്കിയത് നീതിയല്ല എന്ന് യോഹന്നാൻ സ്നാപകൻ പ്രസംഗിച്ചു. അതിനാൽ ഹെരോദാവ് അവനെ തടവിലാക്കി. എന്നാൽ പ്രവാചകനായ യോഹന്നാനെ കൊല്ലുവാൻ ഹെരോദാവ് ഭയപ്പെട്ടു. (വി. മത്തായി 14:5) എന്നാൽ ഹെരോദാവിന്റെ ജനന ദിവസം ഹോരോദ്യയുടെ മകൾ ശലോമിയുടെ നൃത്തത്തിൽ പ്രസാദിച്ച രാജാവ് അവൾക്ക് ആഗ്രഹമുള്ളതെന്തും ചോദിക്കുവാൻ ആവശ്യപ്പെട്ടു. ഹോരോദ്യയുടെ നിർദ്ദേശപ്രകാരം ശലോമി ആവശ്യപ്പെട്ടത് സ്നാപക യോഹന്നാന്റെ തലയാണ്. അതിൻ പ്രകാരം സ്നാപക യോഹന്നാന്റെ തല വെട്ടി ശലോമിക്ക് നൽകി. അത് അവൾ അമ്മക്ക് കൊണ്ടുപോയി കൊടുത്തു.

*ഗുണപാഠം:* സാമൂഹ്യ നീതിക്കുവേണ്ടി പോരാടിയ വ്യക്തിത്വമാണ് സ്നാപക യോഹന്നാന്റേത്. രാജാവായാൽപോലും പറയേണ്ടത് പറയേണ്ടിടത്ത് പറയുവാൻ അദ്ദേഹം സന്നദ്ധനായി. ജീവനേക്കാൾ വലുത് സത്യവും ധർമ്മവും നീതിയുമാണെന്ന് അദ്ദേഹത്തിന്റെ ജീവിതം പഠിപ്പിച്ചു തരുന്നു. അതുകൊണ്ട് ജീവിതത്തിൽ സത്യത്തിനും, ധർമ്മത്തിലും നീതിക്കുവേണ്ടി നിലനില്ക്കുവാൻ കൂട്ടുകാർക്ക് കഴിയട്ടെ.

എന്ന് നിങ്ങളുടെ തരകനച്ചൻ, തേവലക്കര.

## ബുദ്ധിമാൻ



നടത്തിയെന്ന വിവരം നമ്മൾക്കറിവു ള്ളതാണല്ലോ."

ഈ വിവരം എങ്ങിനെയോ അറിഞ്ഞ ബഥനി സോദരിമാർ വീട്ടിലെത്തി ലാസ്സറിനെ വിവരം അറിയിച്ചിട്ടു പറഞ്ഞു, "മോനെ, നീ എവിടെയെങ്കിലും ഓടിപ്പോയി രക്ഷപെടണം. ഇനിയും ബഥനിയിൽ നീ കഴിയുന്നത് നിനക്ക് അപകടകരമാണ്. നിന്നെ കണ്ടാൽ അവർ കൊന്നു കളയമുമെന്ന് ഞങ്ങൾ ഭയപ്പെടുന്നു. ഇവിടുത്തെ ജീവിതം നിനക്കിനി സുരക്ഷിതമല്ലാ."

സ്വന്തം സഹോദരിമാരെ തനിയെ വിട്ടിട്ട് പോകാൻ ഇഷ്ടമില്ലാതിരുന്നിട്ടും, പ്രാണരക്ഷാർത്ഥം, അവരുടെ ഉപദേശം സ്വീകരിക്കാൻ നിർബന്ധിതനായി.

ആരോരുമറിയാതെ ഒരു ദിവസം ലാസ്സറസ് ബഥനിയിൽ നിന്നും അപ്രത്യക്ഷനായി. വള്ളത്തോടൊപ്പം സഹോദരിമാർ ഒരുക്കിക്കൊടുത്ത കുബ്ബൂസിന്റെ (വലിയ റൊട്ടി) സഞ്ചിയും വെള്ളം നിറച്ച തുരുത്തിയും ആയി ആ പരദേശ സഞ്ചാരി മദ്ധ്യധരണിക്കടലിന്റെ തീരമണഞ്ഞു. ആരുടേയും ശ്രദ്ധയിൽ പെടാതെ ആ വെള്ളം കടലിലേക്കു നീങ്ങി. തെറുത്തു വെച്ചിരുന്ന പായ്കൾ നിവർത്തിയതോടെ കാറ്റിന്റെ വേഗത്തിൽ ആ വെള്ളം കടൽ തരംഗങ്ങളെ മുറിച്ച് മെഡിറ്ററേനിയന്റെ വിരിമാറിലൂടെ ലക്ഷ്യമില്ലാതെ ഓടിത്തുടങ്ങി.

അവസാനം ഭയപ്പെട്ടിരുന്നതു സംഭവിച്ചു. ഭക്ഷണപാനീയങ്ങൾ അവസാനിച്ചു. വിശപ്പും ദാഹവും അലട്ടി തുടങ്ങി. ക്ഷീണം കൂടി കൂടി അതികഠിനമായി വരുന്നു.

ലാസ്സറസ്സ് വള്ളത്തിൽ മുട്ടു മടക്കി. അത്യുന്നതനിലേക്കു നോക്കി അവൻ കരഞ്ഞു. ആരു കേൾക്കാൻ? അവൻ ഉറക്കെ ചോദിച്ചു: "തമ്പുരാനേ, എന്തിനാണ് എന്നെ മരിച്ചവരുടെ ഇടയിൽ നിന്നും എന്നെ വിളിച്ച് ഈ ജീവനുള്ളവരുടെ മദ്ധ്യേ ആക്കിയത്? ഈ ഓളങ്ങളുടെ മദ്ധ്യേ പട്ടിണി മരണത്തിനു വേണ്ടിയോ? എനിക്കു പരാതിയില്ല. ഇതു തിരുഹിതമെങ്കിൽ അതുപോലെ ഭവിക്കട്ടെ."

ചോദ്യങ്ങൾക്ക് ഒന്നിനും ഉത്തരമില്ല. പകരം ഫൂൽക്കാരശബ്ദത്തിൽ ചീറിയടിച്ച ഒരുഗ്രൻ ഈശാനുമൂലൻ ലാസ്സറിനെ വള്ളത്തിൽ അടിച്ചു വീഴ്ത്തി പിന്നെന്തു സംഭവിച്ചു? ഒന്നും ഓർമ്മയില്ല. പിന്നെ സംഭവിച്ചതൊന്നും അവനറിഞ്ഞില്ല. ആടിത്തിമിർത്ത പെരുംകാറ്റ് ആ കൊച്ചു നൗകയെ എവിടെയോ, എങ്ങോട്ടോ കൊണ്ടുപോയി. ഒടുവിൽ എവിടെയോ ഒരു കരയിൽ അടിച്ചു കയറ്റി. വളരെ നേരം കഴിഞ്ഞ് മയക്കത്തിൽ നിന്ന് ഉണർന്ന് ലാസ്സറസ് കണ്ണു തുറക്കുമ്പോൾ താൻ ഏതോ കടൽക്കരയിലെ പൂഴിമണ്ണിൽ കിടക്കുന്നതാണ് കണ്ടത്. തന്റെ വള്ളം പൊട്ടിപ്പൊളിഞ്ഞ് മണൽത്തരികളിൽ മുഖം പൂഴ്ത്തി കിടക്കുന്നു.

എവിടെയാണ് താൻ? ഏതായാലും ആഴക്കടലിലല്ലല്ലോ. ഈ അജ്ഞാത സ്ഥലത്ത് മനുഷ്യർ ആരുമില്ലേ? ഒരു മനുഷ്യ ശബ്ദത്തിനായി അവൻ കൊതിച്ചു. ഏറെനേരം മണൽക്കരയിലെ തൂവെള്ള വിരിപ്പിൽ അവൻ കിടന്നു. ക്ഷീണം അവന്റെ കണ്ണുകളെ തഴുകി. അവൻ ഉറങ്ങിപ്പോയി. ഉറങ്ങിക്കൊള്ളു! എത്ര ദിവസമായി ഒന്ന് നന്നായി ഉറങ്ങിയിട്ട്.

വീണ്ടും കണ്ണു തുറന്നു. കടൽക്ഷോഭത്തിലെ ക്ഷീണം ഉറക്കംകൊണ്ട് ഒട്ടൊക്കെ മാറിയെങ്കിലും ഭക്ഷണം ലഭിക്കാഞ്ഞതുമൂലം ശരീരം തളരും പോലെ. ഒരു മനുഷ്യ സഹായത്തിനുവേണ്ടി അവൻ ക്ഷീണിതനായി ആടി ആടി പതിയെ നടന്നു.

അപ്പോഴാണ് അവനത് കണ്ടത്. ദൂരെ സുന്ദരമായ ഒരു മുന്തിരിത്തോട്ടം. പഴുത്തുലഞ്ഞ മുന്തിരിക്കുലകൾ തൂങ്ങി ആടി ആ തോട്ടത്തെ ആകർഷമാക്കിയിരിക്കുന്നു. ആരോ ഭംഗിയായി സൂക്ഷിക്കുന്ന നല്ല ഒരു തോട്ടം. തന്റെ വിശപ്പിന് കുറെ മുന്തിരിങ്ങാ ചോദിച്ചു വാങ്ങുകതന്നെ.

പ്രധാന ഗേറ്റിങ്കൽ ലാസ്സറസ്സ് എത്തി. ഹാ! ഭാഗ്യം! ശാലീനമുഖമുള്ള ഒരു വല്യമ്മച്ചി കവാടത്തിൽ ഇരിക്കുന്നു.

'അമ്മേ'! ലാസ്സറസ് അരുമയോടെ വിളിച്ചു. മറുപടി രൂക്ഷമായ ഒരു നോട്ടം. ആ കണ്ണുകളിൽ നിന്നും തീപ്പൊരി പാറുന്നുവോ?

ആ സ്ത്രീ ആഗതനെ സൂക്ഷിച്ചു നോക്കുന്നു. ഏതോ അന്യനാട്ടിൽ നിന്നും ചാടിയ മട്ടുണ്ട്. "എന്താടോ?" "തനിക്ക് എന്തു വേണം?" സ്വരത്തിലും പാരുഷ്യം.

"അമ്മേ, വിശക്കുന്നു. ഏറെ ദിവസമായ് ഭക്ഷണം കഴിച്ചിട്ട്. ഇത്തിരി മുന്തിരിങ്ങാ കിട്ടിയിരുന്നെങ്കിൽ" വല്യമ്മയുടെ മുഖം ചുവന്നു. കണ്ണുകളിൽ നിന്നും തീപ്പൊരി പാറി. ആർദ്രഹൃദയം പ്രതീക്ഷിച്ചിടത്ത് കരിങ്കല്ലാണോ?

"ഓഹോ, മുന്തിരിങ്ങാ കാണുമ്പോൾ എല്ലാവനും വിശപ്പ് ഏറും. തന്റെ പെമ്പിള ഈയിടെ വീട്ടിൽ കഞ്ഞി അനത്താറില്ലേ? പരിഹാസത്തിൽ ആരംഭിച്ച വാക്കുകൾ പെട്ടെന്ന് ഭർത്സനമായ് മാറി. അവർ കഠോര ശബ്ദത്തിൽ അലറി," പൊയ്ക്കോ വേഗം. ഈ വർഷം പൊതുവേ വിളവു മോശം. സകലവും നഷ്ടത്തിൽ കലാശിച്ചിരിക്കുമ്പോഴാണ് വഴിയിൽ കൂടി വരുന്ന തെണ്ടികൾക്കെല്ലാം മുന്തിരിങ്ങാ സപ്ലൈ ചെയ്യുക. ഓടിക്കോ–ഹും."

പൈദാഹങ്ങൾ ഒരു വശത്ത്; മറുവശത്ത് ആ ദുഷ്ടത്തിയുടെ ഭർത്സനം. രണ്ടിന്റേയും മദ്ധ്യത്തിൽ മനസ്സ് ക്ഷീണിതമാവുകയും താൻ ആഗ്രഹിക്കാത്ത ഒരു ശാപ വചനം അറിയാതെ ആ പരിശുദ്ധ വായിൽ നിന്നും ഉതിർന്നു വീണു.

"ഈ ഭൂമി ഇനി വിളവു തരാതെ പോകട്ടെ" ആ മുന്തിരിത്തോട്ടം സ്ഥിതി ചെയ്ത സ്ഥലം പിൽക്കാലത്ത് ഊഷരമാവുകയും കടൽവെള്ളം കയറി ഒരു ഉപ്പളമായ് രൂപാന്തരപ്പെടുകയും ചെയ്തു എന്നാണ് സൈപ്രസ് പാരമ്പര്യം പറയുന്നത്.

ക്ഷീണിതനായ ലാസ്സറസ് വീണ്ടും മുന്നോട്ടു പോയി. താമസിയാതെ മനസ്സലിവിലുള്ള യഥാർത്ഥ മനുഷ്യരെ അദ്ദേഹം കണ്ടെത്തി പൈദാഹങ്ങൾക്കു ശമനം വരുത്തി. വീണ്ടും ആ ദ്വീപിലെ ആളുകളെ അദ്ദേഹം പരിചയപ്പെടുകയും അനേകം പ്രദേശങ്ങളിൽ ചുറ്റി സഞ്ചരിച്ച് അവരോട് ഇഴുകിച്ചേർന്ന് അവരിൽ ഒരാളായി മാറുകയും ചെയ്തു. അങ്ങനെ പൂർവ്വകാലചരിത്രവും മരണത്തിന്റെയും



പിടിയിൽ നിന്നും കല്ലറയിലെ ഇരുളിൽ നിന്നും മൂന്നു ദിവസം കഴിഞ്ഞ് മടങ്ങിയെത്തിയകഥയും കേട്ടവർ അത്ഭുതപരതന്ത്രരായി ആ കഥകൾ കേട്ടിരുന്നു. വളരെപ്പേർ യേശുക്രിസ്തുവിന്റെ അനുയായികളായിത്തീർന്നു. അങ്ങിനെ സൈപ്രസിലെ ക്രിസ്തീയ സഭയ്ക്കു ബീജാവാപം നടത്തുവാനായിരുന്നു ലാസ്സറിന്റെ കപ്പൽ ഛേദവും കടലിലെ യാതനകളും ഒരുക്കിയതെന്ന് പിന്നീടു മാത്രമേ മനസ്സിലായുള്ളു. ചരിത്രത്തിൽ പ്രവർത്തിക്കുന്ന ദൈവത്തിന്റെ വഴികൾ അജ്ഞാതം തന്നെ.

ഇക്കഥയൊന്നും അറിയാതെയാണ് ജാതികളുടെ അപ്പോസ്തോലനായ വി. പൗലോസും സഹചരനായ തിമോത്തിയോസും ഒരുമിച്ച് കുപ്രോസ് ദ്വീപിൽ മിഷ്യനറി യാത്രാമദ്ധ്യേ എത്തിച്ചേർന്നത്.

"ആരാണ് എനിക്കു മുമ്പെ ഈ ദൂതുമായി ഇവിടെ എത്തിയത്?" ശ്ലീഹാ അമ്പരന്ന് അവരോടാരാഞ്ഞു. "ബഥനിയിലെ ലാസ്സർ" അവർ പറഞ്ഞു.

ലാസ്സറിന്റെ ദർശനത്തിൽ പൗലോസ് ശ്ലീഹാ സന്തോഷ, അത്ഭുത സമ്മിശ്ര വികാരം കൊണ്ടു നിറഞ്ഞു. പിന്നീടു നടത്തിയ സൈപ്രസിലെ യാത്രകളിൽ അവർ ലാസ്സറസ്സിനേയും സംഘത്തിൽ ചേർത്തു. ഈ മൂന്നു മിഷ്യനറിമാരാണ് സൈപ്രസിനെ പൂർണ്ണമായി ക്രൈസ്തവീകരിച്ചത്.

വി. പൗലോസും തിമോത്തിയോസും മടങ്ങുന്നതിനു മുമ്പ് ലാസ്സറസ്സിനെ സൈപ്രസ് സഭയുടെ പ്രഥമ ബിഷപ്പായി പട്ടംകെട്ടുകയും അവിടുത്തെ സഭയുടെ ഭരണക്രമീകരണങ്ങൾ നടത്തുകയും ചെയ്തു എന്ന് സൈപ്രസ് ചരിത്രം പറയുന്നു.

പിറ്റേദിവസം എന്റെ ആതിഥേയൻ ആഗ്ലിക്കൻ അച്ചനുമൊത്ത് സെന്റ് ലാസ്സറസ് ചർച്ചിലെ അദ്ദേഹത്തിന്റെ 'രണ്ടാം കല്ലറ' സന്ദർശിക്കുകയും ഫോട്ടോ എടുക്കുകയും ചെയ്തു.

ഈ പാരമ്പര്യകഥയുടെ നിജസ്ഥിതിയെക്കുറിച്ച് എനിക്ക് വ്യക്തമായി അറിഞ്ഞുകൂടെങ്കിലും കേരള. ക്രിസ്ത്യാനി സഭ എങ്ങിനെ തോമ്മാശ്ലീഹായിൽ വിശ്വസിക്കുന്നുവോ അതുപോലെ സൈപ്രസിലെ മുറ്റിത്തഴച്ച ഓർത്തഡോക്സ് സഭ ലാസ്സറസ്സിന്റെ പാരമ്പര്യത്തിലും ഉറച്ചു വിശ്വസിക്കുന്നു. ആ പുണ്യവാന്റെ കുഴിമാടത്തിൽ നിന്നു ഞാൻ മടങ്ങുമ്പോൾ പറഞ്ഞു; "ലാർണക്കായുടെ കടൽക്കാറ്റിലുറങ്ങുന്ന കർത്താവിന്റെ സ്നേഹിതാ!" ലാസ്സറസ്സേ ഉറങ്ങി വിശ്രമിച്ചാലും, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചാലും"

ഞാൻ മൂന്നു ദിവസത്തെ താമസത്തിനിടയിൽ എന്നെപ്പറ്റി ആതിഥേയനായ അച്ചന് നിർദ്ദേശം കൊടുത്ത ബിഷപ്പിനെ സന്ദർശിക്കുകയുണ്ടായി. എന്റെ അനുജൻ കെ.സി. മാത്യൂസ് അച്ചന്റെ ഒരു സ്നേഹിതനാണ് ബിഷപ്പ് എന്നും ഞാൻ കുവൈറ്റ് വിട്ടശേഷം അച്ചനാണ് എന്റെ സൈപ്രസ് സന്ദർശനത്തെക്കുറിച്ച് ബിഷപ്പിനെ ഫോണിൽ അറിയിച്ചതെന്നും പറഞ്ഞു. ഞാനറിയാതെ നടന്ന ആ ക്രമീകരണങ്ങളിലാണ് ഞാൻ അസ്വാളിച്ചത്. ദൈവം എല്ലാം നന്മയ്ക്കായി വ്യാപരിപ്പിക്കുന്നു. ❖


## 60th Wedding Anniversary



MARIAMMA MATHAI - V. V. MATHAI

VADAKEKARA

PULICKALKAVALA

VAZHOOR

## പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ



മാർ ബസേലിയോസ് ഔഗേൻ ബാവാ
(30-ാം ഓർമ്മ) ഡിസംബർ - 8



ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ
(9-ാം ഓർമ്മ) നവംബർ - 8



പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് - II (189-ാം ഓർമ്മ), നവംബർ - 24



തോമാ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ (33-ാം ഓർമ്മ)
ഡിസംബർ - 3



പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (9-ാം ഓർമ്മ)
നവംബർ - 24


പരപ്പുഴ
സെയിൽസ് കോർപ്പറേഷൻ



പരപ്പുഴ ബിൽഡിംഗ്, ചർച്ച് റോഡ്, കോഴഞ്ചേരി
ഫോൺ: 95468 - 2214600, 0468 - 3090268
e-mail: parapuzha_sales@rediffmail.com

- വിശ്വസ്തമായ 11 വർഷത്തെ വിപണന പാരമ്പര്യം
- Saint -Gobain, Asahi India Glass എന്നീ കമ്പനികളുടെ അംഗീകൃത വിതരണക്കാർ.
- Front Door Locks (Italy, Godrej, dorest, Aloytec, 4c Agme) തിരഞ്ഞെടുക്കുവാൻ 400 -ൽ പരം മോഡലുകൾ ഉള്ള ലോക്ക്സ് ഗ്യാലറി ഞങ്ങളുടെ മാത്രം പ്രത്യേകത
- മണിച്ചിത്രത്താഴുകൾ
- അലുമിനിയം, ബ്രാസ്സ്, അയൺ, സ്റ്റീൽ ഫിറ്റിങ്ങുകൾ
- ഷോറൂമുകളുടെ Front Glass കൾ ഉത്തരവാദിത്വത്തോടെ ഫിറ്റ് ചെയ്തു കൊടുക്കുന്നു.
- ഫാൻസി ഹാന്റിലുകൾ, ഗ്ലാസ് ഹാന്റിലുകൾ
- Glass staining, Polishing, Bevelling, Etching
- 5 വർഷത്തെ ഗ്യാരന്റിയോടുകൂടി ബാത്ത്റൂം ഡോറുകൾ
- Marine & Commercial പ്ലൈവുഡുകൾ
- Jackwood, M.D.F. ബോർഡുകൾ

ഉപഭോക്താക്കളോടുള്ള ഉത്തരവാദിത്വത്തിൽ എന്നും ഒന്നാമത്
പരപ്പുഴ സെയിൽസ് കോർപ്പറേഷൻ




# വായനക്കാരുടെ കത്തുകൾ

### സഭയുടെ നന്മ മുഖ്യം

2005 ആഗസ്റ്റിൽ മലങ്കരസഭാ മാസികയിൽ ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മറ്റിയ്ക്കെതിരായി അഭിവന്ദ്യ ജോബ് മാർ പീലക്സിനോസ് തിരുമേനി എഴുതിയ കത്തിന്റെ മറുപടി

മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മറ്റിയുടെ അധികാരത്തേയും സാധുതയേയും വെല്ലുവിളിക്കുന്ന രീതിയിൽ അഭി. ജോബ് മാർ പീലക്സിനോസ് തിരുമേനിയുടെ ഒരു കത്ത് മലങ്കരസഭാ മാസികയുടെ 2005 ഓഗസ്റ്റ് ലക്കത്തിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത് വായിക്കുവാൻ ഇടയായി.

സഭയെപ്പറ്റി സഭാമക്കൾ ആഗ്രഹിക്കുന്നതും സഭയുടെ നല്ല ഭാവിക്കുവേണ്ടി ഉചിതമായി തോന്നുന്നതുമായ കാര്യങ്ങൾ അംഗങ്ങൾ മാനേജിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുമ്പോൾ അത് പാർലമെന്റിലും നിയമസഭയിലും നടക്കുന്നതുപോലെയാണെന്ന് ഉപമിച്ചത് സഭാ മാനേജിംഗ് കമ്മറ്റിയുടെ ധാർമ്മിക ഉത്തരവാദിത്വത്തെ വിസ്മരിച്ചതുകൊണ്ടാണ്. സഭയെ സ്നേഹിക്കുന്ന കമ്മറ്റി അംഗങ്ങൾക്ക് സഭയുടെ വളർച്ചയെ ഹനിക്കുന്ന കാര്യങ്ങൾ കാണുമ്പോൾ പ്രതികരിക്കാതിരിക്കുവാൻ കഴിയുന്നില്ല. പതുക്കെ പറയുമ്പോൾ അതു മുഖവിലയ്ക്കെടുക്കാതെയും വാക്കുകൾക്ക് വില കൽപിക്കാതെയും ഇരിക്കുമ്പോൾ കാര്യങ്ങളുടെ ഗൗരവം അനുസരിച്ച് ശബ്ദം ഉയർത്തി പറയുവാൻ അംഗങ്ങൾ പ്രേരിതരാകുന്നതിനെ 'യാഥാർത്ഥ്യം മനസിലാക്കാത്തതുകൊണ്ടാണ്' എന്നു വിശേഷിപ്പിച്ചിരിക്കുന്നത് കാര്യങ്ങളെ ഗൗരവപൂർവ്വം കാണാത്തതുകൊണ്ടാണ്.

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ചില നിർദ്ദേശങ്ങൾ താൽക്കാലികമായിരുന്നുവെന്നും അതിന് ഭാവിയിൽ സാധുതയില്ലായെന്നും വ്യാഖ്യാനിച്ചിരിക്കുന്നത് കണ്ണടച്ച് ഇരുട്ടാക്കുന്നതുപോലെയാണ്. മാത്രമല്ല ഇത്തരത്തിലുള്ള പ്രസ്താവനകൾ ഭാവിയിൽ എതിർവിഭാഗത്തിന് അനുകൂലമായ വ്യാഖ്യാനത്തിന് അവസരം കൊടുക്കുന്നതുമാണ്.

ലെറ്റർ ഹെഡിന്റെ തലപ്പത്ത് ഒരു സ്ഥാനം കൂടി എഴുതുവാനും ചരമക്കുറിപ്പിനോടൊപ്പം മുൻമാനേജിംഗ് കമ്മറ്റിയംഗമെന്ന് എഴുതി ചേർക്കുവാൻ വേണ്ടിമാത്രം സ്ഥാനങ്ങൾ വഹിച്ചിരിക്കുന്നവരുടെ സ്ഥാനത്ത് സഭയെ പ്പറ്റി ചിന്തയും ഉത്തരവാദിത്തവുമുള്ളവൻ മുഖം നോക്കാതെ സംസാരിക്കുന്നതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല. കാരണം, വ്യക്തിലാഭത്തേക്കാൾ ഉപരി സഭയുടെ പുരോഗതിയും വിശ്വാസ പാരമ്പര്യ സംരക്ഷണവുമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.

തിരുമേനി എല്ലാ മാനേജിംഗ് കമ്മറ്റിയിലും സജീവമായി സംബന്ധിക്കുകയും കാര്യങ്ങൾ നിഷ്പക്ഷമായി വിലയിരുത്തുകയും ചെയ്തിരുന്നു എങ്കിൽ ഒരു പക്ഷേ ഇത്തരം ഒരു കത്ത് എഴുതുവാൻ തിരുമേനിയുടെ മനസ്സ് അനുവദിക്കുമായിരുന്നില്ല.

സഭയുടെ ഭാവിക്ക് ശോഭനമായ വഴി തുറന്നു കാട്ടുവാൻ ഞങ്ങളെ തിരഞ്ഞെടുത്ത സഭാ മക്കളോട് ഞങ്ങൾക്ക് എന്നും കടപ്പാടുണ്ട്. അവരുടെ വികാരം മാനേജിംഗ് കമ്മറ്റിയിൽ തുറന്നുപറയുവാനും അതുവഴി സഭയുടെ ഭാവി ശോഭനമാക്കുവാനും ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. അതിനുവേണ്ടി തുടർന്നും നീതിയുക്തവും ധാർമ്മികവും ദൈവഹിതത്തിന് അനുസരണവുമായ കാര്യങ്ങൾ തുറന്നു പറയുവാൻ ഞങ്ങൾ തയ്യാറാണ്.


സി. സി. ചെറിയാൻ
(സഭാ മാനേജിംഗ് കമ്മറ്റി മെമ്പർ)


❖

### PHILEXENOS THIRUMENI'S LETTER

This has reference to venerable Thirumeni's open letter published in August issue of Malankara Sabha.

The interpretation of Thirumeni that the Supreme Court had empowered the Managing Committee with power to execute Certain specified duties and after its execution the Managing Committes duties should cease, is a tangent statement and that it apears to be not correct. It is to be borne in mind that the Supreme Court is a great advocate of democrac and democratic ideologies at all levels of our Church activities. It has asked for elections at various departments and strata of our Church systems. Apart from that the court insisted upon conducting elections for different positions in every five year in future too.

Our Managing Committee Members are generally well educated and seasoned social leaders and above all well-wishers of the Orthodox Sabha. They are very well aware of their rights and limitations. I would like to mention that Malankara Orthodox Sabha is only a quasi-Episcopal Sabha. Limited democracy pervades at all levels of our Church activities-even for the selectin of Bishops and Bavathirumeni. Now it is often observed that the decisions

taken at the Mananging Committee level, are not given much importance by the Church leaderships and the Holy Episcopal synod. Even after repeated reminders by the Managing Committee, the Church leadership does not bother much to take suitable decisions on many of the important matters. This repeated disregard causes irritation, disgust, open rift and later revolt. To this state of affairs really who is to be blamed?

Our Church leadership should accept our Lord's instruction in its spirit-Lest we should offend the Members of the Managing Committe; let us accept some of the reasonable decisions they had taken. This reasonable gesture will definitely clear the sky from the clouds.

**Kuruvilla M. Peter,**
Mattackal, Bangalore

❖

ബഹുമാന്യനായ സി. കെ. വർഗീസ് 'കൊച്ചേരിൽ അച്ചൻ' പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് തിരുമനസ്സിനെ സംബന്ധിച്ച് ഓഗസ്റ്റ് മാസത്തിൽ സഭാ മാസികയിൽ എഴുതിയിരുന്ന ലേഖനം വളരെ നല്ലതായിരുന്നു. അച്ചന്റെ ലേഖനത്തിൽ എഴുതാത്തതും എന്റെ അറിവിൽ ഉള്ളതുമായ രണ്ട് കാര്യങ്ങൾ കുറിക്കട്ടെ. മാർതോമാശ്ലീഹായാൽ സ്ഥാപിതമായ ഭാരതത്തിലെ ഓർത്തഡോക്സ് സഭയിൽ നിന്ന് കൊൽക്കത്താ ബിഷപ്സ് കോളേജിൽ പോയി വൈദീക വിദ്യാഭ്യാസം നടത്തിയ ആദ്യത്തെ വ്യക്തിയാണ് തിരുമേനി. അദ്ദേഹത്തിനു മുമ്പ് മറ്റ് ആരെങ്കിലും പോയി പഠിച്ചിട്ടുള്ളതായി അറിവില്ല.

മലങ്കര റീത്ത് റോമ്മാ സഭയുടെ സ്ഥാപകൻ മാർ ഈവാനിയോസ് തിരുവനന്തപുരത്ത് വച്ച് മരിക്കുന്നതിന് വളരെ മുമ്പ് നല്ല സുബോധമുള്ളപ്പോൾ താൻ ഭാരതത്തിലെ മാതൃസഭയെ ഇല്ലായ്മ ചെയ്യാനായി കാട്ടിക്കൂട്ടിയതെല്ലാം തെറ്റിപോയി എന്ന് ബോധ്യമുണ്ടായപ്പോൾ (ഈ മാനസാന്തര പ്രകടനവും മുൻകൂട്ടി ഉദ്ദേശിച്ചിരുന്നതാണെന്നാണ് അറിവ്) തനിക്ക് ഓർത്തഡോക്സ് സഭയിലെ ഒരു മെത്രാപ്പോലീത്തായിൽ നിന്ന് പാപമോചനം പ്രാപിക്കണമെന്ന് ആഗ്രഹമുണ്ടായി. അതിന് അദ്ദേഹം ക്ഷണിച്ചു വരുത്തിയത് നമ്മുടെ പാറേട്ടെ തിരുമനസ്സിനെയാണ്. തിരുമേനി പട്ടത്ത് ബിഷപ്പ് ഹൗസിൽ ഈവാനിയോസിന്റെ മുറിയിൽ എത്തിയപ്പോൾ "റീത്തച്ചൻമാർ എല്ലാം നമ്മുടെ മുറിയിൽ നിന്ന് ഇറങ്ങി പോകൂ" എന്ന് അദ്ദേഹം ആജ്ഞാപിച്ചു. നമ്മുടെ തിരുമേനിയെ മാത്രം മുറിയിൽ പ്രവേശിപ്പിച്ച് മുറി അടച്ച് താൻ ചെയ്ത് കൂട്ടിയതെല്ലാം തെറ്റിപോയി എന്ന് ഓരോന്നോരോന്നായി ഏറ്റു പറഞ്ഞു. അങ്ങ് ചെയ്തതെല്ലാം അറിഞ്ഞു കൊണ്ട് മനഃപൂർവ്വമായി ചെയ്തതാണല്ലോ. ആയത് പരിശുദ്ധാത്മാവിനെതിരായി ചെയ്ത ചെയ്തികളാണെന്ന് ആബൂന് അറിയാമല്ലോ എന്ന് നമ്മുടെ പാറേട്ടെ തിരുമേനി പറഞ്ഞതിനുശേഷം അദ്ദേഹത്തിന്റെ തലയിൽ കൈ വച്ച് പ്രാർത്ഥിച്ചു. തുടർന്ന് തിരുമേനി കോട്ടയത്തിനു മടങ്ങി.

**ഫാ. ജോസ് പെരുമാൾ**
**മണലിൽ**

❖

പ്രിയപ്പെട്ട അച്ചന്,

കഴിഞ്ഞ ലക്കം മൂന്ന് കാര്യങ്ങൾ ശ്രദ്ധേയമായി. ഒന്നാമതായി ഇപ്പോൾ ഏറെ ചർച്ച ചെയ്യ ചെയ്യപ്പെടുന്ന വിഷയമായ മെത്രാന്മാരുടെ സ്ഥലമാറ്റവും, റിട്ടയർമെന്റും സംബന്ധിച്ച എഡിറ്റോറിയൽ. ഏറ്റവും തൃപ്തികരമായ വിശദീകരണമായിരുന്നു. ഔദ്യോഗിക വിശദീകരണം താമസിക്കാതെ ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

എം. കുര്യൻ തോമസിന്റെ ലേഖനം മലങ്കരസഭയുടെ ലിഖിത നിയമങ്ങളുടെ അഭാവത്തെ വിളിച്ചോതുന്നു. കാതോലിക്ക വാഴ്ചയെക്കുറിച്ചാണ് അദ്ദേഹം സൂചിപ്പിച്ചതെങ്കിലും സഭയുടെ പ്രധാനപ്പെട്ട പല ശുശ്രൂഷകളിൽ സംബന്ധിപ്പിക്കുമ്പോഴെല്ലാം ഒരു ഏകീകരണ സ്വഭാവം ഉള്ളതായി തോന്നാറില്ല. ഫാ. റ്റി. ജെ. ജോഷ്വായുടെ അമേരിക്കൻ ഭദ്രാസനത്തെക്കുറിച്ചുള്ള ലേഖനവും പ്രസക്തമായിരുന്നു. ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഇന്നും നാം തുബ്ദേനിൽ പഴയ അന്ത്യോഖ്യൻ രീതിയാണ് ഉപയോഗിക്കുന്നത്. തുബ്ദേനിൽ നമ്മുടെ കാതോലിക്കയെ 'ബസേലിയോസ്' എന്ന് ഒഴുക്കൻ മട്ടിൽ ഓർക്കുക മാത്രമേ ചെയ്യുന്നുള്ളൂ. പലർക്കും ഈ ബസേലിയോസ് നമ്മുടെ കാതോലിക്കോസ് എന്ന് അറിയുക പോലുമില്ല. ഇത് മാറണം തുബ്ദേനിൽ ബസേലിയോസിനെ സൂചിപ്പിക്കുന്ന സ്ഥാനത്ത് നമ്മുടെ കാതോലിക്കോസ് ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ എന്ന് വ്യക്തമായി പറയണം.

മാസികയിലെ അറിയിപ്പനുസരിച്ച് പെരുന്നാൾ പ്രമാണിച്ച് 3 ദിവസം മലങ്കര സഭാ മാസികയുടെ ഓഫീസ് പരുമലയിൽ പ്രവർത്തിക്കുന്നതാണ്. സഭയുടെ ഏറ്റവും പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമാണ് പരുമല. സഭയുടെ വിശ്വാസ ആസ്ഥാനം എന്ന് തന്നെ പരുമലയെ വിശേഷിപ്പിക്കാം. അവിടെ ഇത്രകാലമായും മലങ്കരസഭയ്ക്ക് ഒരു ഔദ്യോഗിക സ്ഥാനവും സ്ഥിരം ഓഫീസും ഇതുവരെ നൽകാൻ സാധിച്ചിട്ടില്ലെങ്കിൽ അത് വീഴ്ചയായിട്ടാണ് ഭൂരിപക്ഷവും കരുതുന്നത്.

**ഡോ. അലക്സ് ഫിലിപ്പ്,**
**കല്ലുവാതുക്കൽ**

❖



# മലങ്കരസഭാ വാർത്തകൾ

## കാതോലിക്കേറ്റ് ക്വിസ്

സഭാ ചരിത്രത്തെ ആധാരമാക്കിയുള്ള 4-ാമത് അഖില മലങ്കര കാതോലിക്കേറ്റ് ക്വിസ് മത്സരം ഡിസംബർ 11-ാം തീയതി 2 മണിക്ക് നെടുമാവ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ നടക്കും. പുതിയ നിയമം, മലങ്കരസഭാ ചരിത്രം, ആഗോള ക്രൈസ്തവ ചരിത്രം തുടങ്ങിയവയാണ് വിഷയം. വിജയികൾക്ക് ട്രോഫിയും ക്യാഷ് അവാർഡും നൽകുന്നതാണ്. 45 വയസിൽ താഴെയുള്ള ആർക്കും ടീമായി പങ്കെടുക്കാം.

വിശദ വിവരങ്ങൾക്ക്: ഫോൺ: 0481 – 2458075

## യുവതികൾക്ക് പ്രാതിനിത്യം

യുവജനപ്രസ്ഥാനത്തിന്റെ 69-ാം ദേശീയ സമ്മേളനത്തോടനുബന്ധിച്ചു നടന്ന ജനറൽ അസംബ്ലിയിൽ നിർദ്ദേശിച്ച ഭരണഘടന ഭേദഗതി 24-05-2005-ൽ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചു. അതനുസരിച്ച് ഇനി മുതൽ നമ്മുടെ എല്ലാ ഇടവകകളിലും 15-നും 40-നും മദ്ധ്യേ പ്രായമുള്ള യുവതികളേയും ഉൾപ്പെടുത്തി പ്രസ്ഥാനം ശക്തിപ്പെടുത്തണമെന്ന് പ. ബാവാ തിരുമേനിയുടെ കല്പനയിൽ അറിയിച്ചു.

## ബഥനിയും റീത്തു പ്രസ്ഥാനവും

ബഥനി ആശ്രമും റീത്തു പ്രസ്ഥാനവും എന്ന ഗ്രന്ഥം മലങ്കരസഭയിലെ എല്ലാ വിശ്വാസികളും വായിച്ചിരിക്കേണ്ടതാണ്.

മാതൃ സഭയായ മലങ്കരസഭയിൽ നിന്നു വിശ്വാസ ത്യാഗം നടത്തിയ റീത്തു നേതാക്കൾ സഭയുടെ നേർക്ക് സ്ഥാനത്തും ആസ്ഥാനത്തും കുറ്റാരോപണങ്ങൾ ഉന്നയിച്ച് നിരന്തരം ആക്ഷേപങ്ങൾ ഉന്നയിക്കുന്ന ഈ കാലയളവിൽ സത്യങ്ങൾക്ക് കോട്ടം തട്ടാതെയും ക്രൈസ്തവ ധാർമ്മികത നഷ്ടപ്പെടുത്താതെയും യഥാർത്ഥ വിവരങ്ങൾ വെളിച്ചത്തു കൊണ്ടുവരുന്നതിന് ആത്മാർത്ഥതയോടു മുതിർന്നു ശ്രീ. കെ. വി. മാമ്മൻ സഭ മുഴുവന്റെയും അഭിനന്ദനം അർഹിക്കുന്നു. റീത്തു പ്രസ്ഥാനത്തിന്റെ ഉൽഭാവവും അതു മലങ്കര സഭയ്ക്ക് വരുത്തിയിരിക്കുന്ന വിനാശവും വ്യക്തമാക്കുന്ന ഈ ഗ്രന്ഥം സഭാ മക്കൾ നേരറിയുവാൻ വേണ്ടി വായിച്ചിരിക്കണം.

222 പേജുള്ളതും 150 രൂപ വിലയുള്ളതുമായ പുസ്തകം ഇപ്പോൾ 100 രൂപക്കു ലഭിക്കുന്നതാണ്.

### തിരുത്ത്

കഴിഞ്ഞ ലക്കത്തിൽ ഒന്നാം കാതോലിക്കായെ വാഴിച്ച തീയതി തെറ്റായിട്ടാണ് കൊടുത്തിരിക്കുന്നത്. ശരിയായ തീയതി 1912 സെപ്റ്റംബർ 15 (ഒക്ടോ. 2005 പേജ് 7)

## അനുമോദനം

2005-ൽ 10-ാം ക്ലാസ് മുതൽ സർവ്വകലാശാലതലം വരെയുള്ള പൊതുപരീക്ഷകളിൽ റാങ്കുകൾ നേടിയ ഓർത്തഡോക്സ് സഭയിലെ വിദ്യാർത്ഥികളെ സഭാതലത്തിൽ അനുമോദിക്കുന്നതിന് ഒരു മെറിറ്റ് ഈവനിംഗ് നടത്തുന്നതാണ്.

എസ്.എസ്.എൽ.സിയ്ക്ക് 15 റാങ്കു വരെയും മറ്റു പരീക്ഷകൾക്ക് മൂന്നു റാങ്കു വരെയും പരിഗണിക്കും. വികാരിയുടെ സാക്ഷ്യ പത്രം സർട്ടിഫിക്കറ്റിന്റെ കോപ്പികൾ ഇവ സഹിതം സഭാ സെക്രട്ടറി, കാതോലിക്കേറ്റ് ഓഫീസ്, ദേവലോകം, കോട്ടയം-38 എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. നവംബർ 30-ാം തീയതി വരെ ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതാണ്.

## ഇടവക ദത്തെടുക്കുന്നു

വഞ്ചിത്ര മാർ ബസ്ഹാനനിയ ഇടവകയിലെ മാർ ഗ്രിഗോറിയോസ് യുവജന പ്രസ്ഥാനത്തിന്റെ പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി സഭയിലെ അവികസിത മേഖലയിലെ ഒരു ദേവാലയം ദത്തെടുക്കുന്നു.

വിശദ വിവരത്തിനും അപേക്ഷാ ഫോമിനും:- ഫാ. ടി. എ. ഇടയാടി, വികാരി, മാർ ബസ്ഹാനനിയ ഓർത്തഡോക്സ് ചർച്ച്, തെക്കേമല പി.ഒ., കോഴഞ്ചേരി-689 654

## പ്രൊഫ. ഇ. ജെ. ജോൺ കോ-ഓർഡിനേറ്റർ

ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ഉന്നതതല ദേശീയ കമ്മീഷൻ രൂപീകരിച്ചു. കോട്ടയം ആസ്ഥാനമാക്കി പ്രവർത്തിക്കുന്നതിന് കമ്മീഷന്റെ ഓണററി, കോ-ഓർഡിനേറ്ററായി പ്രൊഫ. ഇ. ജെ. ജോൺ നിയമിതനായി.

## ദേവാലയ കൂദാശ

ആസ്ട്രേലിയയിലെ സിഡ്നി വാട്ടിൽ ഗ്രോവിൽ പുതുതായി പണി കഴിപ്പിച്ച സെന്റ് തോമസ് ഇൻഡ്യൻ ഓർത്തഡോക്സ് പള്ളിയുടെ കൂദാശ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ് തിരുമേനിയുടേയും ഇടവക മെത്രാപ്പോലീത്താ ഡോ. യാക്കൂബ് മാർ ഐറേനിയോസ് തിരുമേനിയുടേയും പ്രധാന കാർമ്മികത്വത്തിലും മറ്റനേകം വൈദീകരുടേയും, സാന്നിധ്യത്തിലും നടത്തുന്നു. ഈ മാസം 12, 13 തീയതികളിൽ നടക്കുന്ന കൂദാശയിൽ കത്തോലിക്ക, ആംഗ്ലിക്കൻ, അർമ്മീനിയൻ, കോപ്റ്റിക്, മറ്റ് ഓർത്തഡോക്സ് സഭകൾ ഇവയുടെ മേലദ്ധ്യക്ഷന്മാരും, മാർത്തോമ്മാ, സി.എസ്.ഐ., സഭകളിലെ വൈദികരും, പൊതു പ്രവർത്തകരും സംബന്ധിക്കുന്നതാണ്.

കൂദാശയ്ക്കു ഒരുക്കങ്ങൾ പൂർത്തിയായി വരുന്നതായി വികാരി ഫാ. തോമസ് വർഗ്ഗീസ്, കൺവീനർ ഉമ്മൻ വർഗീസ് എന്നിവർ അറിയിച്ചു.

*Best Compliments from*

**SWISS TIME HOUSE**

**Near KSRTC Cross Road**
**Pathanamthitta**
**Ph: - 0468-2326301**

**INDIAN TIME HOUSE**

**Private Bus stand Road**
**Pathanamthitta**
**Ph: 0468-2327331**

Dealers in:
Watches, Clock, Timepiece, Calculator, Telephone, Mobile phone etc.

**........Sales & Service..........**

**WANTED**

**OPHTHALMOLOGIST**

St. Gregirios Balagram Eye Hospital, at Yacharam 50 km from Hyderabad, belonging to Orthdox Church of India, a modern and well-equipped 20 bedded eye hospital, set up in 2001 in partnership with L.V. Prasad Eye Istitute requires a fulltime ophthalmologist.

Candidate with MS or DO with experience in IOL microsurgery may apply immediately to

**The Manager**
**St. Gregorios Balagram**
**Yacharam P.O. R.R. District, A.P. PIN: 501 509**
Phone: 08414243234 or 9848096462
Website: www.providenceusa.com/balagram

## ഗിവ്സൈറ്റ് / ഗിവ് ലൈഫ് പ്രോജക്ട്

**സെന്റ് ഗ്രീഗോറിയോസ് മിഷൻ ഹോസ്പിറ്റൽ, പരുമല, മാന്നാർ. പിൻ 689 626, ഫോൺ: 0479–312266, 312465**

**ഗിവ്സൈറ്റ് പ്രോജക്ട്**

പരുമല സെന്റ് ഗ്രീഗോറിയോസ് മിഷൻ ആശുപത്രിയിലെ നേത്രചികിത്സ വിഭാഗവുമായി ബന്ധപ്പെട്ട് ആരംഭിച്ചതാണ് `Give Sight Project'.

സന്മനസ്സുള്ള ആർക്കും `Give Sight Project'–ൽ 1000/– (ആയിരം രൂപ) നല്കി അംഗമാകാം. ഇൻട്രാ ഓക്കുലർ ലെൻസ് (IOL) വച്ചുള്ള നൂതന ശസ്ത്രക്രിയ, പദ്ധതിയിൽ അംഗങ്ങളാകുന്നവരുടെ പേരിൽ ഒരു പാവപ്പെട്ട അന്ധന് ഞങ്ങൾ ചെയ്തുകൊടുക്കും. ഓപ്പറേഷൻ സംബന്ധിച്ച് വരുന്ന മറ്റ് ചിലവുകൾ ആശുപത്രി വഹിക്കും. നിങ്ങളുടെ സഹായത്താൽ കാഴ്ച ലഭിച്ച രോഗിയെ സംബന്ധിച്ച വിവരങ്ങൾ യഥാവസരം നിങ്ങളെ അറിയിക്കുന്നതാണ്.

**നേത്രചികിത്സാക്യാമ്പ്:** ക്രിസ്റ്റഫൽ ബ്ലൈൻഡൻ മിഷൻ, ജർമ്മനിയുടെ സഹായത്താൽ എല്ലാ വ്യാഴാഴ്ചകളിലും സൗജന്യ നേത്രചികിത്സാക്യാമ്പുകൾ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്. താല്പര്യമുള്ളവർ നേത്രചികിത്സാവിഭാഗവുമായി ബന്ധപ്പെട്ടാൽ സൗജന്യ നേത്രചികിത്സാക്യാമ്പുകൾ നടത്തികൊടുക്കുന്നതാണ്.

**ഗിവ് ലൈഫ് പ്രോജക്ട്:**

പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയോട് ചേർന്ന് ഒരു അത്യാധുനിക ലഹരിവിമുക്ത ചികിത്സാ കേന്ദ്രംകൂടി ആരംഭിച്ചിട്ടുണ്ട്. ലഹരി വസ്തുക്കൾക്ക് അടിമപ്പെടുക എന്നുള്ളത് ശാരീരികവും മാനസികവുമായ രോഗമാണ്. വിദഗ്ദ്ധചികിത്സയും കൗൺസലിംഗുംകൊണ്ട് ഈ രോഗത്തെ നിയന്ത്രണവിധേയമാക്കാവുന്നതാണ്. ലഹരിക്കടിമയായ ഒരാൾ രക്ഷനേടുമ്പോൾ ഒരു തലമുറയാണ് നന്നാവുന്നത്. ആസക്തി മൂലം സാമ്പത്തികമായി തകർന്ന ഒരാൾക്ക് ആശുപത്രിയിലെ ചികിത്സ ചിലവുകൾ വഹിക്കുവാൻ പ്രയാസമുണ്ട്.

തകർന്ന കുടുംബങ്ങളെ നേർവഴിക്ക് നടത്തുവാനുള്ള ഞങ്ങളുടെ പ്രയത്നത്തിൽ താങ്കൾക്കും പങ്കാളിയാകാം. ലഹരി വിമുക്ത ചികിത്സയ്ക്ക്, രണ്ടാഴ്ചത്തെ ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സയ്ക്കും മറ്റുമായിഏകദേശം 2500/– രൂപ ചിലവുവരും. സൈക്കോതെറാപ്പി കൗൺസലിംഗ് തുടങ്ങിയ മേഖലകളിൽ പ്രഗത്ഭരായ മനോരോഗ–മനഃശാസ്ത്ര വിദഗ്ദ്ധരുടെ സേവനം ഈ സെന്ററിൽ ലഭ്യമാണ്.

M.O. / D.D. / Cheque to Give Sight / Give Life Project C/o. Executive Officer, St. Gregorios Hospital, Parumala - 689 626

# സൺഡേസ്കൂൾ വാർത്തകൾ

ഫാ. റ്റി. ജെ. ജോഷ്വാ, ഡയറക്ടർ ജനറൽ

**ബഹറിൻ ഇടവകയിലെ സൺഡേസ്ക്കൂൾ :–** ഒരാഴ്ചത്തെ പരിപാടിക്കായി ബഹറിൻ ഇടവക സന്ദർശിക്കാൻ എനിക്കവസരമുണ്ടായി. ബഹറിൻ ഇടവകയിൽ സൺഡേസ്ക്കൂൾ വളരെ സജീവമാണ്. പക്വമതികളും പരിചയസമ്പന്നരും അഭ്യസ്ത വിദ്യരുമായ ഒരു വൃന്ദം അദ്ധ്യാപകർ നേതൃത്വം വഹിക്കുന്നു. പന്ത്രണ്ടാം ക്ലാസ്സിൽ, ബാഹ്യകേരള മേഖലയിൽ രണ്ടാം റാങ്കു കരസ്ഥമാക്കിയത് ഈ സൺഡേസ്ക്കൂളിൽ നിന്നായിരുന്നു. വികാരിയുടെ നേതൃത്വം മറ്റെല്ലാ കാര്യത്തിലുമെന്ന പോലെ സൺഡേസ്ക്കൂളിനും കാര്യമായി ലഭിക്കുന്നുണ്ട്. ഒ.വി.ബി.എസ്. പ്രോഗ്രാം കുട്ടികൾക്ക് വലിയ ആവേശമാണ്. പാട്ടുകൾ പഠിപ്പിക്കുവാൻ വർഷം തോറും ഒരു വൈദികനെ അവിടേക്കു നാട്ടിൽ നിന്നും ക്ഷണിക്കാറുണ്ട്.

**വാർഷികപ്പരീക്ഷ:–** അദ്ധ്യയന വർഷത്തിന്റെ അവസാനത്തിലേക്കു നാം വരികയാണ്. ഇനിയും അവശേഷിക്കുന്ന പ്രധാന പരിപാടി വാർഷിക പരീക്ഷയാണ്. പാഠങ്ങൾ പൂർത്തിയാക്കി, റിവിഷൻ നടത്തിയും, പ്രത്യേക ക്ലാസ്സുകൾ എടുത്തും വിദ്യാർത്ഥികളെ വാർഷികപ്പരീക്ഷയ്ക്കു സജ്ജമാക്കേണ്ടിയിരിക്കുന്നു. മാതാപിതാക്കൾ പരീക്ഷയെഴുതുവാൻ കുഞ്ഞുങ്ങളെ പ്രോത്സാഹിപ്പിക്കുകയും അതിനായി ഒരുങ്ങുന്നതിന് അവരെ സഹായിക്കുകയും വേണം.

പരീക്ഷയുടെ ദിവസവും സമയവുമെല്ലാം ചുമതലപ്പെട്ടവരെ നേരത്തേ തന്നെ അറിയിച്ചിട്ടുള്ളതാണ്. നവംബർ 20–ാം തീയതി ഞായറാഴ്ച 5 മുതൽ 9 വരെ ക്ലാസ്സുകളിലെയും, പതിനൊന്നാം ക്ലാസ്സിലെ ഫസ്റ്റ് പേപ്പറിന്റെയും പരീക്ഷ നടക്കും. നവംബർ 27–ാം തീയതി ഞായറാഴ്ച 1 മുതൽ 4 വരെ ക്ലാസ്സുകളിലെയും പതിനൊന്നാം ക്ലാസ്സിലെ സെക്കന്റ് പേപ്പറിന്റെ പരീക്ഷയും നടക്കും. പരീക്ഷാസമയം, ഉച്ചതിരിഞ്ഞ് കൃത്യം 2 മുതൽ 4 വരെ ആയിരിക്കും. സമയം കൃത്യമായി പാലിക്കുവാൻ അദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്. ചോദ്യക്കടലാസ്സുകൾ നേരത്തേതന്നെ നിശ്ചിത സ്ഥലത്തും സമയത്തും എത്തിക്കുന്നതാണ്. ചുമതലപ്പെട്ടവർ പതിവുപോലെ അത് ഏറ്റുവാങ്ങണം.

സെക്കുലർ സ്ക്കൂളുകളിൽ അനാശ്യാസങ്ങളായ പല കാര്യങ്ങളും ക്രമക്കേടുകളും പരീക്ഷയോടനുബന്ധിച്ച് കേൾക്കാറുണ്ട്. ചിലപ്പോൾ, അവയുടെ പ്രതിഫലനമെന്നോണം ചില ക്രമക്കേടുകൾ സൺഡേസ്ക്കൂളിലും ഉണ്ടായിട്ടുണ്ട്. എന്നാൽ അർപ്പണബോധവും, സത്യസന്ധതയും, ആത്മാർത്ഥതയും ജീവിതാനുഭവമാക്കുവാൻ അഭ്യസിപ്പിക്കുന്ന വേദിയാണ് സൺഡേസ്ക്കൂൾ. അവിടെ എല്ലാം കൃത്യമായും സത്യസന്ധമായും നടത്തേണ്ടിയിരിക്കുന്നു. ഇതൊരു ദൈവിക ശുശ്രൂഷയാണ്. പവിത്രമായ ഒരു ദൗത്യനിർവ്വഹണമാണ്. ഈ ബോധം അദ്ധ്യാപകരെ ഭരിക്കേണ്ടതും കുഞ്ഞുങ്ങളിൽ ജനിപ്പിക്കേണ്ടതുമത്രേ.

ഔട്ടർ കേരളാ റീജിയൻ – എന്ന പുതിയ മേഖല രൂപീകരിക്കപ്പെട്ടത് അവിടുത്തെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനാണ്. യൂണിറ്റ് രജിസ്ട്രേഷൻ, പരീക്ഷാ നിർവ്വഹണം, പാഠപ്പുസ്തക വിതരണം–മുതലായ കാര്യങ്ങളെപ്പറ്റി വ്യക്തമായ നിർദ്ദേശങ്ങൾ കേന്ദ്രത്തിൽ നിന്നു നൽകുന്നതാണ്. ആ മേഖലയിൽ സൺഡേസ്ക്കൂൾ ദിനമായി ഡിസംബറിൽ – യോഹന്നാൻ മാംദാനയുടെ ജനനത്തിന്റെ ഞായറാഴ്ച–നടത്തുവാൻ ക്രമീകരിക്കുന്നത് ആ ദിനത്തിലെ പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, ആ മേഖലയിലെ എല്ലാ സൺഡേസ്ക്കൂളുകളും ഉത്സാഹപൂർവ്വം പങ്കെടുക്കുന്നതിനുമാണ്. ആ പിരിവ് കേരളത്തിനു വെളിയിൽ ഇൻഡ്യക്കുള്ളിൽ ഉള്ള ഇടവകകളിൽ മാത്രമേ നടക്കുന്നുള്ളൂ. ഗൾഫ് മേഖലയിലും മറ്റുമുള്ള സൺഡേസ്ക്കൂളുകൾ പഴയ സംവിധാന പ്രകാരം പെന്തിക്കോസ്തി ഞായറാഴ്ച സൺഡേസ്ക്കൂൾ ദിനമായി ആചരിച്ച് പിരിവു നടത്തുകയും, ലഭിക്കുന്ന തുക കോട്ടയത്തുള്ള കേന്ദ്ര ഓഫീസിലേക്ക് അയയ്ക്കേണ്ടതുമാണ്. ❖

**ST. MARY'S EMBROIDERY WORKS**

**Palace Road, Changanacherry-686101, Kerala**

**Prop: SAJU CHACKO** ✆ 0481-2425444,
Res. 2724224, 2727788
(Mob.) 9447136388



**കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡിമെയ്ടും ലഭ്യമാണ്.**

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡിമെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു

"വിശ്വാസികളായി വാങ്ങിപ്പോയവർക്ക്
സ്വർഗ്ഗീയ ഊർശ്ലേമിൽ നല്ല ഓർമ്മ ഉണ്ടാകണമേ"

**25-ാം ചരമ വാർഷികം**

**2005 (നവംബർ 5)**



സി. ഇ. അലക്സാണ്ടർ

**ചുങ്കത്തിൽ പറമ്പിൽ**
**നെടുമാവ്,**
**വാഴൂർ, കോട്ടയം**

സന്തപ്ത കുടുംബാംഗങ്ങൾ

**50-ാം ചരമ വാർഷികം**

**2005 നവംബർ 21 (1131 വൃശ്ചികം 5)**

പിൻഗാമിയെ കണ്ട മുൻഗാമി
കാട്ടൂർ, തിരുമുറ്റം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി സ്ഥാപകൻ (1117-ൽ)



**ദിവ്യശ്രീ. മേപ്രാൽ കണിയാന്ത്ര
അലക്സാണ്ടർ കശ്ശീശ്ശാ.**

*"ഈ ആചാര്യന്നാശ്വാസം നൽകേണം നാഥാ
സിദ്ധന്മാരോടൊപ്പം നിത്യവാസം തന്നിൽ'*

By **കാട്ടൂർ - മഠത്തിലേത്ത് വി. റ്റി. ജോസഫ്
കത്തനാർ & കുടുംബം**

## ഗിവ്സൈറ്റ് പ്രോജക്ട് - കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.**

തിമിരംമൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സൈറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ 10L കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നു സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്വച്ചുള്ള ഓപ്പറേഷന് 1000 (ആയിരം) രൂപയും സാധാരണ ഓപ്പറേഷന് 500 (അഞ്ഞൂറു) രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ചനല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986-ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും, വൈസ് പ്രസിഡണ്ട് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുമാണ്. M.S. (ophthal) ബിരുദമുള്ള 4 വിദഗ്ദ്ധ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 968156.00- രൂപയുടെ സൗജന്യചികിത്സ, അർഹിക്കുന്നവർക്കായി നല്കുകയുണ്ടായി. 14574 ഓപ്പറേഷൻ ആകെ 2005 മാർച്ച് 31 വരെയുള്ള കാലത്ത് നടത്തിയതിൽ 4740-ഉം സൗജന്യമായിരുന്നു. അതുപോലെ ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 3394 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കാനും സാധിച്ചു.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യപ്രവൃത്തിയെന്ന നിലയിൽ **ഗിവ്സൈറ്റ് പ്രോജക്ടിലേക്ക്** സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A. അനുവാദവും ലഭിച്ചിട്ടുണ്ട്.
നിങ്ങളുടെ സംഭാവന ട്രഷറാർ, **ഗിവ്സൈറ്റ് പ്രോജക്ട്, M.O.S.C. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ. 673 591, വയനാട്, കേരള, ഇൻഡ്യ** എന്ന അഡ്രസ്സിൽ ചെക്ക്/ ഡി.ഡി./എം.ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

**ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)**



# പുതിയകാവ് സന്ധി : ആരാധനന ക്രമങ്ങൾ ഏകീകരിക്കുന്നു

**എം. കുര്യൻ തോമസ്**

### വൈദീക വിദ്യാഭ്യാസമെന്ന തന്ത്രം

ഒരേ കുടുംബത്തിൽനിന്നു തന്നെ തലമുറകളായി പട്ടക്കാരെ വാഴിക്കുന്ന പാരമ്പര്യമുള്ള മലങ്കരയിൽ കേന്ദ്രീകൃതമായ ഒരു വൈദീകപഠനപദ്ധതി നിലവിലില്ലായിരുന്നു. തങ്ങളുടെ ആശയപ്രചാരണത്തിന് ഉതകുന്ന നല്ലൊരുപാധി എന്ന നിലയിൽ ഇരുകൂട്ടരും വൈദിക വിദ്യാഭ്യാസത്തെ കണക്കാക്കി. നാടുകടത്തപ്പെട്ട മാർ ഈവാനിയോസ്, മാർ ബസേലിയോസ് ശക്രള്ള മഫ്രിയാന എന്നിവരുടെ ശിഷ്യനായി അന്ത്യോഖ്യൻ ക്രമം അഭ്യസിച്ച കാട്ടുമങ്ങാട്ടു കുര്യൻ കത്തനാർ മുളന്തുരുത്തിയിൽ വൈദീക വിദ്യാഭ്യാസം ആരംഭിച്ചു. 1761-ൽ മാർത്തോമ്മ അഞ്ചാമൻ ചെങ്ങന്നൂരിലും ശെമ്മാശന്മാരെയും പൈതങ്ങളെയും പഠിപ്പിച്ചു തുടങ്ങി.[68] ഈദൃശ പ്രവർത്തനങ്ങൾ കുറഞ്ഞൊരു കാലം കൊണ്ട് മലങ്കരയെ പ്രത്യക്ഷത്തിൽ തെക്കരെന്നും വടക്കരെന്നും രണ്ടു വിഭാഗമാക്കി.

### ശക്രള്ള മഫ്രിയാനയുടെ അന്ത്യോഖ്യവൽക്കരണം

വൈദീകരുടെ വേഷവിധാനത്തിലാണ് പാശ്ചാത്യ സുറിയാനിക്കാർ ആദ്യം കൈവച്ചത്. കത്തനാർമാർ തങ്ങളുടെ പട്ടമായി വളർത്തിയിരുന്ന തലമുടി ചിരപ്പിച്ച് വട്ടത്തൊപ്പി ധരിപ്പിച്ചു.[69] റോമൻ മേൽക്കോയ്മയുടെ കാലത്ത് നിലച്ചുപോയ വൈദിക വിവാഹം പുനഃസ്ഥാപിക്കലായിരുന്നു അടുത്തത്.[70] മാർ യാക്കോബിന്റെ കുർബാന തക്സ മലങ്കരയിൽ പ്രചരിപ്പിച്ചതും[71] ഇവരാണ്.

ഇദ്ദേഹത്തിന്റെ അന്ത്യകാലമായപ്പോഴേക്കും വടക്ക്-തെക്ക് ചേരിതിരിവ് രൂക്ഷമായി. വടക്കും തെക്കും രണ്ടു ക്രമങ്ങൾ നടപ്പായി എന്നും ഒരു പരിധിവരെ മാർത്തോമ്മാ മെത്രാന് വടക്കൻ ഇടവകകളിൽ സ്വാധീനം നഷ്ടമായെന്നും സൂചനകളുണ്ട്.[72] പാശ്ചാത്യ സുറിയാനി ക്രമങ്ങളുടെ പ്രചരണവും അതുവഴി ലബ്ധമാകുന്ന അധികാരവുമായിരുന്നു അന്ത്യോഖ്യരുടെ ലക്ഷ്യമെങ്കിൽ പകലോമറ്റം കുടുംബത്തിൽ മെത്രാൻസ്ഥാനം നിലനിർത്തുക എന്നതും കൽദായ ക്രമങ്ങൾ തുടരുക എന്നതുമായിരുന്നു മാർത്തോമ്മാ അഞ്ചാമന്റെ ലക്ഷ്യം.

1765-ൽ മാർത്തോമ്മാ അഞ്ചാമൻ കാലം ചെയ്തതിനെത്തുടർന്ന് സ്ഥാനമേറ്റ ആറാമത്തെ മാർത്തോമ്മാ മെത്രാൻ രണ്ടായി പിളർന്നുകൊണ്ടിരുന്ന മലങ്കരയെ ഏകീകരിക്കുവാൻ ഒരു ത്യാഗത്തിനു തയാറായി. അതിന്റെ ഫലമായി ഇദ്ദേഹം മാർ ദീവന്നാസ്യോസ് എന്ന പേരിൽ പരദേശി മെത്രാൻമാരായ മാർ ഗ്രീഗോറിയോസ്, മാർ ഈവാനിയോസ് ഇവരുടെ കാർമ്മികത്വത്തിൽ മെത്രാപ്പോലിത്താ ആയി സ്ഥാനാരോഹണം ചെയ്തു.[73] ഈ സംഭവം പോലും ആരാധനാചാരങ്ങളിൽ പാശ്ചാത്യ സുറിയാനി രീതിയിലുള്ള മാറ്റങ്ങൾ വരുത്തിയില്ല എന്ന് പിൽക്കാല ചരിത്രത്തിൽ നിന്നും വ്യക്തമാണ്.

മാർ ഈവാനിയോസ് യൂഹാനോൻ ഈ സംഭവത്തിനുശേഷം മാർ ദീവന്നാസ്യോസിന്റെ സഹായകനായി മാറി. മാർ ഗ്രീഗോറിയോസാകട്ടെ ഈ സ്ഥാനാരോഹണംകൊണ്ട് തൃപ്തനായില്ല. അദ്ദേഹം 1772 വൃശ്ചികം 17-നു പാശ്ചാത്യ സുറിയാനി ക്രമങ്ങളിൽ മല്പാനായിരുന്ന കാട്ടുമങ്ങാട്ട് കുര്യൻ കത്തനാരെ മാർ കൂറിലോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. അപ്പോഴേയ്ക്കും പാശ്ചാത്യ സുറിയാനി പക്ഷപാതികൾക്ക് വ്യക്തമായ മുൻതൂക്കം ലഭിച്ചിരുന്ന കൊച്ചിരാജ്യത്തെ ഇടവകകൾ അദ്ദേഹത്തെ ഭരണാധികാരിയായി അംഗീകരിച്ചു.[74] മറ്റു പല കാരണങ്ങൾ പറയുന്നുണ്ടെങ്കിലും താൻ ഉദ്ദേശിച്ചതുപോലെ അന്ത്യോഖ്യൻ അധീശത്വവും ക്രമങ്ങളും പൂർണ്ണമായി അംഗീകരിക്കുന്ന ഒരു മെത്രാൻ സ്ഥാനം സൃഷ്ടിക്കുക എന്നതായിരുന്നു ഈ വാഴ്ചയ്ക്കു പിന്നിൽ മാർ ഗ്രീഗോറിയോസിന്റെ ഉദ്ദേശ്യം.

സന്ധിവ്യവസ്ഥകൾ ലംഘിച്ച് തനിക്കെതിരായി വാഴിക്കപ്പെട്ട ബദൽ മെത്രാൻ മാർ ദീവന്നാസ്യോസിനെ ക്ഷുഭിതനാക്കി. മാർ ഈവാനിയോസ് യൂഹാനോനും അദ്ദേഹത്തോടു യോജിച്ചു. 1774 മിഥുനം 22ന് കണ്ടനാട്ടുവച്ച് ഇവർ കാട്ടുമങ്ങാട്ട് മാർ കൂറിലോസിനെ വടിയും മുടിയും വയ്പിച്ചു.[75] ഇത്

മാർ ദീവന്നാസ്യോസിന്റെ വിജയമായിരുന്നു. മാർ കൂറിലോസിനെയും സഹോദരനേയും വെട്ടിക്കൽ നിന്ന് അദ്ദേഹത്തിന്റെ ശിഷ്യനായ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ കുന്നംകുളത്തിനു കൊണ്ടുപോയി. മാർ ശക്രുള്ള മഫ്രിയാനയിൽനിന്നും മുളന്തുരുത്തിയിൽവച്ച് പാശ്ചാത്യ സുറിയാനി ക്രമം അഭ്യസിച്ചിരുന്ന ഇട്ടൂപ്പ് കത്തനാർ[76] പിൽക്കാലത്ത് അവയുടെ ശക്തനായ പ്രചാരകനായി. അടുത്ത ഒരു ദശാബ്ദക്കാലം കൊണ്ട് മലങ്കരയിൽ പാശ്ചാത്യ സുറിയാനി ക്രമത്തിനു പ്രചുര പ്രചാരമായി.

ക്രമേണ വന്ന ഈ മാറ്റം മാർ ദീവന്നാസ്യോസും അംഗീകരിച്ചു. അദ്ദേഹവും മാർ ഈവാനിയോസിൽ നിന്നും പുത്തൻകാവിൽ വെച്ച് പാശ്ചാത്യ സുറിയാനി ക്രമം അഭ്യസിച്ചു തുടങ്ങി.[77]

### പുതിയകാവ് സന്ധി

മലങ്കരയുടെ, പാശ്ചാത്യ സുറിയാനി ആരാധനാ രീതിയിലേയ്ക്കുള്ള അതിപ്രധാനമായ ചുവടുവയ്പായിരുന്നു 1788-ൽ മാവേലിക്കര പുതിയകാവ് പള്ളിയിൽ വച്ച് വലിയ മാർ ദീവന്നാസ്യോസും മാർ ഈവാനിയോസും തമ്മിൽ ഉണ്ടാക്കിയ ഉടമ്പടി. ഈ ഉടമ്പടി പ്രകാരം *പുത്തൻ ക്രമം നമസ്കാരവും പട്ടം കെട്ടുകയും കാപ്പയിട്ടു കുർബാന ചൊല്ലുകയും പെൺകെട്ടും മാമ്മോദീസയും പഴയക്രമപ്രകാരം നടന്നു കൊള്ളത്തക്കവണ്ണവും* ഒരു പടിയോല എഴുതി.[78]

പടിയോലയിൽ പറയുന്ന പുത്തൻ ക്രമം പാശ്ചാത്യ സുറിയാനി ക്രമവും പഴയക്രമം കൽദായ ക്രമവുമാണ്. കൽദായ പാരമ്പര്യപ്രകാരം വളരെ വിശേഷപ്പെട്ട ദിവസങ്ങളിലൊഴികെ കാപ്പയ്ക്കു പകരം *മാപ്ര* എന്ന ചെറിയ തിരുവസ്ത്രം ധരിച്ചാണ് പട്ടക്കാർ കുർബാന ചൊല്ലിയിരുന്നത്.[79] ഈ പതിവു മാറ്റി പാശ്ചാത്യ സുറിയാനി രീതിയിൽ എല്ലാ കുർബാനയ്ക്കും കാപ്പ ധരിക്കണമെന്നതാണ് ഈ പടിയോലയിലെ ഒന്നാമത്തെ തീരുമാനം.

പട്ടംകൊട ശുശ്രൂഷയും നമസ്കാരവും പാശ്ചാത്യ സുറിയാനി രീതിയിലാക്കിയപ്പോൾ വിവാഹവും മാമോദീസായും കൽദായ ക്രമ പ്രകാരം തുടരാൻ പുതിയകാവ് പടിയോല അനുവദിച്ചു. ഈ ഉടമ്പടിയെ തുടർന്ന് മാർ ദീവന്നാസ്യോസിന്റെ പിൻഗാമിയാകേണ്ട മാത്തൻ കത്തനാരെ മാർ ഈവാനിയോസ് പഠിപ്പിച്ചു.[80]

*മാർ ദീവന്നാസ്യോസ് പട്ടക്കാരെയും ശെമ്മാശന്മാരെയും പഠിപ്പിക്കുന്നതിന് ഉത്സാഹിക്കുകയും കുർബാന തക്സ നമസ്കാര ക്രമം, മെമ്മറാകൾ മുതലായി ശീലമുള്ള കുഞ്ഞുങ്ങളെക്കൊണ്ട് സുറിയാനിയിലും മലയാളത്തിലും എഴുതിച്ചു പരത്തുന്നതിനു ഉദ്യോഗിക്കുകയും ചെയ്തിരുന്നു.*[81] എന്ന് ഇട്ടൂപ്പ് റൈട്ടർ രേഖപ്പടുത്തിയിരിക്കുന്നു. ഈ പരാമർശം മുഖവിലയ്ക്കെടുക്കുകയാണെങ്കിൽ രണ്ടു സംഗതികൾ അംഗീകരിക്കണം. ഒന്ന്, മാർ ദീവന്നാസ്യോസിന്റെ ശ്രമഫലമായിട്ടാണ് പല നമസ്കാരങ്ങളുടെയും കുർബാന തക്സയുടെയും മലയാള പരിഭാഷ ഉണ്ടായത്. രണ്ട്, പാശ്ചാത്യ സുറിയാനി ക്രമങ്ങൾ പ്രചരിപ്പിക്കേണ്ടുന്ന -അതായത് അവ നിലവിലില്ലാത്ത - അവസ്ഥയായിരുന്നു അന്നുണ്ടായിരുന്നത്. ഇതിൽ രണ്ടാമത്തെ വസ്തുത മറ്റു തെളിവുകളാൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

മാർ ദീവന്നാസ്യോസ് വേദപുസ്തക പരിഭാഷയിൽ കാണിച്ച ഉത്സാഹവും നേതൃത്വവും അദ്ദേഹത്തിന് തർജ്ജമയിലുള്ള താത്പര്യം വെളിവാക്കുന്നുണ്ട്.[82] ഈ പശ്ചാത്തലത്തിൽ ഫാ. ജോസഫ് ചീരാൻ സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമന്റേത് എന്നവകാശപ്പെടുന്ന കുർബാനക്രമ പരിഭാഷയും കോനാട്ട് അബ്രഹാം മൽപ്പാൻ ഒന്നാമൻ (1780–1865) കോട്ടയത്തു സെമിനാരിയിൽ വെച്ച് 1815–ൽ എഴുതിയ പരിഭാഷയും മാർ ദീവന്നാസ്യോസ് ഒന്നാമന്റെ കാലത്തു പരിഭാഷപ്പെടുത്തിയ മൂലത്തിൽ നിന്നല്ലേയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. അന്ന് അപ്രകാരം തർജ്ജമ ചെയ്യുവാൻ ഏറ്റവും സാദ്ധ്യതയുള്ള വ്യക്തി കായംകുളം പീലിപ്പോസ് റമ്പാനായിരുന്നു. പീലിപ്പോസ് റമ്പാന്റെ സുറിയാനി–മലയാള ഭാഷാസ്വാധീനവും വേദശാസ്ത്ര പാണ്ഡിത്യവും തെളിയിക്കുന്ന സുവിശേഷ പരിഭാഷ കൂടാതെ മറ്റു കൃതികൾ സമീപകാലത്ത് കണ്ടെടുത്തിട്ടുണ്ട്. കോനാട്ട് മൽപ്പാന്റെ തർജമ കുർബാന ക്രമം (ജനവും ശുശ്രൂഷകരും ചൊല്ലേണ്ടത്) മാത്രമാണ്. അതിന്റെ വിശദ വിവരങ്ങൾ പിന്നാലെ ചേർത്തിട്ടുണ്ട്.

തച്ചിൽ മാത്തുത്തരകന്റെ പീഡയുടെയും തുടർന്നുള്ള കുഴച്ചിലുകളുടെയും കാലത്ത് പാശ്ചാത്യ സുറിയാനി ക്രമം ശക്തമായി പ്രചരിക്കുകയായിരുന്നു. തിരുവിതാംകൂറിൽ നിന്നും കൊച്ചിയിൽ നിന്നും ബഹിഷ്കൃതനായ കാട്ടുമങ്ങാട്ട് മാർ കൂറീലോസിന്റെ സഹോദരൻ രണ്ടാമത്തെ മാർ കൂറിലോസ് 1795 മുതൽ മുളന്തുരുത്തി, വെട്ടിക്കൽ മുതലായ പള്ളികളിൽ താമസിച്ച് വൈദിക വിദ്യാഭ്യാസം നൽകി.[83] എന്നത് വർദ്ധിച്ചുവന്ന പാശ്ചാത്യ സുറിയാനി ആഭിമുഖ്യത്തിന്റെ തെളിവായി കണക്കാക്കാം.

### തുടരുന്ന കൽദായ പാരമ്പര്യം

1788 ലെ പുതിയകാവു സന്ധി കൽദായ പാരമ്പര്യത്തിന്റെ അവസാനത്തിന്റെ ആരംഭമായി കണക്കാക്കാം. വടക്കുനിന്ന് തെക്കോട്ടേയ്ക്ക് അടുത്ത ഒരു ദശാബ്ദം കൊണ്ട് പാശ്ചാത്യ സുറിയാനി പാരമ്പര്യം കൽദായ പാരമ്പര്യത്തെ തള്ളിനീക്കി പ്രചരിച്ചു. വലിയ മാർ ദീവന്നാസ്യോസിന്റെ അന്ത്യകാലത്തും മാർത്തോമ്മാ ഏഴാമന്റെ കാലത്തും ഭൂരിപക്ഷവും പാശ്ചാത്യ സുറിയാനി ക്രമങ്ങളായി മാറി എങ്കിലും ചില കൽദായ പാരമ്പര്യങ്ങൾ നിലനിന്നു. 1808 ഏപ്രിൽ 10–നു ഓശാന ഞായറാഴ്ച പുത്തൻകാവു പള്ളിയിൽ നടത്തിയ *അടച്ചുതുറ* എന്ന ചടങ്ങ് കൽദായ പാരമ്പര്യത്തിലുള്ളതാണ്.[84] വലിയ മാർ ദീവന്നാസ്യോസിന്റെ കബറടക്കം നടത്തിയത് കഷ്ടാനുഭവാഴ്ചയിലെ ചൊവ്വാഴ്ച (12–4–1808) വി. കുർബാന ചൊല്ലിയാണ്. അന്നേ ദിവസം കുർബാന ചൊല്ലുക എന്നത് പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽ നിഷിദ്ധവും കൽദായ പാരമ്പര്യത്തിൽ അനുവദനീയവുമാണ്.[85] ഒരു പക്ഷേ തച്ചിൽ മാത്തുത്തരകന്റെ പീഡയിലവസാനിച്ച റോമാവൽക്കരണ ശ്രമത്തിൽ നിന്നും രക്ഷ നേടാനായി പാശ്ചാത്യ സുറിയാനി ക്രമങ്ങൾ ഈ കാലഘട്ടത്തിൽ ബോധപൂർവ്വം പ്രചരിപ്പിച്ചു എന്നു വിചാരിക്കുന്നതിലും യുക്തിഭംഗമില്ല. കാരണം റോമാ സുറിയാനിക്കാർ അന്നുപയോഗിച്ചിരുന്ന ക്രമങ്ങളും നസ്രാണികളുടെ കൽദായക്രമവും തമ്മിലുള്ള വിടവ് നാമമാത്രമായിരുന്നു. ആ വിടവ് വർദ്ധിപ്പിക്കാനും അതുവഴി റോമൻ അധിനിവേശം ദുർഘടമാക്കാനും ബോധപൂർവ്വമായ ശ്രമം നടന്നതായി സംശയിക്കണം.

### കുറിപ്പുകൾ

*68.തോമസ്*, Op. Cit., *p 90; 69.ഇട്ടൂപ്പ് റൈട്ടർ*, -Op. Cit., *p 129; 70.തോമസ്*, Op. Cit., *p 89; 71.(എ) ജോൺസ് ഏബ്രഹാം കോനാട്ട്, Rev.Fr.*മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ ആരാധനാ സാഹിത്യവും ഭാഷയും (ലേ.), *Orthodox Theological Seminary 175th Second Souvenir,*. കോട്ടയം, *1990. (ബി) പൗളിനോസ് പാദ്രി*, -Op. Cit., *p 12; 72.തോമസ്*, Op. Cit., *pp 89-90 ; 73.Cherian,*Op. Cit., *p 55; 74.വർഗ്ഗീസ് കശ്ശീശ, K.C.*, മലബാർ സ്വതന്ത്ര സുറിയാനി സഭാചരിത്രം, *കുന്നകുളം, p 31; 76.ചീരൻ,ഫാദർ ജോസഫ്,*പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്, *കുന്നകുളം,1992, pp 53-4,73; 77.തോമസ്*, Op. Cit., *p 97; 78.തോമസ്*, Op. Cit.,*p 97; 79. Mar Aprem,*Sacraments..., *p 57; 80.തോമസ്*, Op. Cit., *p 97; 81. ഇട്ടൂപ്പ് റൈട്ടർ*, Op. Cit., *p 134; 82.ഡേവിഡ്,ഫാ.കെ.*, മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം, *കോട്ടയം,1852, p 77; 83.ചീരൻ. ഫാ.*, Op. Cit., *pp 789; 84.റാഫേൽ വട്ടക്കുഴി കോർ എപ്പിസ്കോപ്പ,*കുർബാനാ മിത്രം,*തൃശ്ശൂർ 1990, pp 85-6; 85. Letter to the present auther by Rev. P.K. Varghese dated 29-11-94.*


*Best Compliments from*

**VEE KAY ELECTRICALS**

**Thattavara Complex, Ring Road**

**St. Peter's Jn, Pathanamthitta**

**Ph: - 0468-2270126**

Dealers in:
Various types of Cables, Fan's, Swich Gears, ELCV's, MCV's & Fancy Fittings of Leading Companies

***Quality Items available at reasonable prices***

*ആശംസകളോടെ!!!*



**ജയിംസ് ഓമല്ലൂർ**

**(ശ്രുതി കോട്ടയം) നയിക്കുന്ന**

**ഭക്തി ഗാനമേള/ക്വയറുകൾ**

**0468 - 2228316, 0479 - 2374378**

**Mob. 9447454472**







# ഞായർദിന ചിന്തകൾ

**നവംബർ 13**

**സ്കറിയായോടുള്ള അറിയിപ്പിന്റെ ഞായർ**

**വി. ലൂക്കോ. 1:1–25**

'അഹറോനും അദ്ദേഹത്തിന്റെ സന്തതികൾക്കും ദൈവം പൗരോഹിത്യ ശുശ്രൂഷ ഭരമേല്പിച്ചിരുന്നു. ദാവീദ് രാജാവിന്റെ കാലത്ത് പുരോഹിതന്മാരുടെ കൂട്ടത്തെ 24 ഗണങ്ങളായി വിഭജിക്കുകയും ഓരോ ഗോത്രക്കാരും തവണ അനുസരിച്ച് ദേവാലയ ശുശ്രൂഷ നിർവ്വഹിക്കുവാൻ ക്രമീകരിക്കുകയും ചെയ്തു. അതിൽ എട്ടാമത്തെ ശക്തിയായിരുന്ന അബിയായുടേത് (1 ദിന. 24–ാം അദ്ധ്യായം). അബിയാ ഗോത്രത്തിൽ സ്കറിയ മൂപ്പനായിരുന്നു. സഖറിയാ പുരോഹിതന്റെ ദീർഘകാല പ്രാർത്ഥനാ ജീവിതത്തിന് ഉത്തരം ലഭിച്ച ദിവസമാണ് ഇന്ന് (ലൂക്കോ. 1:13).

**1. നീതിയുള്ളവരും കുറ്റമില്ലാത്തവരുമായ ദമ്പതിമാർ**

യഹൂദ പാരമ്പര്യത്തിൽ സന്തതിസൗഭാഗ്യം ലഭിക്കാതിരുന്നാൽ ശാപഗ്രസ്തർ എന്നു ഗണിക്കപ്പെട്ട് നിന്ദയ്ക്കും പരിഹാസത്തിനും ഇരയായിത്തീരുക പതിവാണ്. 'ദൈവസന്നിധിയിൽ ഇരുവരും നീതിയുള്ളവരും കർത്താവിന്റെ സകല കല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരായി നടക്കുന്നവരും ആയിരുന്നു. 'ദൈവത്തിന് ഹിതകരവും പ്രസാദകരവുമായ ഏറ്റം ശ്രേഷ്ഠമായ ജീവിതം നയിച്ചിരുന്ന ദമ്പതിമാർ ശാപഗ്രസ്തരുടെ പട്ടികയിൽ വന്നത് വിരോധാഭാസമായിത്തോന്നാം. മറ്റൊരു ഉദാഹരണം നോക്കുക. എല്ലാ ദോഷ സ്വഭാവങ്ങളിൽ നിന്ന് അകന്ന് ജീവിച്ച യാക്കോബിന്റെ പന്ത്രണ്ട് മക്കളിൽ ഒരുവനായ യോസഫിന് എന്തെല്ലാം പീഡകൾ സഹിക്കേണ്ടിവന്നു. 'നിന്റെ കുടുംബത്തിന്റെയും അനേകായിരങ്ങളുടെയും നന്മയ്ക്കും രക്ഷയ്ക്കുമായി നിനക്കെതിരായി ഗൂഢാലോചന നടക്കും–അതു മൂലം നീ അനുഗൃഹീതനായിത്തീരും എന്നു യോസേഫിനോട് ആരെങ്കിലും പറഞ്ഞാൽ ആ യുവാവ് അന്ന് അത് വിശ്വസിക്കുമോ? നീതി നിറഞ്ഞ ജീവിതത്താലും കുറ്റമില്ലാത്ത നടപടികളാലും ദീർഘക്ഷമയോടും പ്രത്യാശയോടും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. ദൈവത്തിന്റെ മഹാകരുണയാൽ വൃദ്ധ ദമ്പതികൾ ശക്തിയെ പുതുക്കി. അഹറോന്റെ വടി തളിർത്തു പൂത്ത് ബദാംഫലം കായിച്ചു (സംഖ്യ. 17:8)' ഇതാ അഹറോന്റെ പാരമ്പര്യത്തിൽ സഖറിയ–ഏലിസബേത്ത് ദമ്പതികളുടെ ജീവിതത്തിലേക്ക് അതിശയപൂർവ്വം ദൈവം കടന്നു വരുന്നു നിർജ്ജീവമായതിനെ സജീവമാക്കാൻ ദൈവത്തിനു കഴിയും. മനുഷ്യന്റെ ദൃഷ്ടിയിൽ അസാദ്ധ്യമായത് സുസാദ്ധ്യമായിത്തീരും. ഈ ദമ്പതികളുടെ വിവാഹ ജീവിതത്തിന്റെ ആദ്യ വർഷങ്ങളിൽതന്നെ ഒരു കുഞ്ഞ് ജനിച്ചിരുന്നെങ്കിൽ ആ കുട്ടി യേശുവിന്റെ മുന്നോടി ആയി അറിയപ്പെടുമായിരുന്നുവോ?

> **കൃപയാൽ നിറയപ്പെട്ടവൾ നന്മയും, സന്തോഷവും യഥാർത്ഥമായ സംതൃപ്തിയും മറ്റുള്ളവർക്ക് പകർന്നു കൊടുക്കുവാൻ ചലിക്കുന്നു. നന്മയും കരുണയും ഉള്ളവർ സ്വാർത്ഥ താല്പര്യം കൂടാതെ മറ്റുള്ളവരുടെ ആവശ്യങ്ങൾക്ക് മുൻഗണന കൊടുക്കുന്നു.**



കഴിഞ്ഞ ഒരു വർഷക്കാലം 'മലങ്കരസഭ' മാസികയിൽ ധ്യാനപംക്തി എഴുതി നൽകിയിരുന്നത് വൈദിക സെമിനാരി അദ്ധ്യാപകനായ വന്ദ്യ ഡോ. മാത്യു ബേബി അച്ചനായിരുന്നു. മനുഷ്യ ഹൃദയങ്ങളുടെ ഉള്ളിൽ പ്രവേശിച്ച് അനുതാപത്തിന്റെയും ആത്മീയ ആനന്ദത്തിന്റെയും വിത്തുകൾ വിതറിയ വന്ദ്യ അച്ചനോടുള്ള നന്ദിയും സ്നേഹബഹുമാനങ്ങളും മാന്യവായനക്കാർക്കു വേണ്ടി അറിയിക്കുന്നു. മർക്കോസ് ജോസഫ് അച്ചനാണ് അടുത്ത ലക്കം മുതൽ ധ്യാനപംക്തി എഴുതുന്നത്. ബഹു. അച്ചന്റെ തൂലിക മനുഷ്യ മനസ്സിനു സാന്ത്വനം നൽകട്ടെ എന്ന് ആശംസിക്കുന്നു. – പത്രാധിപർ.

Best Complimets From

THE SILK ARCADE at AIYAPPAS

PATHANAMTHITTA
Ph: 0468-2271111
Fax: 0468-2271333

KOTTAYAM
Ph: 0481-2562287

ജെം ടെസ്റ്റിംഗ് ലബോറട്ടറി നൽകുന്ന സർട്ടിഫിക്കറ്റോടുകൂടിയ നക്ഷത്ര കല്ലുകൾ

പത്തനംതിട്ട പാലത്ര ഫാഷൻ ജുവലേഴ്സിലെ പ്രത്യേക രത്ന കളക്ഷൻ കൗണ്ടറിൽ ജെം ആൻഡ് ജൂവലറി എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ നൽകുന്ന സർട്ടിഫിക്കറ്റോടുകിയ നക്ഷത്ര കല്ലുകൾ ലഭ്യമാണ്.

പാലത്ര ഫാഷൻ ജ്വലേഴ്സ്

PALATHRA GROUP

ഹെഡ്പോസ്റ്റാഫീസിന് സമീപം
പത്തനംതിട്ട ഫോൺ: 2222517

പുനലൂർ, ആലപ്പുഴ
ചേർത്തല, തോപ്പുംപടി

### 2) സംശയവും ശിക്ഷയും

വളരെ ദൈവാശ്രയമുണ്ടായിരുന്ന പുരോഹിതനായ സഖറിയാവ് സംശയിക്കുവാൻ പാടില്ല. ദൈവത്തിന്റെ ദർശനം, വെളിപ്പാട്, ശബ്ദം ഇവ തിരിച്ചറിഞ്ഞ് പ്രതികരിക്കുവാനുള്ള ശക്തി പുരോഹിതനിൽ നിക്ഷിപ്തമായിരുന്നേ മതിയാവൂ. സൽഗുണങ്ങളാലും സുകൃതങ്ങളാലും അലങ്കരിക്കപ്പെട്ടിരിക്കുന്ന ഈ ദമ്പതികളെ ദൈവം വളരെ സ്നേഹിച്ചിരുന്നു. ദൈവം സ്നേഹിക്കുന്നവരേയും കരുതി പരിപാലിക്കുന്നവരേയും ശിക്ഷിക്കും നിസാര കന്യകയായ മറിയാം മാലാഖയുടെ വെളിപാടിൽ, നിന്റെ വാക്കു പോലെ എനിക്ക് ഭവിക്കട്ടെ' എന്നു പറഞ്ഞ് നാവിനെ ചലിപ്പിച്ചപ്പോൾ പുത്രൻ തമ്പുരാൻ അവളിൽ ഉരുവായി. പുരോഹിതനായ സഖറിയാ സംശയത്തിന്റെ നിഴൽ പരത്തിയതിനാൽ വന്ധ്യയുടെ ഗർഭപാത്രം സജീവമായിത്തീരാൻ ആ നാവ് മൗനിയായി. നമ്മുടെ ജീവിതത്തിലെ ആദ്ധ്യാത്മികമായ വന്ധ്യത ഇല്ലാതാക്കുവാൻ വിശ്വാസത്തോടുകൂടിയ നിരന്തരമായ പ്രാർത്ഥനയും ദീർഘക്ഷമയോടുകൂടിയ കാത്തിരിപ്പും നമുക്ക് ആവശ്യമായിരിക്കുന്നു. 'എന്റെ ദൈവം ജീവനുള്ളവനാണ് ഒരു ദിവസം അവൻ പ്രത്യക്ഷനാകും' എന്ന സംശയമില്ലാത്ത ദൃഢവിശ്വാസം നമുക്കും ഉണ്ടായിരിക്കണം. മനുഷ്യ ജീവിതത്തിൽ പ്രത്യാശ മരിക്കാൻ ഇടയാകരുത്.

**നവംബർ 20**

**ദൈവമാതാവിനോടുള്ള വചനിപ്പിന്റെ ഞായറാഴ്ച**

**ലൂക്കോ. 1:26-38**

ഒരു വർഷത്തിൽ രണ്ടു ദിവസങ്ങളിൽ ഈ പെരുന്നാൾ നാം ആഘോഷിക്കുന്നു. "ഒൻപതു മാസം നിന്നെ വഹിച്ച മാതാവ്" എന്ന പ്രസ്താവനയുടെ സാക്ഷാത്ക്കാരത്തിനായി മാർച്ച് 25-ാം തീയതി കൃത്യമായി വചനിപ്പും, ഡിസംബർ 25-ാം തീയതി ജനനപ്പെരുന്നാളും നാം കൊണ്ടാടുന്നു. നവംബർ - ഡിസംബർ മാസങ്ങളിൽ യേശു ക്രിസ്തുവിന്റെ ജനനപ്പെരുന്നാളിനോട് വളരെ ബന്ധപ്പെട്ടു വരുന്ന വേദഭാഗങ്ങൾ ഏവൻഗേല്യോൻ വായനയ്ക്കായും ക്രമീകരിച്ചിരിക്കുന്നു.

### ഒരു സദ് വാർത്ത

പൈശാചിക വർഗ്ഗവുമായുള്ള ഏറ്റുമുട്ടലിൽ യുദ്ധക്കളത്തിൽ നട്ടം തിരിഞ്ഞിരുന്ന മനുഷ്യ വർഗ്ഗത്തിന് ഒരു രക്ഷകൻ ജനിക്കുന്ന മംഗള വാർത്തയാണ് ഇന്നത്തെ ചിന്താവിഷയം. മനുഷ്യകുലത്തിനുള്ള വിജയത്തിന്റേയും സന്തോഷത്തിന്റേയും വാർത്തയാണ് ഗബ്രിയേൽ ദൂതൻ വിളംബരം ചെയ്തത്.

### കന്യകാ ജനനം

ഭാര്യാഭർത്താക്കന്മാർ വിവാഹ ജീവിതത്തിൽ, ഇല്ലാത്ത ഒന്നിന് ജന്മം നൽകുന്നു അനാദികാലം മുതൽ കാലവ്യത്യാസം കൂടാതെ പിതാവിനോടു കൂടി സ്ഥിതി ചെയ്തിരുന്ന ത്രിത്വത്തിൽ രണ്ടാമനായ പുത്രൻ തമ്പുരാനെ ജനിപ്പിക്കുവാൻ യോസേഫിനും, മറിയാമിനും സാദ്ധ്യമല്ല. പരിശുദ്ധാത്മാവിന്റെ ആവാസത്താലും ശക്തിയാലും കന്യകയിൽ ഇമ്മാനുവേൽ ഉരുവായി. അത്യുന്നതന്റെ പുത്രൻ എന്ന് അവൻ വിളിക്കപ്പെടും (ലൂക്കോസ് 1:32).

### ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിക്കുക.

കുശവന്റെ കൈകളിലെ കളിമണ്ണാണ് നാം. നാം നമ്മെത്തന്നെ പരിപൂർണ്ണമായി വിനയത്തോടുകൂടി 'അഹം' ചിന്തകൂടാതെ സമർപ്പിച്ചാൽ മഹത്വമുള്ള, മാനമുള്ള, തേജസ്സുള്ള പാത്രമായി നമ്മെ മെനയും. മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ മാതാവായിത്തീരുവാനുള്ള ഭാഗ്യം മറിയാമിനു ലഭിച്ചു. ആദിമാതാവായ ഹവ്വാ സർപ്പത്തിന്റെ വചനങ്ങൾ ശ്രവിച്ചു. അവന്റെ ദുരുപദേശങ്ങളോട് സഹകരിച്ചു. കന്യകമറിയാം സർപ്പത്തിന്റെ തലയെ ചതയ്ക്കുവാൻ ദൈവത്തിന്റെ ഒരു ഉപകരണമായി പ്രവർത്തിച്ചു. മനുഷ്യ രക്ഷയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ പ്രവർത്തനങ്ങൾക്ക് നാം അവന്റെ കൈകളിലെ ഉപകരണമായിത്തീരണം. നമ്മുടെ സ്വാതന്ത്ര്യത്തെ ദൈവം മാനിക്കുന്നു. ദൈവഹിതത്തിന് നാം വിധേയപ്പെടണം. ദൈവത്തിന്റെ തിരുവിഷ്ടം നിറവേറ്റുന്നതായിരിക്കട്ടെ നമ്മുടെ സൗഭാഗ്യകരമായ അനുഭവം.

കന്യകമറിയാമിന്റെ വിശുദ്ധിയും വെടിപ്പും താഴ്മയും സൗമ്യതയും ദൈവത്തിന് ഇറങ്ങി വസിക്കുവാനുള്ള മൺകൂടാരത്തിന്റെ യോഗ്യതകളായി നാം മനസ്സിലാക്കണം. ഈ നശ്വരമായ മൺകൂടാരത്തിന് യഥാർത്ഥമായ മഹത്വവും പുകഴ്ചയും ലഭിക്കണമെങ്കിൽ പരിശുദ്ധാത്മാവ് നമ്മിലും ആവസിക്കണം. കൃപയാൽ നിറയ്ക്കപ്പെടണം. ലോകത്തിന്റെ കളങ്കങ്ങളിൽ നിന്ന് ഒഴിഞ്ഞ് വിശുദ്ധിയിൽ നിലനിൽക്കണം. ദൈവദൃഷ്ടിയിൽ എത്രയോ ഉന്നതമായ സ്ഥാനമാണ് കന്യകമറിയാമിന് ലഭിച്ചത്. ദൈവത്തിന്റെ ഏകജാതന് മാതാവായിത്തീരുവാനുള്ള സ്വർഗ്ഗീയമായ തെരഞ്ഞെടുപ്പും വിളിയും എത്രയോ ശ്രേഷ്ഠമായത്!!

**നവംബർ 27**

**എലിശബേത്തിന്റെ അടുക്കലേക്കുള്ള കന്യക മറിയാമിന്റെ യാത്ര**

**ലൂക്കോ. 1:39-56**

#### 1. യാത്രാ ലക്ഷ്യങ്ങൾ

സേവനം, ശുശ്രൂഷ, സർവ്വശ

ക്തൻ ചെയ്ത വൻ കാര്യങ്ങളെക്കുറിച്ചുള്ള പരസ്പര ആശയവിനിമയം, ആദിയായ വ്യക്തമായ ലക്ഷ്യങ്ങളോടു കൂടിയാണ് മറിയാം യാത്രതിരിച്ചത്. സ്നേഹം പുതുക്കുവാനുള്ള സ്വകാര്യ സന്ദർശനമല്ല. ദോഷത്തിനും തിന്മയ്ക്കും കൂട്ടുനിൽക്കാനോ, പാപത്തിൻമേൽ പാപം വർദ്ധിപ്പിക്കുവാനോ അല്ല. കൃപയാൽ നിറയപ്പെട്ടവൾ നന്മയും, സന്തോഷവും യഥാർത്ഥമായ സംതൃപ്തിയും മറ്റുള്ളവർക്ക് പകർന്നു കൊടുക്കുവാൻ ചലിക്കുന്നു. നന്മയും കരുണയും ഉള്ളവർ സ്വാർത്ഥ താല്പര്യം കൂടാതെ മറ്റുള്ളവരുടെ ആവശ്യങ്ങൾക്ക് മുൻഗണന കൊടുക്കുന്നു. മൂന്നുമാസത്തെ ശുശ്രൂഷയാൽ എലിശബേത്തിന് വളരെ ആശ്വാസം ലഭിച്ചിരിക്കണം.

പുതിയ അനുഭവങ്ങൾ പങ്കുവയ്ക്കാൻ കണ്ടെത്തിയ വിശ്വസ്തതയും, നിർമ്മല മനസ്സാക്ഷിയുമുള്ള ചാർച്ചക്കാരത്തിയാണ് എലിശബേത്ത്. മറിയാമിന്റെ ഗർഭധാരണവിവരം യോസേഫിനോടുപോലും പറയുവാൻ സാദ്ധ്യമല്ലാത്ത അവസ്ഥാവിശേഷം. എലിശബേത്തും വാർദ്ധക്യകാലത്ത് ഗർഭവതിയായത് ഒരു രീതിയിൽ ചിന്തിച്ചാൽ അസാധാരണവും, പ്രകൃതിസ്വഭാവങ്ങൾക്ക് അതീതവും, ദൈവശക്തിയുടെ വ്യാപാരത്താലുമാണ്. മറിയാമിന്റെ ജീവിതത്തിലും അതിലുപരിയായതും അതുല്യവുമായ ദൈവ വെളിപ്പാടാണ് സംഭവിച്ചിരിക്കുന്നത്. പരസ്പരമുള്ള കൂടിക്കാഴ്ച വളരെ അർത്ഥഗർഭമാണ്.

നമ്മുടെ ജീവിതത്തിലെ ആകുലചിന്തകൾ ചിന്താഭാരങ്ങൾ, അലട്ടുന്ന ജീവിത പ്രശ്നങ്ങൾ ഇവ മറ്റൊരാളോടു മറകൂടാതെ സംസാരിച്ച് യഥാർത്ഥ സമാധാനം വീണ്ടെടുക്കേണ്ടതാണ്. ദൈവകൃപ ലഭിച്ച ഈ രണ്ടു സ്ത്രീരത്നങ്ങളുടെയും സംഭാഷണ വിഷയം ദൈവീകമായതുമായിരുന്നു.

**2) പരിശുദ്ധാത്മാവിന്റെ സ്വരം തിരിച്ചറിയുക**

എലിശബേത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി ഉച്ചരിച്ച വാക്കുകൾ ശ്രദ്ധിക്കുക. അതു മറുഭാഷയല്ല, ലിപികളില്ലാത്ത ഭാഷയുമല്ല. സ്പഷ്ടമായും, വ്യക്തമായും, ആർക്കും വിവേചിച്ച് അറിയുവാൻ പ്രയാസമില്ലാത്തതുമായ വാക്കുകളാണ്. 1) സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ 2) എന്റെ കർത്താവിന്റെ മാതാവ് എന്റെ അടുക്കൽ വരുവാനുള്ള മാനം എനിക്കെവിടെ നിന്ന് കിട്ടി! കന്യകമറിയാമിനെ ചപ്പും, ചവറുമായി എണ്ണി, കൊടുക്കേണ്ട മാനവും, പുകഴ്ചയും നൽകാതിരുന്നാൽ അത് പരിശുദ്ധാത്മാവിനെ ദൂഷിക്കുന്നതിന് തുല്യമാണ്. പരിശുദ്ധാത്മാവിനെതിരായി ദൂഷണം പറയരുത്.

മറിയാമിന്റെ വാക്കുകൾ പ്രത്യേകം ശ്രദ്ധേയമാണ്. "എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും. എന്തെന്നാൽ ശക്തനായവൻ വലിയ കാര്യങ്ങൾ പ്രവർത്തിച്ചിരിക്കുന്നു...." മറിയാം അഹങ്കാരമുള്ളവളായി പറഞ്ഞ വാക്കുകളല്ല ഇത്. ദൈവം നൽകിയ പുകഴ്ചയും മാനവും നാം അംഗീകരിച്ചാൽ മതി.

> **യോഹന്നാൻ മാംദാനയുടെ ജനനത്തിന്റെ ഞായറാഴ്ച**
>
> **ലൂക്കോ. 157-80**

സഖര്യാവ് - ദൈവത്തെ ഓർക്കുന്നവൻ

യൂഹാനോൻ-ദൈവത്തിന്റെ കരുണയാൽ ജനിച്ചവൻ

സഖര്യാവ് ദൈവത്തെ ഓർത്തു പ്രാർത്ഥിച്ചതുകൊണ്ടാണ് ദൈവം കരുണ തോന്നി വാർദ്ധക്യത്തിൽ ഒരു മകനെ നൽകിയത്. അവൻ ദൈവപുത്രനായ യേശുക്രിസ്തുവിന്റെ മുന്നോടി ആയിത്തീർന്നു.

വഴി ഒരുക്കുന്നവൻ: - ലോകപ്രകാരം വഴി ഒരുക്കുവാനും, നിരപ്പാക്കുവാനും, യാത്രയ്ക്ക് അനുയോജ്യമാക്കിത്തീർക്കുവാനും പല ലക്ഷങ്ങൾ മുടക്കിയാൽ മതിയാകും.

യോഹന്നാന്റെ വഴിഒരുക്ക് മനുഷ്യഹൃദയങ്ങളിലാണ്. ദൈവത്തെ സ്വീകരിപ്പാൻ തക്കവണ്ണം ഒരുക്കപ്പെട്ടവൾ ആയിരുന്നു കന്യകമറിയാം ദീർഘകാലമായി ഇസ്രയേൽ ജാതി ആർക്കുവേണ്ടി നോക്കിപ്പാർത്തിരുന്നുവോ ആ ദാവീദ് പുത്രനാണ് യേശു എന്ന വിളംബരവും, ആ ലോകരക്ഷിതാവിനെ ഹൃദയം കൊണ്ട് അംഗീകരിച്ച്. സ്വീകരിക്കുവാനുള്ള മാനസികമായഒരു കുഞ്ഞിനു വേണ്ടിയുള്ള ആഹ്വാനവുമാണ് യോഹന്നാൻ മുഴക്കിയത്. ദോഷ സ്വഭാവങ്ങളിൽനിന്ന് സുകൃതങ്ങളിലേക്ക് മനം തിരിഞ്ഞ് നന്മ നിറഞ്ഞ ഫലങ്ങളാൽ നിറയുവാൻ അദ്ദേഹം ആവശ്യപ്പെടുന്നു. മാനസാന്തരഭാവങ്ങളിൽക്കൂടി ദൈവത്തെ കൂടുതലായി സ്നേഹിക്കുവാനും, പാപസ്വഭാവത്തെ വെറുക്കുവാനും മനുഷ്യജാതിക്ക് സാധിക്കണം. യേശുക്രിസ്തുവിനെ മനുഷ്യജാതിക്ക് ചൂണ്ടിക്കാണിപ്പാൻ യോഹന്നാൻ മാംദാനയ്ക്ക് സാധിച്ചു.

**ഈ പൈതൽ എന്ത് ആകും? ആര് ആയിത്തീരും?**

സഖര്യാവ് പരിശുദ്ധാത്മാവ് നിറഞ്ഞവനായി ഉച്ചരിച്ചു. "നീയോ പൈതലേ അത്യുന്നതന്റെ പ്രവാചകൻ എന്ന് വിളിക്കപ്പെടും" ദൈവത്തിന്റെ കരുണയാൽ നമുക്ക് ലഭിക്കുന്ന മക്കളെക്കുറിച്ചുള്ള നമ്മുടെ താല്പര്യവും എപ്രകാരമാണ്. സാമൂഹ്യ ജീവിതത്തിൽ ഉന്നത സ്ഥാനം ആഗ്രഹിക്കുന്നതിൽ തെറ്റില്ല. എന്നാൽ ഈ ലോകത്തിൽ ആരായിരുന്നാലും ദൈവതിരുസന്നിധിയിൽ അന്യൻ ആയിത്തീരരുത്. "ഞാൻ നിന്നെ അറിയുന്നില്ല എന്ന കൈപ്പായ ശബ്ദം കേൾക്കുവാൻ ഇടയാകരുത്." മക്കൾക്ക് ജന്മം നൽകുന്ന ദമ്പതിമാർ ദൈവത്തിനും സഭയ്ക്കും ലോകത്തിനും പ്രയോജനമുള്ള മക്കളായി വളർത്തുവാനുള്ള ബാദ്ധ്യതയും കൂടി ഏറ്റെടുക്കണം.

**പൈതൽ വളർന്നു ആത്മാവിൽ ബലപ്പെട്ടു.**

ഓരോ കുഞ്ഞിന്റെയും വളർച്ചയിൽ മാതാവും പിതാവും ജാഗരൂകരാണ്. രാവും പകലും കഷ്ടപ്പെടുവാൻ സന്മനസ്സുള്ളവർ, അതിനുവേണ്ടി വിളിക്കപ്പെട്ടവർ, ശാരീരികവും ബുദ്ധിപരവുമായ വളർച്ചയിൽ നിതാന്ത ജാഗ്രത പുലർത്തുന്നവർ താല്പര്യവും, ആവേശവും, ആവശ്യബോധവുമുള്ളവർ, ആത്മീക വിഷയങ്ങളിൽ കുഞ്ഞ് അനുദിനം വളരുവാൻ ഉത്സാഹിക്കാറുണ്ടോ? ശ്രദ്ധിക്കാറുണ്ടോ? ആദ്ധ്യാത്മീക വളർച്ചയിൽ മാത്രം തളർന്നുപോയാൽ ദൈവസന്നിധിയിൽ എങ്ങനെ നിവർന്നു നില്ക്കും! ദൈവത്തിനു വേണ്ടിയും സമൂഹത്തിലെ തിന്മയ്ക്കെതിരെയും ശബ്ദം ഉയർത്തുവാനുള്ള ശക്തി നാം പ്രാപിക്കേണ്ടിയിരിക്കുന്നു.

(ഫാ. സോളമൻ ഒ.ഐ.സി. 1994, മലങ്കരസഭ)


*For Favours Received*



**Jose Kurian & Family**
**Kottayam-4**

*For Favours Received*



**K. M. Thomas & Family**
**Baroda**

**Best Compliments From**

**HOTEL HILL ROCK**
**Pathanamthitta,**
**College Jn.**
**Pathanamthitta-689645**
**TEL. 0468 - 2326509**

For Boarding & Loadging

**Best Compliments From**

**AJANTA**
**DIGITAL STUDIO**
**Opp. KSRTC, Pathanamthitta**
**TEL. 04682 222344, 9447053238**

10 മിനിറ്റിനുള്ളിൽ
40 ഫോട്ടോയും നിങ്ങളുടെ ഫോട്ടോവച്ച
കലണ്ടറും വെറും 100 രൂപയ്ക്ക്

*Best Compliments from*

# GLOREE

**AMALGAMATION**
**Churulikode P.O.**
**Pathanamthitta 689 668, Ph: 0468 2320560**
**Head Office**
**Cheruthuruthy P.O., Thrissur**
**Mob.: 94471 20657, Fax: 0487 2203483**
**e-mail: gloreeamalgamation@rediffmail.com**

***Dealers of:***
**Vertified Tiles, Ceramic Wall & Floor Tiles, Porceline Tiles, Sanitarywares, PVC Pipes & Fittings, C.P. Fittings, Water Heaters, Water Tanks, Kitchen Zinks etc.**

പ. പരുമലതിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്
10 വർഷത്തെ പ്രവർത്തന പാരമ്പര്യവുമായി

## ഏയ്ഞ്ചൽ ബ്യൂട്ടി പാർലർ

**മാർക്കറ്റ് റോഡ്, കോന്നി**
ഫോൺ: 0468 - 2341357, 2326370

ബ്യൂട്ടീഷൻ: **ഷേർലി സജി**

ആശംസകൾ......

## കുളത്തൂർ പെയിന്റ് ഏജൻസീസ്

**മുസ്ലീംപള്ളി റോഡ്,**
**പത്തനംതിട്ട-689645**
**ഫോൺ: 0468 - 2321290**

**ഏഷ്യൻ പെയിന്റിന്റെ അംഗീകൃത ഏജൻസി**

## MATRIMONIAL

Orthodox Parents from Bikanir Rajastan Invite proposals fro their son 28 years/ 5'11" height, MBA working with Insurance Company, from parents of qualified girls in North India or Working Nursus in U.K., Australia & U.S.A.

Contact :
**9414138280 or 01512527298**



## മാർ ഗ്രിഗോറിയോസ് മെമ്മോറിയൽ
# മുത്തൂറ്റ് മെഡിക്കൽ സെന്റർ

**കോഴഞ്ചേരി, ഫോൺ:- 0468 - 2314000**
**പത്തനംതിട്ട ഫോൺ:- 0468 - 2324000**

### സൂപ്പർ സെപ്ഷ്യാലിറ്റി വിഭാഗങ്ങൾ
● കാർഡിയോളജി ● ന്യൂറോളജി ● നെഫ്രോളജി ● ന്യൂറോ സർജറി ● ഗ്യാസ്ട്രോ എന്ററോളജി ● യൂറോളജി

### സ്പെഷ്യാലിറ്റി വിഭാഗങ്ങൾ
● ജനറൽ മെഡിസിൻ ● ജനറൽ ആന്റ് ലാപ്രോസ്കോപിക് സർജറി ● ഗൈനക്കോളജി (ജനറൽ ആന്റ് ലാപ്രോസ്കോപിക്) ● ഓർത്തോ പീഡിക്സ് ● പീഡിയാട്രിക്സ് ● ഇ. എൻ. ടി. ● ഡർമറ്റോളജി ● ഒഫ്ത്താൽമോളജി ● സൈക്യാട്രി ● പതോളജി ● അനസ്തേഷ്യോളജി ● റേഡിയോളജി ● മാക്സിലോ ഫേഷ്യൽ സർജറി.

### മറ്റു വിഭാഗങ്ങൾ
● ഫാർമസി ● ലബോറട്ടറി ● ഫിസിയോ തെറാപ്പി ● ഡയറ്ററി ● ബ്ലഡ് ബാങ്ക്.

### ചികിത്സാ സൗകര്യങ്ങൾ
● അത്യാഹിത വിഭാഗം ● കാർഡിയോളജി ● ന്യൂറോളജി ● ന്യൂറോസർജറി എന്നിവയ്ക്ക് പ്രത്യേക തീവ്ര പരിചരണ വിഭാഗങ്ങൾ ● സ്പൈറൽ സി. റ്റി. സ്കാൻ ● അൾട്രാ സൗണ്ട് ● റ്റി. എം. ടി. ● എക്കോ ● ഇ. ഇ. ജി. ● ഇ. എം. ജി. ● എൻഡോസ്കോപ്പി ● ഡയാലിസിസ് ● ഓഡിയോമെട്രി ● സ്പൈറോമെട്രി ● ലിതോട്രിപ്സി ● ത്രോം ബോലിറ്റിക് തെറാപ്പി ● സ്റ്റേപ്ലർ ഹെമറോയ്ഡെക്ടമി ● കാൻസർ സർജറി ● FESS (ഇ. എൻ. ടി. സർജറി) ● ഒഫ്താൻ മോളജിക്കൽ മൈക്രോ സർജറി ● എൻഡോസ്കോപിക് ആന്റ് മൈക്രോ സ്കോപിക് ന്യൂറോ സർജറി ● ഗൈനക്കോളജിയിൽ ടി. വി. ടി. സൗകര്യം

### സ്പെഷ്യൽ ക്ലിനിക്കുകൾ
● ഡയബറ്റിക് ക്ലിനിക്
● സ്പൈൻ ക്ലിനിക്
● ഹെഡ് ഇഞ്ചുറി ക്ലിനിക്
● കിഡ്നി - ഹൈപ്പർ ടെൻഷൻ ക്ലിനിക്

### വിവിധ ഹെൽത്ത് ചെക് - അപ് പാക്കേജുകൾ

**കോളേജ് ഓഫ് നേഴ്സിംഗ്,**
**സ്ക്കൂൾ ഓഫ് നേഴ്സിംഗ്,**
**കോളേജ് ഓഫ് അലൈയ്ഡ് ഹെൽത്ത് സയൻസസ്**

## മുത്തൂറ്റ് MRI സ്കാൻ സെന്റർ, തിരുവല്ല

G.K. Muthoot Speciality Clinics, **തിരുവല്ല**
(● Proctology Clinic ● Breast Clinic ● Key hole surgery Clinic)

**അപകടങ്ങളിലും അത്യാഹിതങ്ങളിലും പെടുന്നവർക്കായി**
**24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ലൈൻ - 0468 3955539**

Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2003-05
THE MALANKARA SABHA, CATHOLICATE OFFICE, KOTTAYAM-686 038

GOLD • DIAMONDS • BIRTHSTONES
JOSCO
FASHION JEWELLERS
PATHANAMTHITTA, PH:0468-2270555




**THIRUVANANTHAPURAM**, East Fort Ph: 0471-2472922; **KOTTAYAM**, Rajeev Gandhi Shopping Complex Ph: 0481 - 2303555, K. K. Road Ph: 0481-2564825, Kalarickal Bazar Ph:0481-2562783; **KOCHI** M.G. Road, Ph: 0484-2353295; **THRISSUR**, High Road Ph: 0487-2420011; **PALAKKAD**, G.B. Road, Ph: 0491-2524500; 2534500; Opening Shortly **KOLLAM**; Palace Road, Thrissur.

e-mail: joscoekm@yahoo.co.in, Website: www.joscogroup.com

PRINTED AND PUBLISHED BY FR. T.A. EDAYADI FOR ORTHODOX VISWASA PARIPALANA SAMITHY, KOTTAYAM.
PRINTED AT MAYUR PRINTERS, KOTTAYAM FOR CATHOLICATE PRESS KOTTAYAM-38; CHIEF EDITOR FR. DR. JOHN PANICKER. RS. 7/-